ഭാരതത്തിന്റെ ആദ്ധ്യാത്മികജ്ഞാനവും സാംസ്കാരികപൈതൃകവും പരിപോഷിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന മഹദ്ഗ്രന്ഥങ്ങൾ, അവയുടെ മൂല്യവും വ്യക്തതയും ഒട്ടും ചോർന്നുപോകാതെതന്നെ, നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പരിരക്ഷിക്കുകയും ജിജ്ഞാസുകൾക്ക് സൗജന്യമായി പകർന്നുകൊടുക്കുകയും ചെയ്യുക എന്ന ശ്രേയസ് ഫൗണ്ടേഷന്റെ ലക്ഷ്യ സാക്ഷാത്കാരമാണ് ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറി.

ഗ്രന്ഥശാലകളുടെയും ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെയും വ്യക്തികളുടെയും സഹകരണത്തോടെ കോർത്തിണക്കിയിരിക്കുന്ന ഈ ഓൺലൈൻ ലൈബ്രറിയിൽ അപൂർവ്വങ്ങളായ വിശിഷ്ടഗ്രന്ഥങ്ങൾ സ്കാൻചെയ്ത് മികവാർന്ന ചെറിയ പി ഡി എഫ് ഫയലുകളായി ലഭ്യമാക്കിയിരിക്കുന്നു. ഇവ കമ്പ്യൂട്ടറിലോ പ്രിന്റ് ചെയ്തോ എളുപ്പത്തിൽ വായിക്കാവുന്നതാണ്.

ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയിൽ ലഭ്യമായ ഗ്രന്ഥങ്ങൾ വ്യക്തിപരമായ ആവശ്യങ്ങൾക്കുവേണ്ടി സൗജന്യമായി ഉപയോഗിക്കാവുന്നതാണ്. എന്നാൽ വാണിജ്യപരവും മറ്റുമായ കാര്യങ്ങൾക്കായി ഇവ ദുരുപയോഗം ചെയ്യുന്നത് തീർച്ചയായും അനുവദനീയമല്ല.

ഈ ഗ്രന്ഥശേഖരത്തിന് മുതൽക്കൂട്ടായ ഈ പുണ്യഗ്രന്ഥത്തിന്റെ രചയിതാവിനും പ്രകാശകർക്കും നന്ദി രേഖപ്പെടുത്തുന്നു.

ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയെക്കുറിച്ചും ശ്രേയസ് ഫൗണ്ടേഷനെക്കുറിച്ചും കൂടുതൽ വിവരങ്ങൾ അറിയാനും പ്രവർത്തനങ്ങളിൽ പങ്കാളിയാകാനും ശ്രേയസ് വെബ്സൈറ്റ് സന്ദർശിക്കുക.

http://sreyas.in

ശ്രീ

# ലളിതാസഹസ്രനാമം.

(പദങ്ങളുടെ ലഘുവിവരണം.)

വ്യാഖ്യാതാവ് :

റാവുസാഹേബ് കെ. പി. ഗോവിന്ദമേനോൻ,

(ഡിപ്പ്യൂട്ടി കലക്ടർ).

# ശ്രീ

# ലളിതാസഹസ്രനാമം.

(പദങ്ങളുടെ ലഘുവിജ്ഞാനം.)

വ്യാഖ്യാതാവ്:

റാവുസാഹേബ് കെ. പി. ഗോവിന്ദമേനോൻ,

(ഡിപ്യൂട്ടി കലക്ടർ.)

പ്രസാധകന്മാർ :-

കെ. ആർ. ബ്രദേർസ്,

കോഴിക്കോട്.

ഒന്നാം പതിപ്പ്
കോപ്പി 1000
1953

പകർപ്പവകാശം:
പ്രസാധകന്മാർക്ക്.

വില 1—0—0.

ശ്രീ.

ശ്രീമത്ത്രിപുരസുന്ദര്യൈ ലളിതാംബികായൈ നമഃ

# ലളിതാസഹസ്രനാമം

## പദങ്ങളുടെ ലഘുവിവരണം.

ഓം=പരബ്രഹ്മം

1. ശ്രീമാതാ=ശ്രീ ജഗദംബാ—ശ്രീ എന്നതു് ബ്രഹ്മവാചി—ജഗത്തു മുഴുവൻ ഉണ്ടായതു് മായയിൽ നിന്നാകയാൽ അമ്മസ്ഥാനം ഉചിതം. സാധാരണമാതാക്കന്മാർ തങ്ങളുടെ കുട്ടികളുടെ ദുഃഖത്തെ തീർത്ത് ഹിതത്തെ ചെയ്യുന്നതുപോലെ സകലവിധസംസാരദുഃഖങ്ങളിൽനിന്നും ഭക്തന്മാരെ രക്ഷിച്ചു് ഗുണത്തെ ചെയ്യുന്ന ജഗന്മാതാ.
2. ശ്രീമഹാരാജ്ഞീ=പ്രപഞ്ചത്തിലുള്ള ഈ സകലജീവികളേയും പാലനംചെയ്യുക നിമിത്തം മഹാരാജ്ഞി—ശ്രീ ബ്രഹ്മവാചി.
3. ശ്രീമത്സിംഹാസനേശ്വരീ= പ്രപഞ്ചസാമ്രാജ്യലക്ഷ്മിയോടെ ശോഭിച്ചുകൊണ്ടു് സിംഹത്തിന്മേൽ ഇരുന്നരുളിയ ഭഗവതി. മഹിഷാസുരവധത്തിൽ സിംഹാരൂഢയായിരുന്ന ദേവി.
4. ചിദഗ്നികുണ്ഡസംഭൂതാ= ചിദഗ്നികുണ്ഡത്തിൽ നിന്നു് പ്രാദുർഭവിച്ച രൂപത്തോടുകൂടിയവൾ.

ചിദഗ്നികുണ്ഡം=ഭണ്ഡാസുരപീഡിതന്മാരായ ദേവ ന്മാർ ദേവീപ്രസാദം ലഭിക്കേണ്ടതിന്നു ഹോമിക്കു വാൻവേണ്ടി നിർമ്മിച്ചതായ ഹോമകുണ്ഡം—ഇ തിൽ ദേവന്മാർ സ്വദേഹ മാംസങ്ങളാൽ ഹോമി ച്ചുവെന്നും ഹോമകുണ്ഡത്തിൽനിന്നു അസുരവ ധോപയുക്തമായ രൂപത്തോടെ ദേവി ആവിർഭ വിച്ചുവെന്നും ഐതിഹ്യം.

5. ദേവകാര്യസമുദ്യതാ = ദേവകളുടെ കാര്യസിദ്ധിക്കു വേണ്ടി ആവിർഭവിച്ചവറാ—ദേവകാര്യം ഭണ്ഡാ സുരമഹിഷാസുരവധാദി.

6. ഉദ്യത്ഭാനുസഹസ്രാഭാ=ഉദിച്ചു വരുന്ന ആയിരം സൂ ര്യന്മാരുടെ ശോഭപോലെ ശോഭയുള്ളവറാ— ഭാനുസഹസ്രം= ആയിരം സൂര്യന്മാർ.

7. ചതുർബ്ബാഹുസമന്വിതാ=നാലു തൃക്കയ്യുകളോടു കൂടി യവറാ.

8. രാഗസ്വരൂപപാശാഢ്യാ= കാമമാകുന്ന ചിത്തവൃ ത്തിയുടെ സ്ഥൂലചിഹ്നമായ പാശത്തെ ധരി ച്ചവറാ—പാശം=ഇടത്തുഭാഗത്തു മേലെയുള്ള തൃക്കയ്യിൽ ധരിച്ച ആയുധം.

9. ക്രോധാകാരാങ്കുശോജ്ജ്വലാ=ക്രോധമാകുന്ന ചിത്തവൃ ത്തിയുടെ സ്ഥൂലചിഹ്നമായ അങ്കുശത്താൽ ശോഭിച്ചവറാ. അങ്കുശം=മേലെയുള്ള വലത്തെ തൃക്കയ്യിൽ ധരിച്ച ആയുധം.

10. മനോരൂപേക്ഷുകോദണ്ഡാ=മനസ്സിന്റെ സ്ഥൂലചി

ഹനമായ കരിമ്പുവില്ല് ധരിച്ചവറ. കോദണ്ഡം= മീതെയുള്ള എടത്തെ തൃക്കയ്യിൽ ധരിച്ച ആയുധം.

11. പഞ്ചതന്മാത്രസായകാ=പഞ്ചതന്മാത്രകളുടെ സ്വരൂപചിഹ്നമായ ബാണത്തെ ധരിച്ചവറ. പഞ്ചതന്മാത്രകറ=ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം, എന്നീ അഞ്ചു ഗുണങ്ങറ ക്രമേണ ആകാശാദി പഞ്ചഭൂതങ്ങറക്കുള്ളവ. സായകം=മീതെയുള്ള വലത്തെ തൃക്കയ്യിൽ ധരിച്ച ആയുധം.

12. നിജാരുണപ്രഭാപൂരമജ്ജൽ ബ്രഹ്മാണ്ഡമണ്ഡലാ=തന്റെ രക്തവൎണ്ണമായ ശോഭയുടെ പ്രവാഹത്തിൽ മുങ്ങിയിട്ടുള്ള ബ്രഹ്മാണ്ഡസമൂഹങ്ങളോടു കൂടിയവറ—സകലബ്രഹ്മാണ്ഡങ്ങളും രക്തവൎണ്ണമായി പ്രകാശിക്കുവാൻ തക്ക ശോഭയുള്ളതാണ് ശ്രീദേവിയുടെ ദേഹവൎണ്ണം എന്നൎത്ഥം.

13. ചമ്പകാശോകപുന്നാഗസൌഗന്ധികലസൽകചാ= ചമ്പകം, അശോകം, പുന്നാഗം, സൌഗന്ധികം എന്നീ പുഷ്പങ്ങളാൽ ശോഭിച്ചിരിക്കുന്ന തലമുടിയോടു കൂടിയവറ. ഈ വക പുഷ്പങ്ങറ തലമുടിയിൽ ധരിച്ചിരിക്കുന്നു എന്നൎത്ഥം.

14. കുരുവിന്ദമണിശ്രേണീകനൽകൊടീരമണ്ഡിതാ=പത്മരാഗരത്നത്തിന്റെ നിരകളാൽ ശോഭിക്കുന്നതായ കിരീടത്താൽ അലങ്കരിക്കപ്പെട്ടവറ=പ

ത്മരാഗക്കല്ലുവെച്ച കിരീടം ധരിച്ചിരിക്കുന്നു എന്നൎത്ഥം.

15. അഷ്ടമീചന്ദ്രവിഭ്രാജദളികസ്ഥലശോഭിതാ= അഷ്ടമീചന്ദ്രാകാരമായി വിളങ്ങുന്ന നെററിത്തടത്താൽ ശോഭിച്ചവൾ. നെററിത്തടം=അൎദ്ധചന്ദ്രാകാരവും ശോഭയും ഉള്ളതാണെന്നൎത്ഥം.

16. മുഖചന്ദ്രകളങ്കാഭമൃഗനാഭിവിശേഷകാ=ചന്ദ്രങ്കൽ കളങ്കം എന്നപോലെ ചന്ദ്രതുല്യമുഖത്തിൽ കസ്തൂരീതിലകത്തോടു കൂടിയവൾ. കസ്തൂരീതിലകം ധരിച്ചിരിക്കുന്നു എന്നൎത്ഥം.

17. വദനസ്മരമാംഗല്യഗൃഹതോരണചില്ലികാ = കാമദേവന്റെ മാംഗല്യഗൃഹമാകുന്ന മുഖത്തിന്ന് തോരണമായിരിക്കുന്ന പുരികക്കൊടികളോടു കൂടിയവൾ. തോരണം=കമാനാകൃതിയിലുള്ള പടിവാതിൽ. തോരണം ഗൃഹത്തിന്നലങ്കാരമായിരിക്കും പോലെ പുരികക്കൊടികൾ മുഖത്തിന്ന് അലങ്കാരമാണ് എന്നൎത്ഥം.

18. വക്ത്രലക്ഷ്മീപരീവാഹചലന്മീനാഭലോചനാ= മുഖകാന്തിയാകുന്ന ജലാശയത്തിൽ ഇളകിക്കൊണ്ടിരിക്കുന്ന മത്സ്യങ്ങളെപ്പോലെയുള്ള നേത്രങ്ങളോടു കൂടിയവൾ—സൌന്ദൎയ്യലക്ഷണമായ ചഞ്ചലാക്ഷിത്വം ഉണ്ടെന്നൎത്ഥം.

19. നവചമ്പകപുഷ്പാഭനാസാദണ്ഡവിരാജിതാ= പുത്തൻചമ്പകപുഷ്പത്തിന്ന് തുല്യമായ നാസാദണ്ഡ

ത്താൽ ശോഭിച്ചവാം. മൂക്കിന്നു് വിരിയാൻ തുടങ്ങിയ ചമ്പകപുഷ്പത്തിൻെറ ആകൃതിയും കാന്തിയും ഉണ്ടെന്നത്ഥം.

20. താരാകാന്തിതിരസ്കാരിനാസാഭരണഭാസുരാ=നക്ഷത്രകാന്തിയെ ജയിക്കുന്ന മൂക്കുത്തിയാൽ ശോഭിച്ചവാം—ശ്രീദേവി ധരിച്ച മൂക്കുത്തി നക്ഷത്രങ്ങളേക്കാറം അധികം ശോഭയുള്ളതാണെന്നത്ഥം.

21. കദംബമഞ്ജരീക്ലപ്തകണ്ണപൂരമനോഹരാ= കദംബപ്പൂക്കുലയാൽ കല്പിതമായ കണ്ണാലങ്കാരംകൊണ്ടു് മനോഹരത്വം പ്രാപിച്ചവാം.

22. താടങ്കയുഗളീഭൂതതപനോഡുപമണ്ഡലാ = സൂയ്യബിംബവും ചന്ദ്രബിംബവും രണ്ടു തോടകളായി ധരിച്ചവാം.

23. പത്മരാഗശിലാദശപരിഭാവികപോലഭൂഃ= പത്മരാഗക്കല്ലുകൊണ്ടുള്ള കണ്ണാടിയെ തോല്പിക്കുന്ന കവിറംത്തടത്തോടു കൂടിയവാം. കവിറംത്തടം, കണ്ണാടിയേക്കാറം അധികം സ്വച്ഛവും തിളങ്ങുന്നതും രക്തവണ്ണവും ആണെന്നത്ഥം.

24. നവവിദ്രുമബിംബശ്രീന്യക്കാരിദശനച്ഛദാ = പുത്തൻപവിഴത്തിൻേറയും തൊണ്ടിപ്പഴത്തിൻെറയും കാന്തിയേക്കാറം അധികം ശോഭിക്കുന്ന അധരോഷ്ഠങ്ങളോടു കൂടിയവാം.

25. ശുദ്ധവിദ്യാങ്കുരാകാരദ്വിജപങ്ക്തിദ്വയോജ്ജ്വലാ= ശ്രീഷോഡശാക്ഷരീവിദ്യയുടെ അങ്കുരങ്ങളു

ടെങ്ങാകൃതിയിലുള്ള രണ്ടുവരി പല്ലുകളാൽ ശോഭിച്ചവൾ. അങ്കുരം=വിത്തിൻെറമുള. ഇവിടെ മുളച്ചുരണ്ടു ദളത്തോടുകൂടിയ അവസ്ഥയാണ്. ഈ സ്ഥിതിയിൽ ഷോഡശാക്ഷരിക്ക് 32 ദളങ്ങളെ കല്പിക്കയാൽ ദന്തങ്ങളോട് സാമ്യംസിദ്ധിച്ചു. ശ്രീവിദ്യാശ്രീ ത്രിപുരസുന്ദരീമുഖത്തിൽനിന്നു പുറപ്പെട്ടതാകയാൽ അതിൻെറ അങ്കുരങ്ങൾ മൂർത്തീകരിച്ചപോലെയിരിക്കുന്ന ജഗദംബയുടെ ദന്തങ്ങൾ എന്നർത്ഥം

26. കർപ്പൂരവീടികാമോദസമാകർഷിദിഗന്തരാ = താംബൂലചർവണത്തിൽ നിന്നുണ്ടായ അതിശയമായ പരിമളത്താൽ പത്തു ദിക്കുകളും ആകർഷിച്ചവൾ. കർപ്പൂരവീടികാ=ഏലത്തരി, ലവംഗം, കർപ്പൂരം, കസ്തൂരി, താമരയല്ലി, ജാതിക്ക, ജാതിപത്രി, അടക്ക, മെത്തൊന്നി, ചുക്ക്, തിപ്പലി എന്നിങ്ങിനെ മുറുക്കിനുള്ള ഉപകരണസാധനങ്ങളുടെ പൊടിയോടുകൂടിയ താംബൂലം. ഇങ്ങിനെയുള്ള താംബൂലചർവ്വണത്താലുണ്ടാകുന്ന മനോഹരമായ സുഗന്ധം എല്ലാ ദിക്കിലും വ്യാപിച്ചിരിക്കുന്നു എന്നർത്ഥം.

27. നിജസല്ലാപമാധുര്യവിനിർഭത്സിതകച്ഛപീ= വീണയെ ഏറ്റവും നിന്ദിക്കുന്നതായ വാങ്മാധുര്യത്തോടുകൂടിയവൾ. കച്ഛപി=സരസ്വതിയുടെ

വീണയുടെ പേര്. ശ്രീദേവിയുടെ സംസാരത്തിന്റെ വീണാസ്വരത്തേക്കാൾ മനോഹരമാണെന്നർത്ഥം.

28. മന്ദസ്മിതപ്രഭാപൂരമജ്ജൽകാമേശമാനസാ= മന്ദസ്മിതത്തിന്റെ ലാവണ്യപ്രവാഹത്തിൽ ശ്രീരാജരാജേശ്വരന്റെ മനസ്സിനെ മുക്കുന്നവൾ. സർവ്വവ്യാപിയായ ഈശ്വരന്റെ മനസ്സ് മുക്കാൻമാത്രം അറ്റമില്ലാത്ത ലാവണ്യം മന്ദസ്മിതത്തിനുണ്ടെന്നും ആ മന്ദസ്മിതം ഈശ്വരനെക്കുറിച്ചാണെന്നും അർത്ഥം.

29. അനാകലിതസാദൃശ്യചിബുകശ്രീവിരാജിതാ= ഉപമ കല്പിക്കാൻ സാധിക്കാത്തതായ ചിബുകത്തിന്റെ കാന്തിയാൽ ശോഭിച്ചവൾ. ചിബുകം=താടിപ്രദേശം—ശ്രീദേവിയുടെ ചിബുകം ഇന്നതിനു സമമാണെന്നു പറയുവാൻ തക്ക വസ്തു ഇതുവരെ കവികൾക്ക് കണ്ടുകിട്ടീട്ടില്ല. അത്ര അനിർവ്വചനീയമാണ് ചിബുകത്തിന്റെ സൌഭാഗ്യം എന്നർത്ഥം.

30. കാമേശബദ്ധമാംഗല്യസൂത്രശോഭിതകന്ധരാ=പരമശിവനാൽ കെട്ടപ്പെട്ട മാംഗല്യസൂത്രത്താൽ ശോഭിച്ചിരിക്കുന്ന കഴുത്തോടു കൂടിയവൾ— കഴുത്തിൽ പരമശിവൻ കെട്ടിയ താലി ധരിച്ചിരിക്കുന്നവളെന്നർത്ഥം.

31. കനകാംഗദകേയൂരകമനീയഭുജാന്വിതാ = കനകനിർമ്മിതമായ അംഗദങ്ങളും കേയൂരങ്ങളും നാലു തൃക്കൈകളിന്മേലും ധരിച്ചവൾ. അംഗദം=തോൾവള. കേയൂരം=കയ്യിന്റെ മേൽഭാഗത്തു ധരിക്കുന്ന ആഭരണം.

32. രത്നഗ്രൈവേയചിന്താകലോലമുക്താഫലാന്വിതാ =രത്നങ്ങൾ പതിച്ച മുത്ത് തൂക്കീട്ടുള്ള പതക്കം കഴുത്തിൽ ധരിച്ചവൾ.

33. കാമേശ്വരപ്രേമരത്നമണിപ്രതിപണസ്തനീ = പരമശിവന്റെ പ്രേമമാകുന്ന ഉത്തമരത്നം വാങ്ങാൻ വിലയായി കൊടുത്തിട്ടുള്ള സ്തനങ്ങളോടുകൂടിയവൾ. സ്തനങ്ങളുടെ മനോഹാരിത്വം ഹേതുവാൽ പരമശിവന്റെ വിലപിടിച്ച പ്രേമം പൂർണ്ണമായും സമ്പാദിച്ചിരിക്കുന്നു എന്നർത്ഥം.

34. നാഭ്യാലവാലരോമാളിലതാഫലകുചദ്വയീ= നാഭിയാകുന്ന തടത്തിൽനിന്നുത്ഭവിച്ച രോമാവലിയാകുന്ന വള്ളിയുടെ ഫലങ്ങളാകുന്ന കുചദ്വയങ്ങളോടു കൂടിയവൾ—മേല്പോട്ട് പടർന്ന വള്ളിപോലെ രോമാളി—വള്ളിയുടെ തടംപോലെ പൊക്കിൾ—വള്ളിമേൽ കായ്ച്ച ഫലങ്ങൾപോലെ രണ്ടു മുലകൾ—പൊക്കിൾ മുതൽ കുചങ്ങൾവരെ രോമാളിയുണ്ടെന്നർത്ഥം.

35. ലക്ഷ്യരോമലതാധാരതാസമുന്നേയമധ്യമാ = പ്രത്യക്ഷമായ രോമാളിക്ക് ആധാരമായി കല്പിക്കപ്പെ

ടായുന്ന മദ്ധ്യപ്രദേശത്തോടു കൂടിയവൾ. കടിപ്രദേശം ഏററവും സൂക്ഷ്മമാകയാൽ ദൃശ്യമല്ല. ദൃശ്യമായ രോമാളിക്കു് ഒരെടിസ്ഥാനം വേണമല്ലൊ. അതിനാൽ മദ്ധ്യമ ഉണ്ടെന്നു് ഊഹിക്കേണം. (മദ്ധ്യം=പൊക്കിളിന്നു ചോടെഭാഗം.) അത്ര ലേശംമാത്രമേയുള്ള മദ്ധ്യം എന്നത്ഥം. ആര കടുങ്ങിയിരിക്കുന്നതു് സ്ത്രീകൾക്കു് സൌന്ദൎയ്യലക്ഷണമായി വെച്ചിരിക്കയാൽ അത്ര കാണാൻതന്നെയില്ല, ഉണ്ടെന്നു് ഊഹംകൊണ്ടു നിശ്ചയിക്കണം, എന്നുപറഞ്ഞതുകൊണ്ടു് സൌന്ദൎയ്യാതിശയത്തെ കാണിക്കുന്നു.

36. സ്തനഭാരദളന്മദ്ധ്യപട്ടബന്ധവലിത്രയാ= സ്തനങ്ങളുടെ ഭാരത്താൽ ഒടിഞ്ഞുപോകുന്നതായി തോന്നുന്ന മദ്ധ്യപ്രദേശത്തിൻെറ ഉറപ്പിന്നുവേണ്ടി പട്ടകൾകൊണ്ടു കെട്ടിയതുപോലെയിരിക്കുന്ന വലിത്രയത്തോടുകൂടിയവൾ. വലിത്രയം=വയററത്തുള്ള മൂന്നു് ഒടികൾ.

37. അരുണാരുണകൌസുംഭവസ്ത്രഭാസ്വൽകടീതടീ= അരുണനെപ്പോലെ ചുകന്നും കസുംഭഛായം ഇട്ടതുമായ വസ്ത്രത്താൽ ശോഭിച്ച കടിപ്രദേശത്തോടുകൂടിയവൾ. അരുണൻ=സൂൎയ്യൻെറ സാരഥി. കസുംഭം=കസുംഭം എന്നു പേരുള്ള ചെടി (Saf flower)യിൽ നിന്നുണ്ടാകുന്ന ഛായം= പട്ടുവസ്ത്രം

ചുകപ്പുവൎണ്ണമാക്കുവാൻ ഉപയോഗിക്കുന്നതു്. ശ്രീദേവി അരയിൽ ചുകന്ന പട്ടുവസ്ത്രം ധരിച്ചിരിക്കുന്നു എന്നൎത്ഥം.

38. രത്നകിങ്കിണികാരമ്യരശനാദാമഭൂഷിതാ = രത്നമയങ്ങളായ കിങ്കിണികളാൽ രമണീയമായ സ്വൎണ്ണനൂലിനാൽ അലങ്കരിക്കപ്പെട്ടവൾ. വസ്ത്രത്തിന്റെ മീതെ രത്നകിങ്കിണികളോടുകൂടിയ സ്വൎണ്ണനൂൽ ധരിച്ചിരിക്കുന്നു എന്നൎത്ഥം.

39. കാമേശജ്ഞാതസൌഭാഗ്യമാൎദ്ദവോരുദ്വയാന്വിതാ =പരമശിവനാൽ മാത്രം അറിയപ്പെടുന്നതായ സുഭഗത്വവും മാൎദ്ദവവും ഉള്ളതായ രണ്ടു തുടകളോടു കൂടിയവൾ.

40. മാണിക്യമുകുടാകാരജാനുദ്വയവിരാജിതാ = ഒറ്റ മാണിക്യക്കല്ലുകൊണ്ടു നിൎമ്മിച്ച വട്ടത്തൊപ്പിപോലെ ഇരിക്കുന്ന രണ്ടു മുട്ടുകളാൽ ശോഭിക്കുന്നവൾ. മുട്ടുകൾ വട്ടത്തിലും ഉരുണ്ടും മാണിക്യംപോലെ ശോഭയും മിനുസവും ഉള്ളതുംആകുന്നു എന്നൎത്ഥം.

41. ഇന്ദ്രഗോപപരിക്ഷിപ്തസ്മരതൂണാഭജംഘികാ= ഇന്ദ്രഗോപചായംതേച്ച കാമദേവന്റെ തൂണീരം പോലെ ഇരിക്കുന്ന കണങ്കാലൊടുകൂടിയവൾ– ഇന്ദ്രഗോപം= ഇന്ദ്രഗോപപ്രാണികളെ (Cochinel) കൊണ്ടുണ്ടാക്കുന്ന കടുംചുകപ്പായ ചായം കണങ്കാൽ രക്തവൎണ്ണവും ആവനാഴിയുടെ ആകൃതിയും ആകുന്നു എന്നൎത്ഥം.

42. ഗൂഢഗുൽഫാ= സ്പഷ്ടമല്ലാത്ത ഞെരിയാണിയോടുകൂടി യവറ്റം. ഞെരിയാണി മാംസളമാകയാൽ പുറത്തെക്കുന്തിനില്ക്കുന്നില്ല എന്നത്ഥം.

43. കൂമ്മപൃഷ്ഠജയിഷ്ണുപ്രപദാന്വിതാ= ആമപ്പുറത്തെ തോല്പിക്കുന്ന വടിവിലുള്ള പുറവടിയോടുകൂടി യവറ്റം:

44. നഖദീധിതിസംഛന്നനമജ്ജനതമൊഗുണാ= കാൽ നഖങ്ങളുടെ ശോഭയാൽ തന്നെ നമസ്കരിക്കുന്ന ഭക്തന്മാരുടെ അജ്ഞാനാന്ധകാരത്തെ നശിപ്പിക്കുന്നവറ്റം.

45. പദദ്വയപ്രഭാജാലപരാകൃതസരോരുഹാ= താമരപ്പൂവിന്റെ സൌഷ്ഠവാദിഗുണങ്ങളെ തോല്പിക്കുന്ന രണ്ടു കാലടികളോടുകൂടിയവറ്റം. കാലടികറ്റം താമരപ്പൂവിനെക്കാറ്റം അധികം സൌഷ്ഠവാദിഗുണങ്ങളുള്ളതാകുന്നു എന്നത്ഥം.

46. സിഞ്ജാനമണിമഞ്ജീരമണ്ഡിതശ്രീപദാംബുജാ= ശബ്ദിക്കുന്ന തരികറ്റം ഇട്ടിട്ടുള്ള കാററിലകളാൽ ശോഭിക്കുന്ന പാദാംബുജങ്ങളോടുകൂടിയവറ്റം. കാലിന്മേൽ തരിതളകറ്റം ധരിച്ചിരിക്കുന്നു എന്നത്ഥം.

47. മരാളീമന്ദഗമനാ=
ഹംസംപൊലെ മന്ദംമന്ദം നടക്കുന്നവറ്റം.

48. മഹാലാവണ്യശേവധി:= അതിശയസൌന്ദര്യത്തിന്റെ ഇരിപ്പിടം.

49. സർവ്വാരുണാ= ദേഹവും വസ്ത്രമാല്യാദികളും എല്ലാം രക്തവർണ്ണമായവാം.

50. അനവദ്യാംഗീ= ദോഷരഹിതവും സുലക്ഷണ വും ആയിട്ടുള്ള അവയവങ്ങളോടുകൂടിയവാം.

51. സർവ്വാഭരണഭൂഷിതാ= കേശാദിപാദം യഥോചിതാ ഭരണങ്ങാം അണിഞ്ഞിട്ടുള്ളവാം.

52. ശിവകാമേശ്വരാങ്കസ്ഥാ= മംഗളകരനും കമനീയ രൂപനും ഈശ്വരനും ആയ പരമശിവന്റെ വാമോത്സംഗത്തിൽ ഇരിക്കുന്നവാം.

53. ശിവാ= ശിവന്റെ ഇച്ഛാരൂപയും ശിവങ്കൽ നി ന്നു് അഭിന്നയും ആയ ശിവപത്നി. മോക്ഷദാ എന്നും അത്ഥം ആവാം.

54. സ്വാധീനവല്ലഭാ= ഭത്താവു് സ്വാധീനത്തിലുള്ള വാം.

55. സുമേരുശൃംഗമധ്യസ്ഥാ= സുമേരുപർവ്വതത്തിന്റെ മധ്യശൃംഗത്തിൽ വസിക്കുന്നവാം. സുമേരുപ ർവ്വതത്തിന്നു് ത്രികോണാകൃതിയിലുള്ള മൂന്നു ശൃം ഗങ്ങളുടെ മദ്ധ്യേ നാനൂറുയോജനഉയരമുള്ള നാ ലാമതൊരു ശൃംഗമുണ്ടു്. അതിന്മേൽ ശ്രീദേവിയു ടെ അധിവാസം.

56. ശ്രീമന്നഗരനായികാ= സുമേരുമധ്യശൃംഗത്തിൽ നാ നൂറുയോജനചുററിൽ വിശ്വകർമ്മാവിനാൽ സൃ ഷ്ടിക്കപ്പെട്ട നഗരത്തിന്റെ അധിപതി. ശ്രീ

മന്നഗരം എന്നപദത്തിനു ശ്രീചക്രം എന്നും അൎത്ഥമുണ്ടു്.

57. ചിന്താമണിഗൃഹാന്തഃസ്ഥാ= ശ്രീമന്നഗരത്തിൽ ചിന്താമണികളെക്കൊണ്ടു നിൎമ്മിച്ചതായ ഗൃഹത്തിൽ വസിക്കുന്നവൾ. (ചിന്താമണി= അഭീഷ്ടസിദ്ധിയെ കൊടുക്കുന്ന ഒരു രത്നവിശേഷം.)

58. പഞ്ചബ്രഹ്മാസനസ്ഥിതാ= ചിന്താമണിഗൃഹത്തിൽ അഞ്ചുബ്രഹ്മങ്ങളെക്കൊണ്ടു നിൎമ്മിച്ച പീഠത്തിൽ ഇരിക്കുന്നവൾ. ബ്രഹ്മാ, വിഷ്ണു, രുദ്രൻ, ഈശ്വരൻ എന്നീ നാലു ബ്രഹ്മങ്ങൾ കാലുകളും സദാശിവൻ പലകയും ആയിട്ടുള്ള പീഠം.

59. മഹാപത്മാടവീസംസ്ഥാ= മഹത്തായ പത്മവനത്തിൽ ഇരിക്കുന്നവൾ. പത്മവനം എന്നതു് മൂന്നുയോജനച്ചുററിൽ പത്മങ്ങൾനിറഞ്ഞ ഒരു വനം. മനുഷ്യദേഹത്തിൽ ബ്രഹ്മരന്ധ്രത്തിലുള്ള സഹസ്രദളപത്മമെന്നും അൎത്ഥം ആവാം.

60. കദംബവനവാസിനീ= കദംബവനത്തിൽ വസിക്കുന്നവൾ. കദംബം എന്നതു് രണ്ടുയോജന പൊക്കമുള്ള സുരദ്രുമമാണു്. ഭൂലോകത്തിൽ കടമ്പുമരം എന്നും പൂച്ചരശു് എന്നും പേരുണ്ടു്. ഈ വനം ചിന്താമണിഗൃഹത്തിന്നു് ചുററുമുള്ള മണിമണ്ഡപത്തിന്റെ ചുററുമുള്ളതാണു്.

61. സുധാസാഗരമദ്ധ്യസ്ഥാ= അമൃതസമുദ്രത്തിന്റെ മ

'മധ്യത്തിൽഇരിക്കുന്ന പുരി (ഇതിനും ശ്രീനഗരം എന്നു പെരുണ്ടു്.) യിൽ വസിക്കുന്നവൾ. ബ്രഹ്മരന്ധ്രത്തിലുള്ള സഹസ്രദളപത്മത്തിന്റെ കാൎത്തികാചന്ദ്രമധ്യത്തിനും സുധാസാഗരം എന്നു പേരുണ്ടു്.

62. കാമാക്ഷീ=മനോഹരമായ നേത്രങ്ങളുള്ളവൾ. കാമേശ്വരനായ പരമശിവനെ നേത്രത്തിൽ സ്ഥാപിച്ചിട്ടുള്ളവൾ എന്നും ആവാം.

63. കാമദായിനീ=സൎവ്വാഭീഷ്ടങ്ങളേയും കൊടുക്കുന്നവൾ.

64 മുതൽ 92വരെ നാമങ്ങൾ ഭണ്ഡാസുരവധചരിത്രത്തെ വൎണ്ണിക്കുന്നു.

64. ദേവൎഷിഗണസംഘാതസ്തൂയമാനാത്മവൈഭവാ = ബ്രഹ്മാദിദേവകളുടേയും വസിഷ്ഠനാരദാദി ഋഷികളുടേയും ആദിത്യാദിഗണദേവതമാരുടേയും സമൂഹങ്ങളാൽ സ്തുതിക്കപ്പെട്ട നിജപ്രഭാവത്തോടു കൂടിയവൾ. ഇവർ ഭണ്ഡാസുരമഹിഷാസുരാദികളാൽ പീഡിതന്മാരായ കാലത്തു് പ്രത്യേകിച്ചും ശ്രീദേവിയുടെ മാഹാത്മ്യത്തെപ്പററി സ്തുതിച്ചിട്ടുണ്ടു്.

65. ഭണ്ഡാസുരവധോദ്യുക്തശക്തിസേനാസമന്വിതാ = ഭണ്ഡാസുരവധത്തിന്നു് സന്നദ്ധകളായ ശക്തികൾ എന്ന നാമധേയമുള്ള സ്ത്രീദേവതാസേനകളോടു കൂടിയവൾ. ഭണ്ഡാസുരൻ=രുദ്രകോപത്താൽ കാമദേവൻ ദഹിച്ചപ്പോൾ തദ്ദേഹഭസ്മം

കൊണ്ടു് ഗണേശ്വരൻ വിചിത്രാകൃതിയിൽ ഒരു പുരുഷനെ നിർമ്മിച്ചു എന്നും ആ പുരുഷൻ അതി രൌദ്രസ്വഭാവനായ ഒരു അസുരനായി ലോകങ്ങളെ പീഡിപ്പിച്ചു എന്നും ഐതിഹ്യം.

66. സംപൽക്കരീസമാരൂഢസിന്ധുരവ്രജസേവിതാ=ലളിതാദേവിയുടെ അങ്കുശായുധത്തിൽ നിന്നുത്ഭവിച്ച സംപൽക്കരി എന്ന പേരുള്ള ദേവതയാൽ പാവു പഠിപ്പിക്കപ്പെട്ട ഗജേന്ദ്രസമൂഹങ്ങളാൽ സേവിക്കപ്പെട്ടവൾ. ഭണ്ഡാസുരയുദ്ധത്തിൽ ശ്രീദേവിയുടെ ഗജസൈന്യത്തിൻെറ നായികയായിരുന്നു സംപൽക്കരി.

67. അശ്വാരൂഢാധിഷ്ഠിതാശ്വകോടികോടിഭിരാവൃതാ = ലളിതാദേവിയുടെ പാശായുധത്തിൽ നിന്നുത്ഭവിച്ച അശ്വാരൂഢാ എന്ന പേരുള്ള ദേവതയുടെ സൈന്യാധിപത്യത്തിൻകീഴിലുള്ള അനേകകോടി കുതിരകളാൽ ചുററപ്പെട്ടവൾ. ഭണ്ഡാസുരയുദ്ധത്തിൽ കുതിരപ്പട്ടാളത്തിൻെറ നായികയായിരുന്നു അശ്വാരൂഢ.

68. ചക്രരാജരഥാരൂഢസർവ്വായുധപരിഷ്കൃതാ=ചക്രരാജൻ(ശ്രീചക്രം) എന്ന പേരുള്ള തൻെറ രഥത്തിൽ കയറി സകലവിധ ആയുധങ്ങളാലും അലങ്കൃതയായവൾ. യുദ്ധകാലത്തു് ശ്രീദേവി എല്ലാവിധ ആയുധങ്ങളും രഥത്തിൽ കയററി അതിൽ താനാംരൂഢയായിരുന്നു എന്നർത്ഥം. ചക്രരാജരഥം ഒമ്പതു തട്ടു

ള്ളതും പത്തു യോജന പൊക്കവും നാലു യോജന വിസ്താരവുമുള്ളതും ആനന്ദധ്വജത്തോടു കൂടിയതുംആയ ശ്രീദേവിയുടെ രഥമാണ്. ശ്രീചക്രം ഈ രഥാകൃതിയിലാണ്.

69. ഗേയചക്രരഥാരൂഢമന്ത്രിണീപരിസേവിതാ= ഗേയചക്രം എന്നു പേരുള്ള രഥത്തിൽ കയറിയ മന്ത്രിണിദേവിയാൽ സർവ്വത്ര സേവിക്കപ്പെട്ടവൾ. മന്ത്രിണി=ശ്യാമളാദേവി. ഗേയചക്രം ഏഴു തട്ടുള്ളതാണ്.

70. കിരിചക്രരഥാരൂഢദണ്ഡനാഥാപുരസ്കൃതാ = കിരിചക്രം എന്നു പേരുള്ള രഥത്തിൽ കയറിയ ദണ്ഡനാഥാദേവിയാൽ സേവിക്കപ്പെട്ടവൾ. ദണ്ഡനാഥാ=വാരാഹീദേവി. കിരിചക്രം അഞ്ചു തട്ടുള്ളതാണ്.

71. ജ്വാലാമാലിനികാക്ഷിപ്തവഹ്നിപ്രാകാരമദ്ധ്യഗാ = ജ്വാലാമാലിനിയാൽ നിർമ്മിതമായ വഹ്നിമയപ്രാകാരത്തിൻെറ മദ്ധ്യഭാഗത്തിൽ ഇരിക്കുന്നവൾ. ജ്വാലാമാലിനി=ചതുർദ്ദശീതിഥിയുടെ അധിഷ്ഠാനദേവതാ വഹ്നിരൂപയാണ്. ഭണ്ഡാസുരയുദ്ധകാലം ശ്രീദേവിയുടെ കല്പനപ്രകാരം ഈ ദേവത വഹ്നിമയമായി നൂറു യോജന വിസ്താരവും മുപ്പതു യോജന ഉയരവും ആയ ഒരു കോട്ടമതിൽ നിർമ്മിച്ചു എന്നു പുരാണവചനം.

72. ഭണ്ഡസൈന്യവധോദ്യുക്തശക്തിവിക്രമഹർഷിതാ =ഭണ്ഡാസുരന്റെ സൈന്യങ്ങളെ വധിക്കുവാൻ യത്നിക്കുന്നവരായ ശക്തികൾ എന്നു പേരുള്ള ദേവീസൈന്യങ്ങളുടെ പരാക്രമത്തെ കണ്ടു് സന്തോഷിച്ചവൾ.

73. നിത്യാപരാക്രമാടോപനിരീക്ഷണസമുത്സുകാ = നിത്യാ എന്നു പേരുള്ള ദേവതമാരുടെ നാനാവിധ പരാക്രമങ്ങളെ കാണുന്നതിൽ ഉത്സാഹത്തോടുകൂടിയവൾ. നിത്യാ=പതിനഞ്ചു തിഥികളുടെ അധിഷ്ഠാനദേവത. കാമേശ്വരീ എന്നു തുടങ്ങി ചിത്ര എന്നു് അവസാനിക്കുന്ന പതിനഞ്ചു പേരുള്ള ഇവർ ശ്രീദേവിയുടെ സൈന്യത്തിലുള്ളവരാണു്.

74. ഭണ്ഡപുത്രവധോദ്യുക്തബാലാവിക്രമനന്ദിതാ= ഭണ്ഡാസുരന്റെ മുപ്പതു പുത്രന്മാരെ വധിക്കുന്നതിൽ യത്നിച്ച ശ്രീദേവിയുടെ പുത്രിയായ ഒമ്പതു വയസ്സു പ്രായമുള്ള ബാലയുടെ പരാക്രമങ്ങളെ കേട്ടു് സന്തോഷിച്ചവൾ.

75. മന്ത്രിണ്യംബാവിരചിതവിഷംഗവധതോഷിതാ = മന്ത്രിണീദേവി വിഷംഗൻ എന്ന അസുരനെ കൊന്നതുകൊണ്ടു സന്തോഷിച്ചവൾ. വിഷംഗൻ എന്നതു് ഭണ്ഡാസുരന്റെ വലത്തെ ചുമലിൽ നിന്നുത്ഭവിച്ച അവന്റെ ഭ്രാതാവെന്നു പറയ

പ്പെടുന്ന ഒരു അസുരനാകുന്നു. ഇവനെ ഗേയ ചക്രരഥാരൂഢയായ മന്ത്രിണീഎന്ന ശ്യാമളാദേവി വധിച്ചു.

76. വിഷംഗപ്രാണഹരണവാരാഹീവീര്യനന്ദിതാ= വിഷംഗനെന്ന അസുരനെ കൊല്ലുന്നതിൽ വാരാഹീദേവി കാണിച്ച പരാക്രമത്താൽ സന്തോഷിച്ചവൾ. വിഷംഗൻ എന്നത് ഭണ്ഡാസുരൻെറ ഇടത്തെ ചുമലിൽ നിന്നുത്ഭവിച്ച അവൻെറ മറെറാരു ഭ്രാതാവെന്നു പറയപ്പെടുന്ന ഒരു അസുരനാകുന്നു. ഇവനെ കിരിചക്രരഥാരൂഢയായ ദണ്ഡനാഥയെന്ന വാരാഹീദേവി വധിച്ചു.

77. കാമേശ്വരമുഖാലോകകല്പിതശ്രീഗണേശ്വരാ= പരമശിവൻെറ മുഖത്തെനോക്കിയതിനാൽമാത്രം ശ്രീമഹാഗണപതി എന്ന ദേവനെ സൃഷ്ടിച്ചവൾ. ഭണ്ഡാസുരയുദ്ധകാലത്ത് അസുരനിർമ്മിതമായ ജയവിഘ്നം എന്ന പേരായ ആഭിചാരയന്ത്രം വിശുക്രൻ എന്ന അസുരൻ ദേവസൈന്യമദ്ധ്യേ സ്ഥാപിച്ചതിനാൽ ദേവന്മാർ ബദ്ധന്മാരായിഎന്നും അപ്പോൾ ശ്രീദേവി തൻെറ ഭർത്താവിൻെറ മുഖത്തെനോക്കി എന്നും തൽക്ഷണം മഹാഗണപതി ജനിച്ചു് വിഘ്നയന്ത്രത്തെ നശിപ്പിച്ചു് ദേവന്മാരെമോചിപ്പിച്ചു എന്നും പുരാണവചനം

78. മഹാഗണേശനിർഭിന്നവിഘ്നയന്ത്രപ്രഹർഷിതാ = മഹാഗണപതി വിഘ്നയന്ത്രത്തെ നിശ്ശേഷം നശി

പ്പിക്കനിമിത്തം ഏററവും സന്തോഷിച്ചവരം.

79, ഭണ്ഡാസുരേന്ദ്രനിർമ്മുക്തശസ്ത്രപ്രത്യസ്ത്രവഷിണീ = ദൈത്യരാജനായ ഭണ്ഡാസുരൻ പ്രയോഗിച്ചതായ ശസ്ത്രങ്ങൾക്ക് പ്രതികൂലങ്ങളായി യഥോചിതം അസ്ത്രവഷംചെയ്യവരം.

80. കരാംഗുലിനഖോൽപ്പന്നനാരായണദശാകൃതിഃ = തന്റെ കൈവിരലുകളുടെ പത്തുനഖങ്ങളിൽനിന്നു് ശ്രീനാരായണന്റെ ദശാവതാരമൂത്തികളെ ഉൽപ്പാദിപ്പിച്ചവരം. ഭണ്ഡാസുരൻ സവ്വാസുരാസ്ത്രം എന്നുപേരായ ഒരു അസ്ത്രം പ്രയോഗിച്ചപ്പോരം ശ്രീവിഷ്ണുവിന്റെ ദശാവതാരങ്ങളിൽ കൊല്ലപ്പെട്ടവരായ ഹിരണ്യാക്ഷാദിമഹാസുരന്മാർ അസുരമായയാൽ യുദ്ധത്തിന്നു വന്നു എന്നും അപ്പോരം ശ്രീദേവി മത്സ്യകൂമ്മവരാഹാദിദശാവതാരമൂത്തികളെ വിഷ്ണുമായാശക്തിയാൽ തന്റെ കരാംഗുലിനഖങ്ങളിൽ നിന്നു് അനായാസേന ഉൽപ്പാദിപ്പിച്ചു് അവരെക്കൊണ്ടു് അസുരനെ കൊല്ലിച്ചു എന്നും പുരാണകഥ.

81. മഹാപാശുപതാസ്ത്രാഗ്നിനിർദഗ്ദ്ധാസുരസൈനികാ = മഹാപാശുപതം എന്നു പേരായ സദാശിവന്റെ അസ്ത്രത്താൽ ഭണ്ഡാസുരസൈന്യത്തെ ദഹിപ്പിച്ചവരം.

82. കാമേശ്വരാസ്ത്രനിർദഗ്ധസഭണ്ഡാസുരശൂന്യകാ = കാമേശ്വരം എന്നു പേരായ സഹസ്രാദിത്യതേജോ

രൂപമായ അസ്ത്രത്താൽ ഭണ്ഡാസുരനെ വധിക്ക യും അവൻെറ ശൂന്യകം എന്നപേരായ പട്ടണത്തെ നിശ്ശേഷം ദഹിപ്പിക്കുകയും ചെയ്തവാം.

83. ബ്രഹ്മോപേന്ദ്രമഹേന്ദ്രാദിദേവസംസ്തുതവൈഭവാ = ഭണ്ഡാസുരനെ കൊന്നപ്പോാം ബ്രഹ്മാവിഷ്ണുശക്രാദിദേവന്മാരാൽ തൻെറ പരാക്രമത്തെക്കുറിച്ച് സ്തുതിക്കപ്പെട്ടവാം.

84. ഹരനേത്രാഗ്നിസന്ദഗ്ധകാമസംജീവനൌഷധിഃ=രുദ്രൻെറ മൂന്നാം തൃക്കണ്ണിലെ അഗ്നിയാൽ ഭസ്മീകരിച്ചതായ കാമദേവനെ രണ്ടാമതും ജീവിപ്പിച്ചവാം. ഭണ്ഡാസുരവധാനന്തരം ബ്രഹ്മാദികളുടെ പ്രാൎത്ഥനയിന്മേൽ ശ്രീലളിതാംബ കാമദേവനെ ജീവിപ്പിച്ചു എന്ന് ബ്രഹ്മാണ്ഡപുരാണവചനം ഭണ്ഡാസുരൻതന്നെ കാമദേവനെ ചുട്ടുണ്ടായഭസ്മം കൊണ്ട് ഗണപതിനിൎമ്മിച്ച മൂൎത്തിയാണ്. അവനെ വധിച്ചശേഷം ശ്രീദേവി കാമദേവനെ ത്തന്നെ രണ്ടാമതും ജീവിപ്പിച്ചു. കാമനെ ചുട്ട ശിവനുതന്നെ തൻെറമേൽ കാമം ഉണ്ടാക്കിയവാം എന്നും അൎത്ഥം ആവാം.

85. ശ്രീമദ്വാഗ്ഭവകൂടൈകസ്വരൂപമുഖപങ്കജാ = ജ്ഞാനപ്രദായകത്വാദിമാഹാത്മ്യമുള്ള വാഗ്ഭവകൂടം മുഖ്യസ്വരൂപമായിട്ടുള്ള മുഖപത്മത്തോടു കൂടിയവാം. ശ്രീവിദ്യാപഞ്ചദശാക്ഷരി ശ്രീദേവിയുടെ ദേഹമായി കല്പിച്ചിട്ടുള്ളതിൽ ആദ്യത്തെ അഞ്ചക്ഷര

സമൂഹം വാക്കിന്റെ ഉൽപ്പത്തിസ്ഥാനമെന്നർത്ഥ മുള്ള വാഗ്ഭവകൂടമായ മുഖമാണ്.

86. കണ്ഠാധഃകടിപര്യന്തമദ്ധ്യകൂടസ്വരൂപിണീ=കഴുത്തി ന്നു താഴെ അരവരെ മദ്ധ്യകൂടസ്വരൂപമായിട്ടുള്ള വൾ. മദ്ധ്യകൂടം എന്നതു് പഞ്ചദശാക്ഷരീമന്ത്ര ത്തിൽ രണ്ടാമത്തെ ആറക്ഷരങ്ങളുടെ സമുദായ മാണ്. ഇതിന്നു് കാമരാജകൂടം എന്നും പറയും.

87. ശക്തികൂടൈകതാപന്നകട്യധോഭാഗധാരിണീ=അര യുടെ ചോടെ ശക്തികൂടത്തിൽനിന്നു് അഭിന്നമാ യ രൂപത്തെ ധരിച്ചവൾ. അര തൊട്ടു് പാദം വരേയുള്ള ദേഹം ശക്തികൂടംതന്നെയാണ് എന്ന ർത്ഥം. ശക്തികൂടം എന്നതു് പഞ്ചദശാക്ഷരീമ ന്ത്രത്തിൽ അവസാനത്തെ നാലക്ഷരങ്ങളുടെ സ മൂഹമാണ്.

88. മൂലമന്ത്രാത്മികാ=മൂലമന്ത്രം സ്വരൂപമായിട്ടുള്ളവൾ. മൂലമന്ത്രം=ചതുർവ്വിധപുരുഷാർത്ഥങ്ങൾക്കും മൂലകാ രണമായ പഞ്ചദശാക്ഷരീമന്ത്രം.

89. മൂലകൂടത്രയകളേബരാ = പഞ്ചദശാക്ഷരീമൂലമന്ത്ര ത്തിന്റെ വാഗ്ഭവം, കാമരാജം, ശക്തി എന്നീ കൂടത്രയങ്ങൾ ശരീരമായിട്ടുള്ളവൾ.

90. കുളാമൃതൈകരസികാ=സഹസ്രാരപത്മത്തിൽനിന്നു് ഒഴുകുന്ന അമൃതിന്റെ രസത്തെ ആസ്വദിക്കുന്ന തിൽത്തന്നെ തൽപ്പരയായിട്ടുള്ളവൾ. തന്ത്രശാ സ്ത്രപ്രകാരം കുണ്ഡലിനീശക്തി മൂലാധാരചക്ര

ത്തിൽ സാൎദ്ധത്രിവലയാകാരത്തിൽ ഉറങ്ങിക്കിടക്കുന്നതിനെ യോഗാഭ്യാസബലാൽ ഉണൎത്തി സുഷുമ്നാമാൎഗ്ഗേണ ഷൾചക്രങ്ങളേയും ഭേദിച്ച് സഹസ്രാരചക്രപത്മത്തിൽ കൊണ്ടുചെന്ന് ആ പത്മകൎണ്ണികാരൂപമായ ചന്ദ്രമണ്ഡലത്തിൽനിന്ന് അമൃത് സ്രവിപ്പിക്കാമെന്നുണ്ട്. ഈ അമൃതാണ് കുളാമൃതം. സുഷുമ്നാമാൎഗ്ഗത്തിന് കുളം എന്നുപേർ.

91. കുളസങ്കേതപാലിനീ=കുളതന്ത്രശാസ്ത്രത്തിലുള്ള രഹസ്യങ്ങളെ സാമ്പ്രദായികപരമ്പരയിൽ പെട്ടിട്ടുള്ളവൎക്ക് മാത്രം പ്രകാശിപ്പിച്ച് രക്ഷിക്കുന്നവൾ.

92. കുലാംഗനാ=പാതിവ്രത്യാദിഗുണങ്ങളുള്ള സ്ത്രീ—മായയാകുന്ന മറക്കുട പിടിച്ചിരിക്കുന്ന കുലസ്ത്രീ—ശ്രീദേവിയുടെ ശരീരമായ ശ്രീവിദ്യയെ അതിഗോപ്യയായ കുലസ്ത്രീയോടും അന്യവിദ്യകളെ വേശ്യയോടും ഉപമിക്കാറുണ്ട്.

93. കുളാന്തഃസ്ഥാ=കുളശാസ്ത്രമദ്ധ്യത്തിൽ അറിയേണ്ടതായിരിക്കുന്ന മൂൎത്തി. ശാസ്ത്രത്തിൽ നിന്നു ഗ്രഹിക്കേണ്ടും വസ്തു ശ്രീദേവി മാത്രമാണ് എന്നൎത്ഥം.

94. കൌളിനീ=കൌളം എന്ന ബാഹ്യശക്തിപൂജയാൽ പൂജിക്കപ്പെടുന്നവൾ.

95. കുളയോഗിനീ=കുളം എന്ന(സുഷുമ്നാധഃസ്ഥിതമായ) സഹസ്രദളപത്മത്തെ സംബന്ധിച്ചിരിക്കുന്നവൾ.

96. അകലാ=അകലം എന്ന സഹസ്രാര(സുഷുമ്നയുടെമീതെ)ത്തിൽ സ്ഥിതി ചെയ്യുന്നവാ൦.

97. സമയാന്തഃസ്ഥാ=സമയം എന്നു പറയുന്ന അന്തശ്ശക്തിപൂജകളുള്ള തന്ത്രങ്ങളാൽ പ്രതിപാദിക്കപ്പെട്ടവാ൦.

98. സമയാചാരതല്പരാ=രുദ്രയാമളഗ്രന്ഥത്തിൽ പത്തദ്ധ്യായങ്ങളാൽ വിസ്തരിക്കപ്പെട്ടിരിക്കുന്ന സമയാചാരത്തിൽ താല്പര്യമുള്ളവാ൦.

99. മൂലാധാരൈകനിലയാ= മൂലാധാരചക്രപത്മകർണ്ണികാമദ്ധ്യേയുള്ള കുലകുണ്ഡമെന്ന വിന്ദുവിൽ കുണ്ഡലിനി എന്ന പേരോടു കൂടി എപ്പോഴും സ്ഥിതിചെയ്യുന്നവാ൦.

100. ബ്രഹ്മഗ്രന്ഥിവിഭേദിനി=സുഷുമ്നാമാൎഗ്ഗത്തിൽ ബ്രഹ്മഗ്രന്ഥിയെഭേദിച്ച് ഊൎദ്ധ്വം ഗമിക്കുന്നവാ൦—സുഷുമ്നാനാഡിയിലുള്ള ആറചക്രങ്ങളിൽ ഓരോന്നിനു മീതെയും ചോടെയും ഓരോ ഗ്രന്ഥി (കെട്ട്) ഉണ്ട്—അവയിൽ ധ്വജമൂലസ്ഥിതമായ സ്വാധിഷ്ഠാനചക്രത്തിന്റെ രണ്ടു ഗ്രന്ഥികൾക്ക് ബ്രഹ്മഗ്രന്ഥി എന്നുപേർ.

സുഷുമ്നാമാൎഗ്ഗത്തിൽക്കൂടി ബ്രഹ്മരന്ധ്രത്തിലെക്കുള്ള ഗതിയെ വിവരിക്കുന്നതാകുന്നു ഇതുമുതൽ ആറുനാമങ്ങൾ.

101. മണിപൂരാന്തരുദിതാ= സുഷുമ്നാനാഡിയിൽ പൊക്കിളിന്നു ചോടെയുള്ള ദശദളപത്മത്തിൽ മ

ണിപൂരചക്രത്തിന്റെ അധോഭാഗത്തിലുള്ള ഗ്രന്ഥിയെ ഭേദിച്ചു മേല്പോട്ടു് പൊങ്ങുന്നവൾ.

102. വിഷ്ണുഗ്രന്ഥിവിഭേദിനീ= മണിപൂരചക്രത്തിന്റെ മേൽഭാഗത്തുള്ള വിഷ്ണുഗ്രന്ഥിയെന്നു പേരായ കെട്ടിനെ ഭേദിക്കുന്നവൾ.

103. ആജ്ഞാചക്രാന്തരാളസ്ഥാ= ഭ്രൂമദ്ധ്യത്തിലുള്ള ആജ്ഞാചക്രത്തിനുള്ളിലേറിയിരിക്കുന്നവൾ.

104. രുദ്രഗ്രന്ഥിവിഭേദിനീ= ഹൃദയത്തിലുള്ള അനാഹതചക്രത്തിന്റെ ചോടെയും മീതെയുംഉള്ള രുദ്രഗ്രന്ഥി എന്നു പേരായ രണ്ടു കെട്ടുകളെ ഭേദിക്കുന്നവൾ.

105. സഹസ്രാരാംബുജാരൂഢാ= ബ്രഹ്മരന്ധ്രത്തിന്റെ ചോടെയുള്ള സഹസ്രദളപത്മത്തിൽ കെറി ഇരക്കുന്നവൾ.

106. സുധാസാരാഭിവർഷിണീ= സഹസ്രദളപത്മത്തിൽനിന്നു് അമൃതധാരപൊഴിക്കുന്നവൾ.

107. തഡില്ലതാസമരുചിഃ= മിന്നൽപ്പിണർപോലെ കാന്തിയുള്ളവൾ.

108. ഷൾച്ചക്രോപരിസംസ്ഥിതാ= മൂലാധാര, സ്വാധിഷ്ഠാന, മണിപൂരക, അനാഹത, വിശുദ്ധ, ആജ്ഞ, എന്നീ ആറുചക്രങ്ങളുടെ മീതെയുള്ള സഹസ്രാരപത്മത്തിൽ ഇരിക്കുന്നവൾ.

109. മഹാസക്തിഃ= ഉത്സവത്തിൽ താല്പൎയ്യമുള്ളവൾ. ഉത്സവം എന്നതു് സഹസ്രാരപത്മത്തിൽ ശ

ക്തിയും ശിവനുമായുള്ള സമായോഗം.

110. കണ്ഡലിനീ= മൂലാധാരപത്മത്തിൽ സർപ്പരൂപമായി മൂന്നു ചുററായി ചുരുണ്ടുകിടക്കുന്ന ശക്തി.

111. ബിസതന്തുതനീയസീ= കമലനാളംപോലെ ഏററവും കൃശാകൃതിയായിട്ടുള്ളവൾ. ഈ ആകൃതിയിലാണ് മൂലാധാരത്തിലുള്ള സ്ഥിതി.

112. ഭവാനീ= ജലമൂർത്തിയായ പരമേശ്വരൻറശക്തി. പരമേശ്വരൻ ജലമൂർത്തിയായിരിക്കുമ്പോഴുള്ള പേര ഭവൻ. ഈ അവസ്ഥയിൽ ഭാര്യസ്യ ഉഷാ എന്നും പേരുണ്ട്. ശുക്രൻ പുത്രനും ആകുന്നു.

113. ഭാവനാഗമ്യാ= സമാധിയാൽ പ്രത്യക്ഷമാകുവാൻ സാദ്ധ്യ.

114. ഭവാരണ്യകഠാരികാ= സംസാരമാകുന്നവനത്തെ നിർമ്മലച്ഛേദം ചെയ്യാനുള്ളമഴു. ഈശ്വരീസേവയാൽ സംസാരാടവിയെ നശിപ്പിക്കാൻ കഴിയുമെന്നർത്ഥം.

115. ഭദ്രപ്രിയാ= മംഗളത്തെ ഇഷ്ടപ്പെടുന്നവൾ.

116. ഭദ്രമൂർത്തി= മംഗളവിഗ്രഹത്തോടുകൂടിയവൾ.

117. ഭക്തസൌഭാഗ്യദായിനീ= ഭക്തന്മാക്ക് സൌഭാഗ്യത്തെ കൊടുക്കുന്നവൾ.

118. ഭക്തിപ്രിയാ= ഭക്തിയെ ഇഷ്ടപ്പെടുന്നവൾ. ഭക്തിപ്രദനാത് ഈശ്വരീസ്മരണകീർത്തനാദിസേവയും അനുരാഗവും.

119. ഭക്തിഗമ്യാ= ഭക്തിയാൽ പ്രത്യക്ഷമാകുവാൻ സാധ്യാ.

120. ഭക്തിവശ്യാ= ഭക്തിയാൽ സ്വാധീനപ്പെടുത്തുവാൻ കഴിയുന്നവൾ.

121. ഭയാവഹാ= സകലവിധ ഭയങ്ങളേയും നശിപ്പിക്കുന്നവൾ.

122. ശാംഭവീ= ശംഭുവിന്റെ ശക്തി. എട്ടുവയസ്സായ കന്യകയുടെ രൂപംധരിച്ചവൾ എന്നും അൎത്ഥമാവാം.

123. ശാരദാരാധ്യാ= സരസ്വതിയാലും വാദേവതമാരാലും ആരാധിക്കപ്പെടുന്നവൾ.

124. ശൎവ്വാണീ= ശൎവ്വ(പരമേശ്വര)ന്റെ ശക്തി. പരമേശ്വരൻ ക്ഷിതിമൂൎത്തിയായിരിക്കുമ്പോഴുള്ള പേർ ശൎവ്വൻ ഈ അവസ്ഥയിൽ ഭാൎയ്യക്ക് സുകേശി എന്നും പേരുണ്ട്. പുത്രൻ അംഗാരകൻ.

125. ശൎമ്മദായിനീ= സുഖത്തെകൊടുക്കുന്നവൾ.

126. ശാംകരീ= ശങ്കരന്റെശക്തി.

127. ശ്രീകരീ= ശ്രീകര(വിഷ്ണുവി)ന്റെമായ. ഐശ്വൎയ്യത്തെ കൊടുക്കുന്നവൾ എന്നും അൎത്ഥമാവാം.

128. സാധ്വീ= പതിവ്രതാ—ത്രികാലങ്ങളിലും പരമശിവന്റെതന്നെ ഭാൎയ്യയായിട്ടുള്ളവൾ.

129. ശരച്ചന്ദ്രനിഭാനനാ= ശരൽക്കാലചന്ദ്രനെപ്പോലെ കാന്തിയോടുകൂടിയ മുഖമുള്ളവൾ.

130. ശാതോദരീ= കൃശമായ ഉദരത്തോടുകൂടിയവൾ.

131. ശാന്തിമതീ=ഭക്തന്മാരുടെ നേരെ ശാന്തസ്വഭാവമുള്ളവൾ.
132. നിരാധാരാ=മറെറാരു വസ്തു ആധാരമായിട്ടില്ലാത്തവൾ. എല്ലാററിനും താൻ അധിഷ്ഠാനമെന്നല്ലാതെ തനിക്ക് അധിഷ്ഠാനമായി അന്യവസ്തു ഇല്ലെന്നത്ഥം.
133. നിരഞ്ജനാ=മായാസംഗത്താലുള്ള മലിനവാസനയാൽ ബാധിക്കപ്പെടാത്തവൾ. അവിദ്യാസംപക്കമില്ലാത്തവൾ എന്നത്ഥം.
134. നിർല്ലേപാ=കമ്മസംബന്ധം ബാധിക്കാത്തവൾ.
135. നിമ്മലാ=യാതൊരുവിധമലിനതയാലും ബാധിക്കപ്പെടാത്തവൾ.
136. നിത്യാ=ത്രികാലങ്ങളിലും നാശമില്ലാത്തവൾ.
137. നിരാകാരാ=സ്വരൂപം ഇല്ലാത്തവൾ.
138. നിരാകുലാ=യാതൊരു പരിഭ്രമവും ഇല്ലാത്തവൾ.
139. നിർഗ്ഗുണാ=ശരീരധമ്മങ്ങളായ ഗുണങ്ങൾ ബ്രഹ്മത്തിനില്ലായ്കയാൽ ഗുണരഹിതയായവൾ.
140. നിഷ്കളാ=അംശങ്ങളില്ലാത്തവൾ. അപരിച്ഛിന്നവസ്തു എന്നത്ഥം.
141. ശാന്താ=ശാന്തസ്വരൂപിണീ.
142. നിഷ്കാമാ=യാതൊന്നിലും ഇച്ഛയില്ലാത്തവൾ.
143. നിരുപപ്ലവാ=നാശരഹിതയായവൾ.
144. നിത്യമുക്താ=മോക്ഷരൂപാ.
145. നിർവ്വികാരാ=പ്രകൃതിയുടെ മഹത്തത്വാദിവികാരങ്ങളാൽ ബാധിക്കപ്പെടാത്തവൾ.

146. നിഷ്പ്രപഞ്ചാ=പ്രപഞ്ചസംബന്ധം ഇല്ലാത്തവൾ.
147. നിരാശ്രയാ=അന്യവസ്തുവെ ആശ്രയിച്ചിട്ടില്ലാത്തവൾ. എല്ലാം തന്നെ ആശ്രയിച്ചിട്ടുള്ള എന്നൎത്ഥം.
148. നിത്യശുദ്ധാ=ത്രികാലങ്ങളിലും മലിനത ബാധിക്കാത്തവൾ.
149. നിത്യബുദ്ധാ=സദാ ചിത്സ്വരൂപിണിയായവൾ.
150. നിരവദ്യാ=മായാദോഷരഹിതയായവൾ.
151. നിരന്തരാ= സൎവ്വത്തിലും സമബുദ്ധിയോടു കൂടിയവൾ.
152. നിഷ്കാരണാ=തനിക്കു കാരണമായി അന്യവസ്തുവില്ലാത്തവൾ.
153. നിഷ്കളങ്കാ=പാപരഹിതയായവൾ.
154. നിരുപാധിഃ=അവിദ്യയാകുന്ന ഉപാധിയാൽ ബാധിക്കപ്പെടാത്തവൾ.
155. നിരീശ്വരാ=തനിക്കു ഈശ്വരനായിട്ടു അന്യനില്ലാത്തവൾ.

132 മുതൽ 155–വരെ നാമങ്ങൾ പരബ്രഹ്മസ്വരൂപത്തെ വൎണ്ണിക്കുന്നു. ശ്രീദേവിതന്നെയാണു നിഷ്കളബ്രഹ്മവും എന്നൎത്ഥം.

156. നീരാഗാ=ഒന്നിലും ഇച്ഛയോ സ്നേഹമോ ഇല്ലാത്തവൾ.
157. രാഗമഥനീ=വൈരാഗ്യപ്രദാനത്താൽ ഭക്തന്മാരുടെ രാഗത്തെ നശിപ്പിക്കുന്നവൾ.
158. നിൎമ്മദാ=മദം ഇല്ലാത്തവൾ.

159. മദനാശിനീ=മദത്തെ നശിപ്പിക്കുന്നവൾ.

160. നിശ്ചിന്താ=ശോകജനകമായ ചിന്തയില്ലാത്തവൾ.

161. നിരഹംകാരാ=അഹങ്കാരമില്ലാത്തവൾ.

162. നിർമ്മോഹാ= ബുദ്ധിഭ്രമകരമായ മോഹം ഇല്ലാത്തവൾ.

163. മോഹനാശിനീ=ജ്ഞാനപ്രദാനത്താൽ മോഹത്തെ നശിപ്പിക്കുന്നവൾ.

164. നിർമ്മമാ=ഒന്നിലും മമത ഇല്ലാത്തവൾ.

165. മമതാഹന്ത്രീ = അദ്വൈതജ്ഞാനദാനത്താൽ സംസാരഹേതുവായ മമതാബുദ്ധിയെ നശിപ്പിക്കുന്നവൾ.

166. നിഷ്പാപാ=പാപരഹിതയായവൾ.

167. പാപനാശിനീ=ഭക്തന്മാരുടെ പാപത്തെ നശിപ്പിക്കുന്നവൾ.

168. നിഷ്ക്രോധാ=ക്രോധമില്ലാത്തവൾ.

169. ക്രോധശമനീ=ഭക്തന്മാരുടെ ക്രോധത്തെ ശമിപ്പിക്കുന്നവൾ.

170. നിർല്ലോഭാ= അത്യന്തൌദാൎയ്യവതിയാകയാൽ ലോഭം ഇല്ലാത്തവൾ.

171. ലോഭനാശിനീ=ഭക്തന്മാരുടെ ലോഭത്തെ നശിപ്പിക്കുന്നവൾ.

172. നിസ്സംശയാ=ജ്ഞാനവിഷയത്തിൽ സംശയമില്ലാത്തവൾ.

173. സംശയഘ്നീ=ഭക്തന്മാരുടെ സംശയങ്ങളെ നശിപ്പിക്കുന്ന പരമഗുരു.
174. നിർഭവാ=ഉൽപ്പത്തിരഹിതയായവാ. അനാദി.
175. ഭവനാശിനി=ഭക്തന്മാരുടെ സംസാരദുഃഖത്തെ നശിപ്പിക്കുന്നവാ.
176. നിർവ്വികല്പാ=മനോവാഗഗോചരമായ നിത്യജ്ഞാനരൂപാ.
177. നിരാബാധാ=മിഥ്യാത്വം ബാധിക്കാത്ത സത്വസ്തു.
178. നിർഭേദാ=രണ്ടെന്നു ഭേദമില്ലാത്ത ഏകവസ്തു.
179. ഭേദനാശിനീ=ഭക്തന്മാരുടെ ദ്വൈതഭ്രമത്തെ തത്വജ്ഞാനദാനത്താൽ നശിപ്പിക്കുന്നവാ.
180. നിർനാശാ=നാശമില്ലാത്തവാ.
181. മൃത്യുമഥനീ=ഭക്തന്മാൎക്ക് അമരത്വം കൊടുക്കുന്നവാ.
182. നിഷ്ക്രിയാ=ഒന്നും പ്രവൎത്തിക്കാത്തവാ. അയസ്കാന്തത്തിൻെറ സന്നിധിമാത്രംകൊണ്ടു സൂചി ഇളകുന്നതുപോലെ ബ്രഹ്മത്തിൻെറ സന്നിധിമാത്രത്താൽ പ്രപഞ്ചസൃഷ്ട്യാദിക്രിയകാം നടക്കുന്നതല്ലാതെ ബ്രഹ്മം ഒന്നും പ്രവൎത്തിക്കുന്നില്ലെന്നൎത്ഥം.
183. നിഷ്പരിഗ്രഹാ=ധനധാന്യപുത്രമിത്ര ഭൃത്യാദി സ്വീയമെന്നു സാധാരണമനുഷ്യൻ അഭിമാനിക്കുന്നതായ വസ്തുക്കളില്ലാത്തവാ.
184. നിസ്തുലാ=ഉപമിക്കാൻ പാടില്ലാത്തവാ. ഇന്നതിന്നു തുല്യമാണെന്നു പറയുവാൻതക്ക അന്യ

വസ്തു ഇല്ലെന്നൎത്ഥം.

156 മുതൽ 184-വരെ പദങ്ങൾ ശ്രീദേവിയെ നിൎഗ്ഗുണ ബ്രഹ്മമായും ഉപാസകന്മാൎക്ക് ബ്രഹ്മത്വസിദ്ധിക്കുള്ള സാധനമായും പ്രതിപാദിക്കുന്നു.

185. നീലചികുരാ=നീലവൎണ്ണമുള്ള തലമുടിയോടുകൂടിയവൾ.

186. നിരപായാ=നാശമില്ലാത്തവൾ.

187. നിരത്യയാ=യാതൊരു തെറ്റും ചെയ്യാത്തവൾ.

188. ദുൎല്ലഭാ=അറിയപ്പെടുവാൻ പ്രയാസമുള്ളവൾ.

189. ദുൎഗ്ഗമാ=പ്രത്യക്ഷമാകുവാൻ പ്രയാസമുള്ളവൾ.

190. ദുൎഗ്ഗാ=ദുൎഗ്ഗനെന്ന അസുരനെ കൊന്നതിനാൽ ദുൎഗ്ഗാ എന്ന പേർ പറയപ്പെടുന്നവൾ. ഒമ്പതു വയസ്സ് പ്രായമുള്ള കന്യകയുടെ രൂപം ധരിച്ചവൾ എന്നും അൎത്ഥമാവാം.

191. ദുഃഖഹന്ത്രീ=സംസാരദുഃഖത്തെ നശിപ്പിക്കുന്നവൾ.

192. സുഖപ്രദാ=ഇഹലോകപരലോകസുഖങ്ങളെ കൊടുക്കുന്നവൾ.

193. ദുഷ്ടദൂരാ=ദുഷ്ടന്മാരാൽ അറിയപ്പെടുവാൻ സാധ്യമല്ലാത്തവൾ.

194. ദുരാചാരശമനീ=ശാസ്ത്രവിരുദ്ധാചാരങ്ങളാലുണ്ടാകുന്ന പാപത്തെ നശിപ്പിക്കുന്നവൾ.

195. ദോഷവൎജ്ജിതാ = രാഗദ്വേഷാദിദോഷങ്ങളില്ലാത്തവൾ.

196. സൎവ്വജ്ഞാ=എല്ലാം അറിയുന്നവൾ.

197. സാന്ദ്രകരുണാ=കരുണയുടെ കട്ട.

198. സമാനാധികവൎജ്ജിതാ=തൽസമമായിട്ടൊ അധികമായിട്ടൊ അന്യവസ്തുക്കളില്ലാ എന്നൎത്ഥം.

199. സൎവ്വശക്തിമയീ=സകലദേവന്മാരുടെയും വസ്തുക്കളുടേയും ശക്തികൾ തന്നിൽ നിക്ഷിപ്തമായിട്ടുള്ളവൾ.

200. സൎവ്വമംഗളാ=ശോഭനങ്ങളും ശ്രേയസ്സുകളും ആയ സകലവും കൊടുത്ത് ഭക്തജനസങ്കടം കളയുന്നവൾ.

201. സൽഗതിപ്രദാ=സ്വൎഗ്ഗാദിമോക്ഷാന്തമുള്ള സൽഗതികളെ കൊടുക്കുന്നവൾ.

202. സൎവ്വേശ്വരീ=സകലത്തിന്നും സ്വാമിനിയായിരിക്കുന്നവൾ.

203. സൎവ്വമയീ=സകലവസ്തുക്കളിലും സത്തായിരിക്കുന്നവൾ.

204. സൎവ്വമന്ത്രസ്വരൂപിണീ=മന്ത്രങ്ങൾ ഏഴുകോടിയും ശ്രീദേവിയുടെ അവയവങ്ങളാണെന്നൎത്ഥം.

205. സൎവ്വയന്ത്രാത്മികാ=ഷൾക്കോണാദി സകലയന്ത്രങ്ങളും ശ്രീദേവിയുടെ അവയവങ്ങളാണെന്നൎത്ഥം.

206. സൎവ്വതന്ത്രരൂപാ=വാമകേശ്വരാദിസകലതന്ത്രങ്ങളും ശ്രീദേവിയുടെ അവയവങ്ങളാണെന്നൎത്ഥം.

207. മനോന്മനീ=ഭ്രൂമദ്ധ്യത്തിൽനിന്ന് എട്ടാമത്തെ ബ്രഹ്മരന്ധ്രത്തിന്നു ചോടെയുള്ളതുമായ മനോന്മനീ എന്ന സ്ഥാനത്തിന്റെ രൂപമുള്ളവൾ. മനോന്മനാഖ്യ ശിവന്റെ ശക്തി എന്നും ആവാം.

208. മാഹേശ്വരീ=ത്രിഗുണാതീതനായ മഹേശ്വരന്റെ ശക്തി.

209. മഹാദേവീ=മഹാദേവന്റെ ശക്തി. മഹാദേവൻ ചന്ദ്രരൂപിയായ ശിവൻ. ഈ ശക്തിക്കു രോഹിണീ എന്നും പേരു പറയും. സാളഗ്രാമക്ഷേത്രത്തിൽ പ്രതിഷ്ഠിതാ.

210. മഹാലക്ഷ്മീ=സൎവ്വൈശ്വൎയ്യയുക്തയായ ശിവശക്തി. കരവീര (കൊല്ലാപ്പൂർ) ക്ഷേത്രത്തിൽ പ്രതിഷ്ഠിതാ. പതിമൂന്നുവയസ്സു പ്രായമുള്ള കന്യകാരൂപമുള്ളവൾ എന്നും അൎത്ഥമാവാം.

211. മൃഡപ്രിയാ=മൃഡൻ എന്നു പേരുള്ള സത്വഗുണസ്വരൂപനായ ശിവന്റെ ശക്തി.

212. മഹാരൂപാ=പ്രധാന, പുരുഷ, വ്യക്ത, കാല എന്നീ രൂപചതുഷ്ടയങ്ങളിലും ഉൽകൃഷ്ടമായ രൂപമുള്ളവൾ. പരബ്രഹ്മം എന്നൎത്ഥം.

213. മഹാപൂജ്യാ=പൂജ്യന്മാരായ ദേവന്മാരിലും പൂജ്യയായിട്ടുള്ളവൾ.

214. മഹാപാതകനാശിനീ= ബ്രഹ്മഹത്യാദിമഹാപാതകങ്ങളെക്കൂടി നശിപ്പിക്കുന്നവൾ.

215. മഹാമായാ= ബ്രഹ്മാദികളെക്കൂടി മോഹിപ്പിക്കുന്ന മായാശക്തി.

216. മഹാസത്വാ= ശ്രേഷ്ഠങ്ങളായ സ്വഭാവാദിഗുണങ്ങളുള്ളവൾ.

217. മഹാശക്തി:= ജഗൽസൃഷ്ട്യാദി അനേകവിധ സാമൎത്ഥ്യങ്ങളുള്ളവൾ.

218. മഹാരതി:= വിഷയങ്ങളിലുള്ള പ്രീതിയേക്കാറം അധികമായ പ്രീതി ജ്ഞാനികറംക്ക് ആരിലുണ്ടോ അവറം.

219. മഹാഭോഗാ= അനേകവിധസുഖജനകവസ്തുക്കളെള്ളവറം.

220. മഹൈശ്വര്യാ= മഹത്തായ ഐശ്വര്യമുള്ളവറം.

221. മഹാവീര്യാ= മഹത്തായ തേജഃപ്രഭാവാദികളുള്ളവറം.

222. മഹാബലാ= അസംഖ്യസൈന്യങ്ങളുള്ളവറം.

223. മഹാബുദ്ധി:= അതിഗംഭീരബുദ്ധിയോടുകൂടിയവറം.

224. മഹാസിദ്ധി:= അസംഖ്യയോഗസിദ്ധികളുള്ളവറം.

225. മഹായോഗേശ്വരേശ്വരീ=മഹാന്മാരായ യോഗീശ്വരന്മാരാലും പൂജ്യയായ ഈശ്വരീ.

226. മഹാതന്ത്രാ= സ്വതന്ത്രം എന്നപേരായ മഹാതന്ത്രത്തിൽ പ്രതിപാദിക്കപ്പെട്ടവറം.

227. മഹാമന്ത്രാ= ശ്രീവിദ്യാ എന്നപേരായ മഹാമന്ത്രംകൊണ്ടു് ഉപാസിക്കപ്പെടുന്നവറം.

228. മഹായന്ത്രാ= സിദ്ധിവജ്രമെന്ന മഹായന്ത്രംകൊണ്ടു് ആരാധിക്കപ്പെടുന്ന മൂർത്തി.

229. മഹാസനാ= ക്ഷിത്യാദി 36 തത്വങ്ങറം ആസനമാക്കി സ്ഥിതിചെയ്യുന്നവറം.

230. മഹായാഗക്രമാരാധ്യാ= ഭാവനോപനിഷത്തിൽ പ്രതിപാദിച്ചിട്ടുള്ള മഹായാഗത്തിൻെറ വിധിപ്രകാരം ആരാധിക്കപ്പെടുന്നവറം.

൨൮൧. മഹാഭൈരവപൂജിതാ= പരമശിവനാൽ പൂജിക്കപ്പെട്ടന്നവൾ.

൨൮൨. മഹേശ്വരമഹാകല്പമഹാതാണ്ഡവസാക്ഷിണീ= കല്പാന്തപ്രളയകാലത്തിൽ വിശ്വോപസംഹാരത്താലുണ്ടായ ആനന്ദംകൊണ്ടു് മഹേശ്വരൻ അതിശയമായ നൃത്തംചെയ്യു. ആ നൃത്തം കണ്ടവൾ. ജഗത്തെല്ലാം നശിച്ചാലും ശേഷിക്കുന്നവൾ എന്നത്ഥം.

൨൮൩. മഹാകാമേശമഹിഷീ= പരമശിവനാകുന്ന രാജാവിൻെറ പട്ടരാണി.

൨൮൪. മഹാത്രിപുരസുന്ദരീ= ത്രിപുരാംബികയായി മഹാസുന്ദരിയായിട്ടുള്ളവൾ. ത്രിപുരം എന്നതു് വേദാന്തോക്തങ്ങളായമാതൃ–മാന–മേയങ്ങളെ മൂന്നു പുരങ്ങളായി കല്പിച്ചിട്ടുള്ളതു്.

൨൮൫. ചതുഃഷഷ്ട്യുപചാരാഢ്യാ= കല്പസൂത്രോക്തങ്ങളായ 64 പൂജാക്രമങ്ങളാൽ പൂജിതയായിട്ടുള്ളവൾ.

൨൮൬. ചതുഃഷഷ്ടികലാമയീ= 64 കലാവിദ്യകളിലും അല്ലെങ്കിൽ 64 തന്ത്രങ്ങളിലും പ്രതിപാദിക്കപ്പെട്ടവൾ.

൨൮൭. മഹാചതുഃഷഷ്ടികോടിയോഗിനീഗണസേവിതാ= 64 കോടിയോഗിനീഗണങ്ങളാൽ സേവിക്കപ്പെടുന്നവൾ. യോഗിനീഗണം. ബ്രാഹ്മീ മുതലായ അഷ്ടമാതൃക്കളുടെ അംശഭൂതകളായി അക്ഷോഭ്യാദി 64 യോഗിനികളുണ്ടു്. ഇതിൽ ഓരോ

യോഗിനിക്ക് അംശഭൂതങ്ങളായി കോടിഗണങ്ങളുണ്ട്.

238. മനുവിദ്യാ= മനുവിൻെറ സമ്പ്രദായത്തിലുള്ള ശ്രീവിദ്യാസ്വരൂപിണീ. ശ്രീവിദ്യോപാസകന്മാരിൽ മുഖ്യന്മാർ, മനു—ചന്ദ്രൻ—കുബേരൻ, ലോപാമുദ്ര മുതലായി 12പേർ. ഇവരാൽ 12പ്രകാരം ശ്രീവിദ്യാപ്രസ്താരം ഉണ്ടായിട്ടുണ്ട്.

239. ചന്ദ്രവിദ്യാ= ചന്ദ്രൻെറ സമ്പ്രദായത്തിലുള്ള ശ്രീവിദ്യാസ്വരൂപിണി.

240. ചന്ദ്രമണ്ഡലമദ്ധ്യഗാ=ചന്ദ്രമണ്ഡലത്തിൽ സ്ഥിതിചെയ്യുന്നവൾ. ശിവൻ അഗ്നിയിലും ദേവി ചന്ദ്രമണ്ഡലത്തിലും നാരായണൻ സൂര്യമണ്ഡലത്തിലും സ്ഥിതിചെയ്യുന്നു എന്നു പുരാണവചനം. കുണ്ഡലിനീശക്തിരൂപയായി സഹസ്രാരകർണ്ണികാചന്ദ്രനെ ഭേദിച്ച് അന്തർഗ്ഗതയാകുന്നവൾ എന്നും അർത്ഥമാവാം.

241. ചാരുരൂപാ=സുന്ദരരൂപമുള്ളവൾ.

242. ചാരുഹാസാ=സുന്ദരമായ മന്ദസ്മിതത്തോടു കൂടിയവൾ.

243. ചാരുചന്ദ്രകലാധരാ=അതിശയമായ ചന്ദ്രകലയെ ധരിച്ചവൾ. സാദാഖ്യയായ വൃദ്ധിക്ഷയരഹിത ചന്ദ്രകലയാണ് ശ്രീദേവി ധരിച്ചിരിക്കുന്നതു്.

244. ചരാചരജഗന്നാഥാ= സ്ഥാവരജംഗമങ്ങളോടു കൂടിയ ജഗത്തിന്ന് ഈശ്വരി.

245. ചക്രരാജനികേതനാ=ശ്രീചക്രത്തിൽ വാസം ചെയ്യുന്നവൾ.

246. പാൎവ്വതീ=ഹിമവൽപൎവ്വതരാജന്റെ പുത്രിയായി അവതരിച്ചവൾ.

247. പത്മനയനാ=പത്മങ്ങളെപ്പോലെ കോമളങ്ങളായ നയനങ്ങളുള്ളവൾ.

248. പത്മരാഗസമപ്രഭാ= പത്മരാഗം എന്ന ചുകപ്പുരത്നത്തിന്നു് സമമായ കാന്തിയുള്ളവൾ.

249. പഞ്ചപ്രേതാസനാസീനാ= പഞ്ചപ്രേതങ്ങളെ നാലുകാലുകളും പലകയും ആയി കല്പിച്ചിട്ടുള്ള പീഠത്തിന്മേൽ ഇരിക്കുന്നവൾ. പഞ്ചപ്രേതങ്ങൾ. ബ്രഹ്മാവു്, വിഷ്ണു, രുദ്രൻ, ഈശ്വരൻ, സദാശിവൻ. ഏവനും ചൈതന്യശക്തിവേൎവ്വിട്ടാൽ ശവതുല്യമാകയാൽ ശക്തിയുക്തന്മാരല്ലാത്ത ഈശ്വരന്മാരെ പ്രേതങ്ങൾ എന്നു പറയപ്പെടുന്നു. അതുകൊണ്ടു് എല്ലാ ഈശ്വരന്മാരുടേയും ചൈതന്യശക്തിയാണു് ശ്രീദേവി എന്നൎത്ഥം. മേല്പറഞ്ഞ അഞ്ചു് മൂൎത്തികളിൽ ഓരോരുത്തരുടേയും പ്രേതതുല്യമായ ദേഹത്തിൽ ചൈതന്യശക്തിയായി ഇരിക്കുന്നവൾ എന്നും അൎത്ഥമാവാം.

250. പഞ്ചബ്രഹ്മസ്വരൂപിണീ= പഞ്ചബ്രഹ്മങ്ങളുടെ സ്വരൂപം ധരിച്ചവൾ. പഞ്ചബ്രഹ്മങ്ങൾ= ഈശാന, തൽപുരുഷ, അഘോര, വാമദേവ, സ

ദ്യോജാത. എന്നിങ്ങിനെ ശക്തിയുക്തബ്രഹ്മത്തിൻെറ അഞ്ചു് മൂർത്തിവിശേഷങ്ങൾ.

251. ചിന്മയീ= ചിൽ(ജ്ഞാന)സ്വരൂപിണീ.

252. പരമാനന്ദാ= പരമാനന്ദസ്വരൂപിണി.

253. വിജ്ഞാനഘനരൂപിണീ= സാന്ദ്രമായ ചൈതന്യം തന്നെ എന്നൎത്ഥം. ഹിരണ്യഗൎഭരൂപം ധരിച്ചവൾ. ഈവക പദങ്ങളുടെ താല്പൎയ്യം നിൎഗ്ഗുണബ്രഹ്മവും സകളബ്രഹ്മവും ശ്രീദേവിതന്നെ എന്നാകുന്നു.

254. ധ്യാനധ്യാതൃധ്യേയരൂപാ= ധ്യാനവും ധ്യാനിക്കുന്നവനും ധ്യാനിക്കപ്പെടുന്ന വസ്തുവും എല്ലാം ശ്രീദേവിയാകുന്നബ്രഹ്മംതന്നെ എന്നൎത്ഥം.

255. ധൎമ്മാധൎമ്മവിവൎജ്ജിതാ= ശാസ്ത്രങ്ങളിൽ പറയുന്ന വിധിനിഷേധങ്ങൾ അജ്ഞാനദശയിലുള്ള ജീവികൾക്കു് മാത്രം ബാധകമാകയാൽ അവയാൽ ബാധിക്കപ്പെടാത്തവൾ എന്നൎത്ഥം.

256. വിശ്വരൂപാ= ഇക്കാണുന്ന പ്രപഞ്ചം യാതൊരു ചൈതന്യത്തിൻെറ സ്ഥൂലരൂപംതന്നെയാകുന്നുവോ ആ ചൈതന്യം ശ്രീദേവിയാകുന്നു എന്നൎത്ഥം. സ്ഥൂലഭൂതോപാധിയോടുകൂടിയ ചൈതന്യത്തിന്നു വിശ്വം എന്നാണു് വേദാന്തികൾ പറയുക. ഇതിൻെറ സമഷ്ടിയായ രൂപത്തിന്നു് വൈശ്വാനരൻഎന്നും പറയും. ഇതു് ശ്രീദേവിയുടെ ഒരു രൂപമാണെന്നും അൎത്ഥമാവാം.

257. ജാഗരിണീ= ജാഗ്രദവസ്ഥയിൽ സ്ഥൂലശരീരാഭിമാനിയായ ജീവാത്മാ.

258. സ്വപന്തീ= സ്വപ്നാവസ്ഥയിൽ സൂക്ഷ്മശരീരാഭിമാനിയായ ജീവാത്മാ.

259. തൈജസാത്മികാ= സൂക്ഷ്മഭൂതോപാധിയോടുകൂടിയ ചൈതന്യത്തിന്നു് വെദാന്തികൾ പറയുന്നപേരു് തൈജസൻ. ഇതിന്റെ സമഷ്ടിയായ രൂപത്തിന്നു് ഹിരണ്യഗർഭൻ എന്നുംപറയും. ഇതും ശ്രീദേവിയുടെ പ്രകാരാന്തരമായ രൂപം മാത്രമാണു് എന്നർത്ഥം.

260. സുപ്താ= സുഷുപ്തിഎന്നുപറയുന്ന അവസ്ഥയിൽ കാരണശരീരാഭിമാനിയായ ജീവാത്മാ.

261. പ്രാജ്ഞാത്മികാ= കാരണഭൂതോപാധിയോടുകൂടിയ ചൈതന്യത്തിന്നു് വേദാന്തികൾ പറയുന്നപേരു് പ്രാജ്ഞൻ. ഇതിന്റെ സമഷ്ടിയായ രൂപത്തിന്നു് ഈശ്വരൻ എന്നുംപറയും. ഇതും ശ്രീദേവിയുടെതന്നെ അന്യരൂപം മാത്രമാണെന്നർത്ഥം.

262. തുര്യാ= ജാഗ്രൽ—സ്വപ്ന—സുഷുപ്തി. എന്നീ മൂന്നവസ്ഥകൾക്കും മീതെ തുര്യാവസ്ഥ എന്നൊന്നുണ്ടെന്നു് താന്ത്രികന്മാരുടെ സിദ്ധാന്തം. ഇതു് ജ്ഞാനജന്യവും യോഗികളാൽമാത്രം പ്രാപ്യവും ആകുന്നു. ഈ അവസ്ഥയിലുള്ള മഹാകാരണശരീരാഭിമാനിയായ ജീവാത്മാവിനെയാണു് തുര്യം എന്നു പറയുന്നതു്.

അദ്വൈതനിഷ്ഠമുള്ളബ്രഹ്മമെന്നും അർത്ഥം ആവാം.

263. സർവ്വാവസ്ഥാവിവർജ്ജിതാ= ജാഗ്രദാദി യാതൊരവസ്ഥയും ഇല്ലാതെ മായാസംബന്ധമില്ലാത്ത ബ്രഹ്മസ്വരൂപം.

താന്ത്രികന്മാരുടെ സിദ്ധാന്തത്തിൽ ജാഗ്രൽ, സ്വപ്ന, സുഷുപ്തി, തുർയ്യം എന്നീ നാലവസ്ഥകൾക്കും പുറമെ തുർയ്യാതീതം എന്നൊരവസ്ഥയുണ്ടെന്നും ഈ അവസ്ഥയെ പ്രാപിച്ച മഹായോഗി പുനരാവൃത്തിയില്ലാതെ ശിവതുല്യനാണെന്നുംഉണ്ട്. ഈ അഞ്ചാമത്തെ അവസ്ഥയെപ്രാപിച്ച ജീവാത്മാവിന്നും സർവ്വാവസ്ഥാവർജ്ജിതത്വം കല്പിക്കാമെന്നും അതും ശ്രീദേവിയുടെ പ്രകാരാന്തരരൂപംതന്നെയാണെന്നും ഒരു പക്ഷമുണ്ട്.

264. സൃഷ്ടികർത്രീ= പ്രപഞ്ചത്തെ സൃഷ്ടിച്ചവൾ. മായോപാധിയുതമായ ബ്രഹ്മചൈതന്യത്തിന്ന് സൃഷ്ടി, സ്ഥിതി, സംഹാരം, തിരോധാനം, അനുഗ്രഹം എന്നിങ്ങിനെ അഞ്ചു കൃത്യങ്ങളുണ്ടെന്നും അതുകാരണം ക്രമേണ ബ്രഹ്മാ വിഷ്ണു രുദ്രൻ ഈശ്വരൻ സദാശിവൻ എന്നീ അഞ്ചുപേരുകളുണ്ടെന്നും താന്ത്രികന്മാരുടെ സിദ്ധാന്തം. ഇതിനെ അനുസരിച്ചാണ്. 264 മുതൽ 274വരെ നാമങ്ങൾ.

265. ബ്രഹ്മരൂപാ= സൃഷ്ടിക്കുവേണ്ടി രജോഗുണപ്രധാന

ഈശ്വരനായ ചതുർമ്മുഖബ്രഹ്മാവിൻെറ രൂപം
ധരിച്ചവൾ.

266. ഗോപ്ത്രീ= പ്രപഞ്ചത്തെ പാലിക്കുന്നവൾ.

267. ഗോവിന്ദരൂപിണീ= പാലനത്തിന്നു വേണ്ടി സത്വ
ഗുണപ്രധാന ഈശ്വരനായ വിഷ്ണുവിൻെറ രൂപം
ധരിച്ചവൾ. ഭൂമിയെ പാതാളത്തിൽ നിന്നു ഉ
ദ്ധരിക്കയാൽ വിഷ്ണുവിന്നു ഗോവിന്ദനാമധേയം.

268. സംഹാരിണീ= കല്പാന്തത്തിങ്കൽ പരമാണുക്കൾ ഒഴി
കെ മററു സർവ്വ പ്രപഞ്ചത്തേയും നശിപ്പിക്കുന്ന
വൾ.

269. രുദ്രരൂപാ= സംഹാരത്തിന്നുവേണ്ടി തമോഗുണപ്ര
ധാന ഈശ്വരനായ രുദ്രൻെറ രൂപം ധരിച്ചവൾ.

270. തിരോധാനകരീ= പ്രളയത്തിൽ പ്രപഞ്ചത്തെ നി
ശ്ശേഷവും പ്രകൃതിയിൽ ലയിപ്പിക്കുന്നവൾ. മാ
യാപാശത്താൽ ബന്ധിക്കുന്നവൾ എന്നും അർത്ഥ
മാവാം.

271. ഈശ്വരീ= തിരോധനകൃത്യത്തിന്നുവേണ്ടി ഘനാ
നശുദ്ധസത്വപ്രധാന ഈശ്വരരൂപംധരിച്ചവൾ.

272. സദാശിവാ= അനുഗ്രഹകൃത്യത്തിന്നുവേണ്ടി വിശു
ദ്ധശുദ്ധസത്വപ്രധാനമായ സദാശിവരൂപംധരി
ച്ചവൾ.

273. അനുഗ്രഹദാ= പ്രളയത്തിൽലയിപ്പിച്ചു പ്രപഞ്ച
ത്തെ വീണ്ടും സൃഷ്ടികൃത്യത്തിൽ ഉദ്ധരിക്കുന്നവൾ.
മോക്ഷദായിനിഎന്നും അർത്ഥം ആവാം.

274. പഞ്ചകൃത്യപരായണാ= സൃഷ്ട്യാദി പഞ്ചകൃത്യങ്ങൾക്കും പരമാശ്രയഭൂതയായിട്ടുള്ളവൾ.

275. ഭാനുമണ്ഡലമദ്ധ്യസ്ഥാ= സൂര്യമണ്ഡലത്തിൽ സ്ഥിതിചെയ്യുന്നവൾ. ഈ സ്ഥിതിയിലാണ് സന്ധ്യാസമയം ശ്രീദേവിയെധ്യാനിക്കുക.

276. ഭൈരവീ= പരമശിവന്റെ ശക്തി. പന്ത്രണ്ടുവയസ്സ് പ്രായമുള്ള കന്യകാരൂപംധരിച്ചവൾ എന്നും ആവാം.

277. ഭഗമാലിനീ= ഭഗശബ്ദാൎത്ഥമായ ഷാഡ്ഗുണങ്ങളെ ധരിച്ചവൾ. ഐശ്വൎയ്യം-ധൎമ്മം-യശസ്സ്-ശ്രീ-ജ്ഞാനം-വിജ്ഞാനം- എന്നിവ ഷാഡ്ഗുണങ്ങൾ.

278. പത്മാസനാ= പത്മത്തിൽ ഇരിക്കുന്നവൾ. ശ്രീദേവീപീഠമായ പത്മത്തിന്ന പത്രം പ്രകൃതിയും കേസരം, വികാരവും, നാളം സംവിത്തും ആകുന്നു എന്നിത്യാദി വിശേഷവിധികളുണ്ട്. പത്മാസനം എന്ന യോഗശാസ്ത്രപ്രസിദ്ധആസനത്തിൽ, ഇരിക്കുന്നവൾ എന്നും അൎത്ഥം ആവാം.

279. ഭഗവതീ= ഉൽപ്പത്തി-പ്രളയം. ജീവികളുടെ ഗതിയും ആഗതിയും അവിദ്യയുടേയും വിദ്യയുടേയും തത്വവും അറിയുന്നവൾ.

280. പത്മനാഭസഹോദരീ= ശ്രീവിഷ്ണുവിന്റെ കൂടെപ്പിറന്നവൾ. പരബ്രഹ്മം രണ്ട് രൂപത്തെ ധരിച്ചു. അതിൽ ധൎമ്മം എന്ന പുരുഷരൂപം വിഷ്ണുവും ധൎമ്മി എന്ന സ്ത്രീരൂപം പരമശിവമഹിഷിയും ആകുന്നു

എന്നു കൂർമ്മപുരാണാദികളിൽ പറയുന്നു. ശ്രീകൃഷ്ണസോദരിയായ സുഭദ്രതന്നെയാണ് ഹിമവൽ പുത്രിപാർവ്വതിയായി അവതരിച്ചത് എന്നു ബ്രഹ്മ പുരാണത്തിൽപറയുന്നു.

൨൮൧. ഉന്മേഷനിമിഷോൽപന്നവിപന്നഭുവനാവലീ=ശ്രീദേവി കണ്ണുമിഴിച്ചാൽ ഭുവനങ്ങളുടെ സമൂഹമെല്ലാം ഉൽപത്തിയാകുമെന്നും കണ്ണടച്ചാൽ നശിക്കുമെന്നും അർത്ഥം.

൨൮൨. സഹസ്രശീർഷവദനാ = അനന്തങ്ങളായ ശിരസ്സ് മുഖം മുതലായ അവയവങ്ങളുള്ളവൾ. വിശ്വം മുഴുവനും ദേവീമയമാകയാൽ.

൨൮൩. സഹസ്രാക്ഷീ= അനേക നേത്രങ്ങളുള്ളവൾ. വിശ്വരൂപിണി ആകയാൽ.

൨൮൪. സഹസ്രപാൽ= അനേകപാദങ്ങളുള്ളവൾ.

൨൮൫. ആബ്രഹ്മകീടജനനീ= ബ്രഹ്മാവുമുതൽ പുഴുവരെ സർവ്വപ്രാണികളെയും സൃഷ്ടിച്ചവൾ.

൨൮൬. വർണ്ണാശ്രമവിധായിനീ = വേദോക്തകർമ്മരക്ഷക്കു വേണ്ടി ബ്രാഹ്മണാദിജാതികളേയും ബ്രഹ്മചര്യാദി ആശ്രമങ്ങളേയും കല്പിച്ചവൾ.

൨൮൭. നിജാജ്ഞാരൂപനിഗമാ= വേദങ്ങൾ തന്റെ ആജ്ഞാരൂപങ്ങളാകുന്നു എന്നർത്ഥം. വേദോക്തകർമ്മാദികളെല്ലാം ശ്രീദേവി കല്പിച്ചിട്ടുള്ളതാണെന്നർത്ഥം.

൨൮൮. പുണ്യാപുണ്യഫലപ്രദാ=പുണ്യപാപങ്ങളുടെ ഫല

ങ്ങളായി സ്വർഗ്ഗനരകങ്ങളെ കൊടുക്കുന്നവൾ. കർമ്മഫലം വിധിച്ചിട്ടുള്ളതു് ഈശ്വരിയാണെന്നർത്ഥം.

289. ശ്രുതിസീമന്തസിന്ദൂരീകൃതപാദാബ്ജധൂളികാ=വേദ (ശ്രുതി)മാകുന്ന സ്ത്രീമൂർദ്ധാ (സീമന്ത)വിൽ ധരിക്കുന്ന സിന്ദൂരസ്ഥാനത്തിൽ വെച്ചിരിക്കുന്നതു് ആരുടെ പാദപത്മത്തിലെ പൊടി ആകുന്നുവോ അവൾ. വേദമൂർദ്ധാവു് എന്നതു് വെദാന്തമായ ഉപനിഷത്തുകൾ. സിന്ദൂരമെന്നതു് അവയിൽ അന്തർഗ്ഗതമായ രഹസ്യാർത്ഥം. വേദാന്താർത്ഥതത്വങ്ങളാൽക്കൂടി ശ്രീദേവിയുടെ ചരണകമലത്തിലെ രജസ്സെന്നപോലെ അത്യല്പമായും നിസ്സാരമായുംഉള്ള ഭാഗമെ അറിവാൻ കഴിയുന്നുള്ളൂ സ്വരൂപജ്ഞാനം സിദ്ധിക്കുന്നില്ലഎന്നു ധ്വനി. ശ്രീദേവിയുടെ പാദപത്മത്തിലെപൊടി സർവ്വനമസ്കൃതമായവേദംകൂടി മംഗളാർത്ഥം സ്ത്രീകൾ സിന്ദൂരമെന്നപോലെ ശിരസ്സിൽധരിച്ചിരിക്കുന്നു എന്നും ആവാം. ഇതു് പാദാബ്ജധൂളിയുടെ പവിത്രതാതിശയത്തെ കാണിക്കുന്നു.

290. സകലാഗമസന്ദോഹശുക്തിസംപുടമൌക്തികാ= സകലവേദതന്ത്രസമൂഹമാകുന്ന മുത്തുച്ചിപ്പിയിൽ ഗർഭിതമായ മുത്തു് എന്നുവെച്ചാൽ സകലവേദങ്ങളിലും തന്ത്രങ്ങളിലും ആന്തരമായി പ്രതിപാദിച്ചിരിക്കുന്നതു് ശ്രീദേവിയെ ആണെന്നർത്ഥം.

മൌക്തികം എന്ന പദത്തിന്ന് നാസാഭരണം എ
ന്നും അർത്ഥമാവാം. അതിനാൽ സകലവേദതന്ത്ര
ങ്ങളാലും ശ്രീദേവിയുടെ നാസാഭരണം എന്ന
പോലെ ഒരു നിസ്സാരഭാഗമല്ലാതെ സൂക്ഷ്മസ്വരൂ
പം വർണ്ണിപ്പാൻ സാധിച്ചിട്ടില്ല എന്നുവരുന്നു.

൨൯൧. പുരുഷാർത്ഥപ്രദാ= ധർമ്മാർത്ഥകാമമോക്ഷങ്ങളാകുന്ന ചതുർവ്വിധപുരുഷാർത്ഥങ്ങളേയും കൊടുക്കുന്നവൾ.

൨൯൨. പൂർണ്ണാ= ദേശകാലവസ്തുപരിച്ഛേദരഹിതയായി സർവ്വവ്യാപിനിയായുള്ളവൾ.

൨൯൩. ഭോഗിനീ= സുഖസാക്ഷാൽക്കാരസ്വരൂപിണീ.

൨൯൪. ഭുവനേശ്വരീ= പതിനാലു ലോകങ്ങൾക്കും സ്വാമിനിയായുള്ളവൾ.

൨൯൫. അംബികാ= ജഗദംബാ.

൨൯൬. അനാദിനിധനാ= ജനനമരണങ്ങൾ ഇല്ലാത്തവൾ

൨൯൭. ഹരിബ്രഹ്മേന്ദ്രസേവിതാ= വിഷ്ണു, ബ്രഹ്മാവ് ഇന്ദ്രാദിദിക്പാലന്മാർ ഇവരാൽ അവരവരുടെ ശക്തിലാഭത്തിന്നുവേണ്ടി സേവിക്കപ്പെടുന്നവൾ.

൨൯൮. നാരായണീ= നാരായണന്റെ ശക്തി. നാരായണപദം വിഷ്ണുവിന്നും പരമശിവന്നും സംബന്ധികം, നരപദം പരമാത്മവാചിയാകയാൽ. നാ നാരായണസോദരി എന്നും അർത്ഥമാവാം.

൨൯൯. നാദരൂപാ= നാദബ്രഹ്മം സ്വരൂപമായിട്ടുള്ളവൾ.

൩൦൦. നാമരൂപവിവർജ്ജിതാ=മിത്ഥ്യകളായ് നാമരൂപങ്ങൾ സൂക്ഷ്മത്തിൽ ഇല്ലാത്തവൾ. സത്യസ്വരൂപിണി.

301. ഹ്രീംകാരീ= ഹ്രീം എന്ന ഭുവനേശ്വരീമന്ത്രാക്ഷരത്തിൻെറ സ്വരൂപത്തിനുള്ളവൾ. ലജ്ജയുണ്ടാക്കുന്നവൾ എന്നും അൎത്ഥമാവാം.

302. ഹ്രീമതീ=ലജ്ജയുള്ളവൾ.

303. ഹൃദ്യാ= മുനിഹൃദയത്തിൽ വസിക്കുന്നവൾ. രമണീയാ.

304. ഹേയോപാദേയവൎജ്ജിതാ=ഉപേക്ഷിക്കേണ്ടതും സ്വീകരിക്കേണ്ടതുമായി ഒന്നും ഇല്ലാത്തവൾ. പ്രവൃത്തിനിവൃത്തിസംബന്ധമായ ശാസ്ത്രങ്ങളെല്ലാം അജ്ഞാനദശയിലുള്ള ജീവികളെപ്പറ്റിയവയാകയാൽ ശ്രീദേവിക്ക് ബാധകങ്ങളല്ലെന്നൎത്ഥം.

305. രാജരാജാൎച്ചിതാ=രാജരാജനെന്ന പേരുള്ള കുബേരനാലും മനുവിനാലും ഉപാസിക്കപ്പെടുന്നവൾ.

306. രാജ്ഞീ=രാജരാജേശ്വരനായ പരമശിവൻെറ പട്ടമഹിഷി.

307. രമ്യാ=സൌന്ദൎയ്യമുള്ളവൾ.

308. രാജീവലോചനാ=പത്മനേത്രാ. രാജീവശബ്ദത്തിന്നു മാൻ എന്നും മത്സ്യം എന്നും അൎത്ഥങ്ങളുള്ളതിനാൽ മൃഗാക്ഷി എന്നും മീനാക്ഷി എന്നും അൎത്ഥങ്ങൾ ആവാം.

309. രഞ്ജനീ=ഭക്തന്മാരെ രഞ്ജിപ്പിക്കുന്നവൾ.

310. രമണീ=ഭക്തന്മാരെ സന്തോഷിപ്പിക്കുന്നവൾ.

311. രസ്യാ=ഭക്തന്മാൎക്ക് സേവിപ്പാൻ യോഗ്യയായിട്ടുള്ളവൾ.

312. രണൽകിങ്കിണിമേഖലാ = ശബ്ദിക്കുന്ന കിങ്ങിണി കൾ കോർത്ത അരഞ്ഞാൺ ധരിച്ചവൾ.

313. രമാ=ലക്ഷ്മീസ്വരൂപം ധരിച്ചവൾ.

314. രാകേന്ദുവദനാ=പൂൎണ്ണചന്ദ്രസമമുഖമുള്ളവൾ.

315. രതിരൂപാ=കാമപത്നിയായ രതിയുടെ രൂപം ധരി ച്ചവൾ.

316. രതിപ്രിയാ=രതീദേവിയെ പ്രിയം ഉള്ളവൾ.

317. രക്ഷാകരീ=പ്രപഞ്ചപാലനം ചെയ്യുന്നവൾ.

318. രാക്ഷസഘ്നീ=ദുഷ്ടരാക്ഷസവധം ചെയ്യുന്നവൾ.

319. രാമാ=യോഗികൾ സന്തോഷിക്കുന്ന രൂപമുള്ളവൾ· സ്ത്രീരൂപാ എന്നും അൎത്ഥമാവാം.

320. രമണലമ്പടാ=സ്വഭൎത്താവിൽ ലാലസയായിട്ടുള്ള വൾ.

321. കാമ്യാ=മുമുക്ഷുക്കളാൽ കാമിക്കപ്പെടുന്നവൾ.

322. കാമകലാരൂപാ=കമനീയകലയുടെ രൂപം ധരിച്ച വൾ. കല എന്നതു് ചന്ദ്രാഗ്നിവിഗ്രഹങ്ങളോടു കൂടിയ ബിന്ദുക്കൾ.

323. കദംബകുസുമപ്രിയാ= കദംബപുഷ്പങ്ങൾ ഇഷ്ടമുള്ള വൾ.

324. കല്യാണീ=മംഗളസ്വരൂപിണീ.

325. ജഗതീകന്ദാ=ജഗത്തിൻെറ മൂലമായിട്ടുവൾ.

326. കരുണാരസസാഗരാ= സമുദ്രംപോലെ നിരവധിക മായ കരുണാരസം ഉള്ളവൾ.

327. കലാവതീ=64 കലാവിദ്യകളുടേയും ഇരിപ്പിടം.

328. കളാലാപാ=മധുരസ്വരഭാഷിണി.

329. കാന്താ=കമനീയരൂപിണി.

330. കാദംബരീപ്രിയാ=ഉത്തമമദ്യം ഇഷ്ടമുള്ളവൾ.

331. വരദാ=ഭക്തന്മാക്ക് സൎവ്വാഭീഷ്ടദാനം ചെയ്യുന്നവൾ.

332. വാമനയനാ=സുന്ദരലോചനാ.

333. വാരുണീമദവിഹ്വലാ = ഈത്തക്കള്ള് സേവിച്ച് ആനന്ദഭരിതയായിട്ടുള്ളവൾ.

334. വിശ്വാധികാ= വിശ്വത്തെക്കാൾ ഉൽകൃഷ്ടയായ വൾ.

335. വേദവേദ്യാ=വേദങ്ങളാൽ മാത്രം അറിയപ്പെടുവാൻ കഴിയുന്നവൾ.

336. വിന്ധ്യാചലനിവാസിനീ = വിന്ധ്യപൎവ്വതത്തിൽ വസിക്കുന്നവൾ.

337. വിധാത്രീ=ജഗത്തിനെ ധരിക്കുന്നവൾ. ബ്രഹ്മാവി ന്റെ ശക്തി എന്നും അൎത്ഥമാവാം.

338. വേദജനനീ=വേദങ്ങളുടെ ഉല്പത്തിസ്ഥാനം.

339. വിഷ്ണുമായാ=ബ്രഹ്മസ്വരൂപത്തെ മറയ്ക്കുന്നതായ ആ വരണശക്തിരൂപാ.

340. വിലാസിനീ= പ്രപഞ്ചത്തെ വിലസിപ്പിക്കുന്നതാ യ വിക്ഷേപശക്തിരൂപാ.

341. ക്ഷേത്രസ്വരൂപാ=ക്ഷേത്രം തന്റെ രൂപമായിട്ടുള്ള വൾ. ക്ഷേത്രം=വസുധാദിശിവാന്തം 36 തത്വ ങ്ങളടങ്ങിയ ശരീരം.

342. ക്ഷേത്രേശീ=ക്ഷേത്രേശന്റെ ശക്തി. ക്ഷേത്രേശൻ=ശരീരത്തിന്നു് ഈശൻ—പരമശിവൻ.

343. ക്ഷേത്രക്ഷേത്രജ്ഞപാലിനീ= ക്ഷേത്രത്തേയും ക്ഷേത്രജ്ഞനേയും പാലിക്കുന്നവാം. ക്ഷേത്രം= ശരീരം ക്ഷേത്രജ്ഞൻ= ജീവൻ.

344. ക്ഷയവൃദ്ധിവിനിർമ്മുക്താ= ശരീരാത്മികയായ സ്ഥിതിയിൽ ശരീരധർമ്മങ്ങളായ ക്ഷയവൃദ്ധികൾ ഇല്ലാത്തവാം. കർമ്മോത്ഭൂതങ്ങളായ ക്ഷയവും വൃദ്ധിയും ഇല്ലാത്തവാം എന്നും അർത്ഥമാവാം.

345. ക്ഷേത്രപാലസമർച്ചിതാ= ക്ഷേത്രപാലനാൽ പൂജിക്കപ്പെടുന്നവാം. ക്ഷേത്രപാലൻ= ദാരുകാസുരവധത്തിന്നുവേണ്ടി ശിവൻ നിർമ്മിച്ചവളായ കാളിക്കു് വധാനന്തരവും ക്രോധം ശമിക്കായ്കയാൽ ശിവൻ ബാലസ്വരൂപംധരിച്ചു് കാളിയുടെ മുല കുടിച്ചു എന്നും മുലപ്പാലോടുകൂടി ക്രോധത്തേയും പാനംചെയ്തു എന്നും ആ ബാലനാണു് ക്ഷേത്രപാലനെന്നും പുരാണവചനം. യാഗഭൂമിയെ പാലനംചെയ്യുന്ന ദേവതാ എന്നും പദാർത്ഥം

346. വിജയാ= വിശിഷ്ടമായ ജയംസമ്പാദിച്ചവാം. പത്മൻ എന്നുപേരായ ദൈത്യരാജാവിനെ കൊന്നു് ഇവാം ലഭിച്ചതായ നാമധേയം.

347. വിമലാ= അവിദ്യാകൃതമലിനത ഇല്ലാത്തവാം.

348. വന്ദ്യാ= വന്ദിക്കപ്പെടുവാൻ യോഗ്യതയുള്ളവാം.

349. വന്ദാരുജനവത്സലാ=വന്ദിക്കുന്നവരിൽ വാത്സല്യമുള്ളവാം.

350. വാഗ്വാദിനീ= വാക്സാമർത്ഥ്യത്തെകൊടുക്കുന്ന ദേവതാ. ശബ്ദങ്ങളുടെ ജനനിയാകയാലും.

351. വാമകേശീ= സുന്ദരമായ തലമുടിയുള്ളവാം. വാമകേശതന്ത്രത്തിൽ പ്രതിപാദിക്കപ്പെട്ടവാം എന്നും അർത്ഥമാവാം.

352. വഹ്നിമണ്ഡലവാസിനീ= മൂലാധാരത്തിലുള്ള വഹ്നിമണ്ഡലത്തിൽ സ്ഥിതിചെയ്യുന്നവാം.

353. ഭക്തിമൽകല്പലതികാ= ഭക്തന്മാക്ക് കല്പകവൃക്ഷം പോലെ അഭീഷ്ടസിദ്ധിയെ കൊടുക്കുന്നവാം.

354. പശുപാശവിമോചിനീ= ജ്ഞാനഹീനന്മാരായ പശുപ്രായന്മാരായ ജനങ്ങൾക്ക് അജ്ഞാനപാശബന്ധത്തിൽ നിന്ന് മോചനം കൊടുക്കുന്നവാം. മോക്ഷദായിനീ എന്നർത്ഥം.

355. സംഹൃതാശേഷപാഖണ്ഡാ= സകലപാഖണ്ഡന്മാരെയും നശിപ്പിക്കുന്നവാം. പാഖണ്ഡന്മാർ= വേദവിരുദ്ധങ്ങളായ വാദങ്ങളേയും ആചാരങ്ങളേയും സ്വീകരിക്കുന്നവർ.

356. സദാചാരപ്രവർത്തികാ= ധർമ്മം എന്ന് പറയപ്പെടുന്ന സജ്ജനാചാരങ്ങളെ വിധിച്ച് നടത്തിക്കുന്നവാം.

357. താപത്രയാഗ്നിസന്തപ്തസമാഹ്ലാദനചന്ദ്രികാ= താപത്രയമാകുന്ന വഹ്നിയാൽ സങ്കടപ്പെടുന്നവരെ

ചന്ദ്രികാ എന്നപോലെ സന്തോഷിപ്പിക്കുന്നവ ൾ. താപത്രയം– മൂന്നുവിധതാപങ്ങൾ. 1. ആധ്യാത്മികം. സ്വദേഹത്തിൽ നിന്നുത്ഭവിക്കുന്നവ. രാഗം, ക്രോധം. മുതലായവകളാലുണ്ടാവുന്ന ദുഃഖം. 2. ആധിഭൌതികം. അന്യഭൂതങ്ങളിൽ നിന്നുണ്ടാകുന്നവ. ചോരന്മാരാലും വ്യാഘ്രാദികളാലും ഉണ്ടാകുന്ന ദുഃഖം. 3. ആധിദൈവികം. ദേവതകളിൽ നിന്നുത്ഭവിക്കുന്നവ. പ്രേതപിശാചാദിബാധകളാലെന്നപോലെ സംസാരദുഃഖങ്ങൾ എന്നു പറയുന്നതും ഈ താപത്രയംതന്നെ.

358. തരുണീ= നിത്യംതാരുണ്യാവസ്ഥയിലിരിക്കുന്നവൾ.

359. താപസാരാധ്യാ= തപസ്വികളാൽ പൂജിക്കപ്പെട്ടവൾ.

360. തനുമധ്യാ= കൃശോദരി– കാഞ്ചീദേശത്തിൽ നിവായാനദീതീരക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ള ദേവീവിഗ്രഹത്തിന്നും തനുമധ്യാ എന്നു് പേരുണ്ടു്.

361. തമോപഹാ= അജ്ഞാനത്തെ നശിപ്പിക്കുന്നവൾ.

362: ചിതി= ജ്ഞാനസ്വരൂപാ.

363. തൽപദലക്ഷ്യാത്ഥാ= തത്വമസ്യാദി മഹാവാക്യത്തിൽ പറയുന്ന തൽ എന്ന പദത്തിന്നു് ലക്ഷ്യമായി ഭവിക്കുന്നവസ്തു= പരബ്രഹ്മം.

364. ചിദേകരസരൂപിണീ= ചിന്മാത്രംതന്നെ രൂപമായിട്ടുള്ളവൾ. ചിൽ=ജ്ഞാനം– ചിത് മുഖ്യരസ

മായിട്ടുള്ളവറം, എന്നുവെച്ചാൽ, ചിത്തിന്നു പരമെ ആനന്ദാദിഗ്ഗുണങ്ങളുള്ളവറം. എന്നും അൎത്ഥമാവാം.

365. സ്വാത്മാനന്ദലവീഭൂതബ്രഹ്മാദ്യാനന്ദസന്തതിഃ= തൻെറ ആത്മരൂപമായ ആനന്ദത്തിൻെറ ഒരു ലേശംമാത്രമെ ആവുള്ള ബ്രഹ്മാവ് മുതലായ ഈശ്വരന്മാരുടെ ആനന്ദാനുഭവങ്ങളെല്ലാം കൂട്ടിച്ചേൎത്താൽകൂടി എന്നൎത്ഥം.

366. പരാ=ശബ്ദബ്രഹ്മം. താന്ത്രികന്മാരുടെ സിദ്ധാന്തപ്രകാരം വാക്കുകറം ശ്രീദേവിയുടെ മൂൎത്തിവിശേഷങ്ങളാകുന്നു. എല്ലാ വാക്കും ഉച്ചരിക്കുന്നതിൽ ഒന്നാമത്ത് മൂലാധാരത്തിൽനിന്ന് അവ്യക്തമായ ഒരു രവമുണ്ടാകുന്നു. ആ വായു ക്രമേണ അധികമധികം വ്യക്തമായി മേല്പോട്ട് പൊങ്ങി വദനപൎയ്യന്തം എത്തിയ ശേഷം സ്പഷ്ടമായ വാക്കായി പരിണമിക്കുന്നു. മൂലാധാരം, നാഭി, ഹൃദയം, കണ്ഠം ഈ നാലു സ്ഥാനങ്ങളിൽ എത്തുമ്പോറം അതിന്നു പരാ, പശ്യന്തീ, മദ്ധ്യമാ, വൈഖരീ എന്ന സംജ്ഞകളുണ്ട്. അതിൽ പരാ എന്നത് മൂലാധാരസ്ഥിതമായ ശബ്ദബ്രഹ്മം വ്യക്തമാകുവാൻ തുടങ്ങുമ്പോഴത്തെ പ്രഥമദശയാണ്. എല്ലാ ദശകളും ദേവീമൂൎത്തികളാകയാൽ ശ്രീദേവിയും പരാ എന്നു പറയപ്പെടുന്നു.

367. പ്രത്യക്ചിതിരൂപാ=പ്രത്യക്ചിതിയുടെ രൂപം ധ

രിച്ചവാം. പ്രത്യക്ചിതി=സ്വാത്മാഭിമുഖമായ ചിത്. അവ്യക്തം എന്നു പറയപ്പെടുന്ന മായാ വിശിഷ്ടബ്രഹ്മം.

368. പശ്യന്തീ=സൎവ്വേന്ദ്രിയങ്ങളുടേയും വൃത്തികളെ അറിയുന്നവാം. ഉത്തീൎണ്ണാ എന്നും പറയും. ശബ്ദോച്ചാരണവായു മേല്പോട്ടുള്ള ഗതിയാൽ നാഭിദേശത്തെത്തുമ്പോഴതിന്നുള്ള പേരും ഇതുതന്നെ.

369. പരദേവതാ=ഉപാസിക്കാൻ യോഗ്യതയുള്ള ഈശ്വരരൂപത്തോടു കൂടിയവാം.

370. മദ്ധ്യമാ=മദ്ധ്യസ്ഥാനമായ ഹൃദയപ്രദേശത്തിൽ വസിക്കുന്നവാം. ശബ്ദം ഹൃദയദേശത്തെത്തുമ്പോഴതിന്നുള്ള പേരും ഇതുതന്നെ.

371. വൈഖരീരൂപാ = ഉച്ചരിക്കപ്പെടുന്ന വാക്കുകളിൽ മൂൎത്തീകരിച്ചിരിക്കുന്നവാം. പരാ, പശ്യന്തീ, മദ്ധ്യമാ എന്ന മൂന്നവസ്ഥകളേക്കാറം ഉച്ചാരണത്തിൽ വാക്കിന്നു കാഠിന്യം കൂടുകയാൽ വൈഖരീ എന്നു പേർ.

372. ഭക്തമാനസഹംസികാ=സരസ്സിൽ ഹംസം എന്നപോലെ ഭക്തന്മാരുടെ മനസ്സിൽ ക്രീഡിക്കുന്നവാം.

373. കാമേശ്വരപ്രാണനാഡീ=പരമശിവന്റെ ജീവനാഡിയെപ്പോലെ വൎത്തിക്കുന്നവാം.

374. കൃതജ്ഞാ=പ്രാണികളുടെ സുകൃതദുഷ്കൃതങ്ങളെ അറിയുന്നവാം.

375. കാമപൂജിതാ=കാമദേവനാൽ പൂജിക്കപ്പെടുന്നവാം.

376. ശൃംഗാരരസസമ്പൂൎണ്ണാ=ശൃംഗാരരസം പരിപൂൎണ്ണമായും ഉള്ളവാം.

377. ജയാ=ജയസ്വരൂപിണീ= വരാഹശൈലക്ഷേത്രത്തിൽ പ്രതിഷ്ഠിക്കപ്പെട്ട മൂൎത്തിയുടെ പേരു്. മഹിഷാസുരനെ കൊല്ലുവാൻ ദേവി അവതരിച്ചപ്പോാം ചെയ്ത അട്ടഹാസംകേട്ടു് സന്തോഷിച്ച ദേവകാം ജയാ എന്ന പേരു് വിളിച്ചു എന്നു പുരാണവചനം.

378. ജാലന്ധരസ്ഥിതാ=ജാലന്ധരം എന്ന പേരുള്ള പീഠത്തിൽ ഇരിക്കുന്നവാം.

379. ഓഡ്യാണപീഠനിലയാ=ഓഡ്യാണമെന്നു പേരുള്ള പീഠത്തിൽ വസിക്കുന്നവാം.

380. വിന്ദുമണ്ഡലവാസിനി = ബ്രഹ്മരന്ധ്രത്തിൽ വസിക്കുന്നവാം.

381. രഹോയാഗക്രമാരാധ്യാ=രഹോയാഗം എന്നു പേരുള്ള യാഗവിശേഷത്തിനുള്ള വിധിപ്രകാരം ആരാധിക്കപ്പെടുന്നവാം.

382. രഹസ്തൎപ്പണതൎപ്പിതാ = മന്ത്രാൎത്ഥചിന്തചെയ്യുന്ന ഉപാസകനിൽ തൃപ്തിയുള്ളവാം.

383. സദ്യഃപ്രസാദിനീ=വേഗത്തിൽ പ്രസാദിക്കുന്നവാം.

384. വിശ്വസാക്ഷിണീ = വിശ്വത്തിൻെറ സൂക്ഷ്മതത്വത്തെ കണ്ടറിയുന്നവാം.

385. സാക്ഷിവൎജ്ജിതാ=തനിക്കു് സാക്ഷിയായി ഒരു വസ്തു

ഉദ്യാത്തവൾ. താൻമാത്രം നിത്യവും മറെറല്ലാം നശ്വരവും ആകയാൽ.

886. ഷഡംഗദേവതായുക്താ= അംഗന്യാസത്തിലുള്ള ഹൃദയം— ശിരസ്സ്— ശിഖ— നേത്രം— കവചം— അസ്ത്രം എന്നീ ആറ് അംഗങ്ങളുടെ ആവരണദേവതകളായ ശക്തികളാൽ ചുററപ്പെട്ടവൾ. ആറ് അംഗങ്ങളുടെയും അധിഷ്ഠാന ദേവതയായ മഹേശ്വരനോടുകൂടി ഇരിക്കുന്നവൾ എന്നും അൎത്ഥമാവാം.

887. ഷാഡ്ഗുണ്യപരിപൂരിതാ= ഷാൾഗുണങ്ങൾ സമ്പൂൎണ്ണമായും ഉള്ളവൾ. ഷാൾഗുണങ്ങൾ=ഐശ്വൎയ്യം, വീൎയ്യം, ശ്രീ, ജ്ഞാനം, വൈരാഗ്യം, യശസ്സ്.

888. നിത്യക്ലിന്നാ=ദയയാൽ സദാ ആൎദ്രയായിട്ടുള്ളവൾ. തൃതീയതിഥിയുടെ അധിഷ്ഠാനദേവതക്കും നിത്യക്ലിന്നാ എന്നു പേരുണ്ട്. ഇതും ഭഗവതിയുടെ രൂപാന്തരമാണ്. ഗരുഡപുരാണത്തിൽ വിവരിച്ചിട്ടുണ്ട്.

889. നിരുപമാ= സാദൃശ്യമില്ലാത്തവൾ.

890. നിൎവ്വാണസുഖദായിനീ= മോക്ഷസുഖം കൊടുക്കുന്നവൾ.

891. നിത്യാഷോഡശികാരൂപാ= കാമേശ്വരി എന്നു തുടങ്ങി ത്രിപുരസുന്ദരി എന്നതുവരെ പതിനാറു നാമങ്ങളുള്ള നിത്യമാർ എന്നു പറയപ്പെടുന്ന ദേവതമാർ തന്റെ ദേഹാംഗങ്ങളായിട്ടുള്ളവൾ.

892. ശ്രീകണ്ഠാൎദ്ധശരീരിണീ= തന്റെ ശരീരത്തിൽ പക

തി പരമശിവനായിട്ടുള്ളവൾ.

393. പ്രഭാവതീ= അണിമാദികളായ ആവരണദേവതമാരോടുകൂടിയവൾ.

394. പ്രഭാരൂപാ= അണിമാദിദേവതമാരുടെ സ്വരൂപം ധരിച്ചവൾ.

395. പ്രസിദ്ധാ= എല്ലാവരും അറിയുന്നവൾ. എല്ലാവരും ഞാൻ, ഞാൻ, എന്നു പറയുന്നതു് സൎവ്വാന്തൎയ്യാമിയായ യാതൊരാത്മാവിനെ ആണൊ അതു് എന്നൎത്ഥം.

396. പരമേശ്വരീ= ഉൽകൃഷ്ടയായസ്വാമിനി.

397. മൂലപ്രകൃതിഃ=സൃഷ്ടിക്കു് മുമ്പെയുള്ള മായയോടുകൂടിയ ബ്രഹ്മം.

398. അവ്യക്താ= സൃഷ്ടിയുടെ ആരംഭത്തിൽ മായയുടെ ഒന്നാമത്തെ സ്ഫുരണം.

399. വ്യക്താവ്യക്തസ്വരൂപിണീ= ദൃശ്യമായ പ്രപഞ്ചവും അദൃശ്യമായ തൽകാരണവും ശ്രീദേവിയുടെ രൂപഭേദംതന്നെയാകുന്നു എന്നൎത്ഥം. മറ്റൊരു പക്ഷം:— വ്യക്തം= മഹത്തത്വം: അവ്യക്തം= ആസമന്താൽവ്യക്തം= അഹങ്കാരം: മഹത്തത്വാഹങ്കാരരൂപങ്ങളെ ധരിച്ചവൾ.

400. വ്യാപിനീ= പ്രപഞ്ചം ആസകലം വ്യാപിച്ചിട്ടുള്ളവൾ. സൃഷ്ടിയാൽ അഹങ്കാരത്തിൽ നിന്നു് പഞ്ചതന്മാത്രകളായും ഇന്ദ്രിയങ്ങളായും ദേവതകളായും പരിണമിച്ചിട്ടുള്ളവൾ. എന്നും ഒരു പക്ഷമുണ്ടു്.

401. വിവിധാകാരാ= പ്രാകൃതസൃഷ്ടി, വൈകൃതസൃഷ്ടി, കൌമാരസൃഷ്ടി, എന്നിങ്ങിനെ പലവിധരൂപങ്ങളെ ധരിച്ചവം.

402. വിദ്യാവിദ്യാസ്വരൂപിണീ=ആത്മസ്വരൂപജ്ഞാനം വിദ്യാ, പ്രപഞ്ചവിഷയജ്ഞാനം, അവിദ്യാ, ഇങ്ങിനെ രണ്ടുവിധ സ്വരൂപങ്ങളും ധരിച്ചവം.

403. മഹാകാമേശനയനകുമുദാഹ്ലാദകൌമുദീ= പരമശിവന്റെ നേത്രങ്ങളാകുന്ന ആമ്പലുകളെ ആഹ്ലാദംകൊണ്ടു് വികസിപ്പിക്കുന്ന ചന്ദ്രികയെപ്പോലെയുള്ളവം.

404. ഭക്തഹാർദതമോഭേദഭാനുമൽഭാനുസന്തതി: = ഭക്തന്മാരുടെ ഹൃദയത്തിലുള്ള അജ്ഞാനത്തെ സൂൎയ്യന്റെ രശ്മിസമൂഹം അന്ധകാരത്തെ എന്നപോലെ നശിപ്പിക്കുന്നവം.

405. ശിവദൂതീ= ശിവനെ ദൂതനാക്കിയവം. ശുംഭനിശുംഭാസുരന്മാരോടു് യുദ്ധത്തിനു് ഒരുങ്ങിയപ്പോം അവരുടെ അടുക്കെ ശിവനെ ദൂതു് അയച്ചു എന്നു് പുരാണവചനം.

406. ശിവാരാധ്യാ= ശിവനാൽ പൂജിക്കപ്പെടുന്നവം.

407. ശിവമൂൎത്തി:= മംഗളകരമായ സ്വരൂപമുള്ളവം.

408. ശിവംകരീ= ഭക്തന്മാൎക്കു് മംഗളത്തെ ചെയ്യുന്നവം.

409. ശിവപ്രിയാ= ശിവനു് ഇഷ്ടപ്പെട്ടിട്ടുള്ളവം.

410. ശിവപരാ= ശിവനെ താല്പൎയ്യപ്പെടുന്നവം.

411. ശിഷ്ടേഷ്ടാ= സജ്ജനങ്ങളെ ഇഷ്ടമുള്ളവം.

412. ശിഷ്ടപൂജിതാ= സജ്ജനങ്ങളാൽ പൂജിക്കപ്പെടുന്നവാം.

413. അപ്രമേയാ= ബുദ്ധിക്ക് വിഷയമായി ഭവിക്കാത്തവാം.

414. സ്വപ്രകാശാ= സ്വയമെ പ്രകാശസ്വരൂപമായുള്ളവാം.

415. മനോവാചാമഗോചരാ= മനസ്സിന്നും വാക്കിന്നും വിഷയമായി ഭവിക്കാത്തവാം.

416. ചിച്ഛക്തി:= ബ്രഹ്മത്തിൻെറ ചിൽ എന്ന ശക്തി, ജ്ഞാനസ്വരൂപം.

417. ചേതനാരൂപാ= സകലത്തിലും ചൈതന്യമായി വത്തിക്കുന്നവാം.

418. ജഡശക്തി:= സൃഷ്ടിയിൽ മായാപരിണാമവിശേഷമായ അചേതനവസ്തുക്കളെ നിമ്മിക്കുന്ന ശക്തി.

419. ജഡാത്മികാ= പ്രപഞ്ചത്തിൻെറ ചേതനം ഒഴിച്ച് ദൃശ്യമായവയെല്ലാം.

420. ഗായത്രീ= വേദമാതാവ് ഗായത്രീ എന്ന ദേവതാ.

421. വ്യാഹൃതി:= "ഭൂർഭുവസ്വഃ" എന്ന മന്ത്രത്തിൻെറ മൂത്തി.

422. സന്ധ്യാ= ആദിത്യനിൽ അന്തർഗ്ഗതമായിരിക്കുന്ന ബ്രഹ്മശക്തിയുടെ പേര്. നല്ലവണ്ണം ധ്യാനിക്കപ്പെടേണ്ടവാം എന്നപരാത്ഥം—ഒരു വയസ്സ് പ്രായമുള്ള കന്യകയുടെ രൂപം ധരിച്ചവാം എന്നും അത്ഥമാവാം.

423. ദ്വിജവൃന്ദനിഷേവിതാ= ബ്രഹ്മ-ക്ഷത്രിയ-വൈശ്യ എന്നീ ദ്വിജന്മാരാൽ ഉപാസിക്കപ്പെടുന്നവൾ- സന്ധ്യാ-ഗായത്രീ-വ്യാഹൃതി എന്നീ മൂർത്തി രൂപേണ.

424. തത്വാസനാ= ശിവൻ മുതൽ ക്ഷിതിവരെയുള്ള 36 തത്വങ്ങളെ യോഗപീഠമാക്കിവെച്ചിട്ടുള്ളവൾ.

425. തൽ= ബുദ്ധിക്ക് എത്താതെയുള്ള രൂപമാകയാൽ 'തൽ' (അതു്) എന്നപദത്താൽ വാച്യയായിട്ടുള്ളവൾ.

426. ത്വം= "ത്വം" പദത്താൽ വാച്യയായിട്ടുള്ളവൾ.

427. അയി= ഈ പദം വിളിക്കുവാൻ ഉപയോഗിക്കുന്ന സംബോധനയാകുന്നു. ഭഗവതി സർവ്വജനങ്ങളുടേയും മാതാവാകയാൽ എല്ലാവരാലും വിളിക്കപ്പെടുന്നവൾ- ശുഭകരവിധിസ്വരൂപമുള്ളവൾ എന്നും അർത്ഥമാവാം.

428. പഞ്ചകോശാന്തരസ്ഥിതാ= അഞ്ചു കോശങ്ങളുടെ മദ്ധ്യേ സ്ഥിതി ചെയ്യുന്നവൾ. അഞ്ചു കോശങ്ങൾ =ശ്രീവിദ്യാ, പരംജ്യോതി:, നിഷ്കളശാംഭവീ, അജപാ, മാതൃകാ-ഈ അഞ്ചു ദേവതമാരെ ശ്രീചക്രപൂജയിൽ ശ്രീവിദ്യയെ ശേഷം നാലിന്റെ മദ്ധ്യേ വിന്ദുസ്ഥാനത്തിൽ ഭാവിച്ചു് പൂജിക്കുന്നു- അന്നമയം, പ്രാണമയം, മനോമയം, വിജ്ഞാനമയം, ആനന്ദമയം എന്നിങ്ങിനെ ശരീരത്തിൻ വേദാന്തികൾ കല്പിച്ചിട്ടുള്ള അഞ്ചു് കോശങ്ങ

ടേയും ഉള്ളിലുള്ള വസ്തു ബ്രഹ്മം എന്നും അൎത്ഥ
മാവാം.

429. നിസ്സീമമഹിമാ=നിരവധി മഹിമയുള്ളവൾ.

430. നിത്യയൌവനാ=കാലത്രയത്തിലും രജോഗുണയുക്ത
യായി യൌവനത്തോടെ ഇരിക്കുന്നവൾ.

431. മദശാലിനീ=ആനന്ദമയമാകുന്ന ചിത്തവൃത്തിയാൽ
ശോഭിച്ചവൾ.

432. മദഘൂൎണ്ണിതരക്താക്ഷീ=മദംകൊണ്ടു കറങ്ങി ചു
കന്ന കണ്ണുകളുള്ളവൾ.

433. മദപാടലഗണ്ഡഭൂഃ=മദംകൊണ്ടു അല്പം ചുകന്നതാ
യ കവിൾത്തടമുള്ളവൾ.

434. ചന്ദനദ്രവദിഗ്ദ്ധാംഗീ=ചന്ദനച്ചാറു പൂശിയതായ
അംഗങ്ങളോടു കൂടിയവൾ.

435. ചാമ്പേയകുസുമപ്രിയാ=ചെമ്പകപുഷ്പം പ്രിയമുള്ള
വൾ.

436. കുശലാ=വ്യാപ്ത്യാദികളിൽ കൌശലമുള്ളവൾ.

437. കോമളാകാരാ=സുകുമാരങ്ങളായ അവയവങ്ങളോടു
കൂടിയവൾ.

438. കുരുകുല്ലാ= ശ്രീദേവിയുടെ വാസസ്ഥാനമായ ശ്രീമ
ന്നഗരമെന്ന ശ്രീപുരിയിൽ താൻ അനേകനാമ
രൂപങ്ങളായി അധിവസിച്ചിരിക്കുന്നതിൽ ഒന്നാ
കുന്ന കുരുകുല്ലാ. ഈ ദേവതാ ശ്രീപുരിയിൽ അ
ഹങ്കാരപ്രാകാരത്തിന്റേയും ചിത്തപ്രാകാരത്തി
ന്റേയും മദ്ധ്യേയുള്ള വിമൎശമയവാപിയിൽ കുരു

വിദ്രമെന്ന ചുകപ്പുകല്ലുകൊണ്ടു് നിൎമ്മിച്ചതായ തോണിയിൽ വസിക്കുന്നു എന്നു പുരാണവചനം.

439. കലേശ്വരീ=കലത്തിന്നു് ഈശ്വരീ=കലം എന്നു വെച്ചാൽ സജാതീയങ്ങളായ മാതൃമാനമേയങ്ങളുടെ സമൂഹം.

440. കളകണ്ഡാലയാ=കളകണ്ഡത്തിൽ നിദ്രചെയ്തു് വസിക്കുന്നവൾ. കളകണ്ഡം എന്നതു് മൂലാധാരപത്മകൎണ്ണികാമദ്ധ്യത്തിലുള്ള ഖോരമുഖമായ വിദ്ര. കണ്ഡലിനീശക്തി എന്നും പറയും.

441. കൌളമാൎഗ്ഗതല്പരസേവിതാ=കൌളമാൎഗ്ഗത്തിൽ തല്പരന്മാരായിട്ടുള്ളവരാൽ സേവിക്കപ്പെടുന്നവൾ. കൌളമാൎഗ്ഗം=ദേവീപൂജയിൽ സമയം, കൌളം, മിശ്രം എന്ന മൂന്നു മാൎഗ്ഗങ്ങളുണ്ടു്. ഇതിൽ കൌളം എന്നതു് ബാഹ്യശക്തിപൂജാപരമാണു്.

442. കുമാരഗണനാഥാംബാ=സുബ്രഹ്മണ്യന്റേയും ഗണപതിയുടേയും മാതാവു്.

443. തുഷ്ടിഃ=ജനങ്ങളിൽ സന്തോഷരൂപമായി പ്രകാശിക്കുന്നവൾ.

444. പുഷ്ടിഃ=പുഷ്ടിസ്വരൂപേണ പ്രകാശിക്കുന്നവൾ.

445. മതിഃ=ജ്ഞാനരൂപേണ പ്രകാശിക്കുന്നവൾ.

446. ധൃതിഃ= ധൈൎയ്യരൂപേണ പ്രകാശിക്കുന്നവൾ.

447. ശാന്തിഃ= ശമഗുണത്തിൽ പ്രകാശിക്കുന്നവൾ.

448. സ്വസ്തിമതീ= മംഗളസ്വരൂപമായവൾ.

449. കാന്തിഃ= കമനീയത്വത്തിൽ പ്രകാശിക്കുന്നവൾ.

450. നന്ദിനീ= സന്തോഷിപ്പിക്കുന്നവൾ. ഗംഗാസ്വരൂപാ എന്നും ആവാം.

451. വിഘ്നനാശിനീ= ജ്ഞാനോദയത്തിനുള്ള വിഘ്നങ്ങളെ നശിപ്പിക്കുന്നവൾ.

452. തേജോവതീ= ആദിത്യൻ മുതലായ തേജസ്സുകൾക്ക് ആധാരഭൂതയായിട്ടുള്ളവൾ.

453. ത്രിനയനാ= സൂൎയ്യൻ, ചന്ദ്രൻ, അഗ്നി എന്നീ രൂപങ്ങളോടുകൂടിയ മൂന്നു കണ്ണുകളുള്ളവൾ. ദക്ഷിണം, ഉത്തരം ബ്രഹ്മം. എന്നീ മൂന്നുമാൎഗ്ഗങ്ങളിൽ ജീവനെ പ്രവേശിപ്പിക്കുന്നവൾ എന്നും അൎത്ഥമാവാം.

454. ലോലാക്ഷീകാമരൂപിണീ= സ്ത്രീകളുടെ കാമം മൂൎത്തീകരിച്ചിട്ടുള്ളവൾ.

455. മാലിനീ= അമ്പത്തൊന്നക്ഷരങ്ങളുടെ അഭിമാനദേവതാ. മാലധരിച്ചവൾ എന്നും ആവാം. ഏഴ്‌വയസ്സ് പ്രായമായ കന്യകാരൂപം ധരിച്ചിട്ടുള്ളവൾ എന്നും ആവാം.

456. ഹംസിനീ= അജപാമന്ത്രമൂൎത്തി.

457. മാതാ= മന്ത്രങ്ങൾക്ക് മാതൃഭൂതയായവൾ.

458. മലയാചലവാസിനീ= മലയപൎവ്വതത്തിൽ വസിക്കുന്നവൾ.

459. സുമുഖീ= ജ്ഞാനത്താൽ ശോഭനമായ മുഖമുള്ളവൾ.

460. നളിനീ= പത്മസദൃശമായ കരചരണമുഖനേത്രാദി അവയവങ്ങളുള്ളവൾ.

461. സുമ്രാ:= ശരീരീയമായ പുരികക്കൊടികളുള്ളവാ.
462. ശോഭനാ= സൌന്ദൎയ്യവതീ.
463. സുരനായികാ= ദേവന്മാരുടെ ഈശ്വരി. അനേക സങ്കടങ്ങളിൽ നിന്നു രക്ഷിച്ചവാ.
464. കാളകണ്ഠീ= ദാരുകാസുരവധത്തിന്നവതരിച്ച ദേവീരൂപത്തിന്റെ പേരു്. കാളകണ്ഠനായ പരമശിവന്റെ ശക്തി എന്നും അൎത്ഥമാവാം.
465. കാന്തിമതീ= കാന്തിയുള്ളവാ.
466. ക്ഷോഭിണീ= സൃഷ്ടിയുടെ ആരംഭത്തിൽ പ്രകൃതിയെ ക്ഷോഭിപ്പിച്ചു് പ്രപഞ്ചത്തെ സൃഷ്ടിക്കുന്നവാ. വരാഹപുരാണത്തിൽ പറയുംപ്രകാരം തപസ്സു്കൊണ്ടു് മനസ്സിനെ ക്ഷോഭിപ്പിച്ചു് അതിൽനിന്നു് അനേകകോടി ശക്തിദേവതകളെ നിൎമ്മിച്ചവാ എന്നും ആവാം.
467. സൂക്ഷ്മരൂപിണീ= അറിവാൻ പ്രയാസമാകുംവണ്ണം സൂക്ഷ്മമായരൂപമുള്ളവാ.
468. വജ്രേശ്വരീ= ഷഷ്ഠിതിഥിയുടെ ദേവതയായി ജാലന്ധരപീഠത്തിൽ ഇരിക്കുന്നവാ. ശ്രീപുരിയിൽ വജ്രമണിമയമായ പതിനൊന്നാമത്തെ പ്രാകാരമദ്ധ്യത്തിലുള്ള വജ്രാ എന്ന പേരായ നദിയുടെ തീരത്തിൽ വസിക്കുന്ന ദേവതക്കും ഈ പേരുണ്ടു്.
469. വാമദേവീ= വാമദേവനെന്നും അൎദ്ധനാരീശ്വരനെന്നും പേരുള്ള ശിവന്റെ ശക്തി.
470. വയോവസ്ഥാവിവൎജ്ജിതാ= ബാല്യം, യൌവനം,

വാൎദ്ധക്യം മുതലായ വയോവസ്ഥകൾ ഇല്ലാത്തവൾ. എന്നും നാശമില്ലാത്തവളാകയാൽ.

471. സിദ്ധേശ്വരീ= സിദ്ധന്മാൎക്ക് സ്വാമിനിയായുള്ളവൾ. കാശിയിൽ പ്രസിദ്ധാ.

472. സിദ്ധവിദ്യാ= സിദ്ധാസ്വരൂപവും വിദ്യാസ്വരൂപവുമുള്ളവൾ.

473. സിദ്ധമാതാ= സിദ്ധന്മാരെ രക്ഷിക്കുന്നവൾ.

474. യശസ്വിനീ= കീൎത്തിപ്പെട്ടവൾ.

475. വിശുദ്ധിചക്രനിലയാ= കണ്ഠദേശത്തിൽ പതിനാറ് ദളമുള്ള പത്മത്തിന്റെ കൎണ്ണികയിൽ വിശുദ്ധിചക്രം. ഇതിൽ വസിക്കുന്നവൾ. ഇങ്ങിനെ ദേഹത്തിൽ ഏഴ് ചക്രങ്ങളുണ്ട്. അവയിൽ ഏഴിലും ദേവി ഓരോ യോഗിനീരൂപവും നാമവും ധരിക്കുന്നു.

476. ആരക്തവൎണ്ണാ= അല്പം ചുകന്നവൎണ്ണമുള്ളവൾ.

477. ത്രിലോചനാ= മൂന്നു കണ്ണുകളുള്ളവൾ.

478. ഖട്വാംഗാദിപ്രഹരണാ= ഗദ, ത്രിശൂലം, വാൾ, പരിശ, എന്നീ ആയുധങ്ങൾ ധരിച്ചവൾ.

479. വദനൈകസമന്വിതാ= ഒരു മുഖം മാത്രമുള്ളവൾ.

480. പായസാന്നപ്രിയാ= പാൽപ്പായസം പ്രിയമായിട്ടുള്ളവൾ.

481. ത്വക്സ്ഥാ= ദേഹത്തിലെ തോലിന്റെ അഭിമാനദേവതയായിരിക്കുന്നവൾ.

482. പശുലോകഭയങ്കരീ= പശുപ്രായന്മാരായ ജനങ്ങൾ

ക്ക് ഭയങ്കരിയായിട്ടുള്ളവാം. പശുപ്രായന്മാർ= അദ്വൈതജ്ഞാനമില്ലാത്തവർ.

483. അമൃതാദിമഹാശക്തിസംവൃതാ=അമൃതാ എന്നു തുടങ്ങി പേരുകളുള്ള പതിനാറു് മഹാശക്തിമാരാൽ ചുററപ്പെട്ടവാം. ഇവർ ഷോഡശദളത്തിന്റെ ഓരോ ദളത്തിൽ ഓരോരുത്തർ ഇരിക്കുന്നു.

484. ഡാകിനീശ്വരീ=ഡാകിനീ എന്നു പേരുള്ള യോഗിനീ. ഈ ദേവീവിഗ്രഹത്തിന്റെ വൎണ്ണനയാണ് മേല്പറഞ്ഞ വിശുദ്ധിചക്രനിലയാ എന്നു തുടങ്ങിയുള്ള പത്തു നാമങ്ങാം. ഡാകിനീധ്യാനശ്ലോകം—ഗ്രീവാകൂപേ വിശുദ്ധൌ നൃപദളകമലേ ശ്വേതരക്താം ത്രിനേത്രാം ഹസ്തൈഃ ഖട്വാംഗഖഡ്ഗൌ ത്രിശിഖമപി മഹാചൎമ്മസന്ധാരയന്തീം വക്ത്രേണൈകേന യുക്താം പശുജനഭയദാം പായസാന്നൈകസക്താം ത്വക്സ്ഥാം വന്ദേ മൃതാദ്യൈഃ പരിവൃതവപുഷം ഡാകിനീം വീരവന്ദ്യാം.

485. അനാഹതാബ്ജനിലയാ= ഹൃദയപ്രദേശത്തിൽ പന്ത്രണ്ടു ദളമുള്ള പത്മത്തിന്റെ കൎണ്ണികയിൽ അനാഹതചക്രം— അതിൽ ഇരിക്കുന്നവാം.

486. ശ്യാമാഭാ=ശ്യാമവൎണ്ണമായവാം. ഷോഡശവൎഷകന്യകയെപ്പോലെ ഉള്ളവാം എന്നും അൎത്ഥമാവാം.

487. വദനദ്വയാ=രണ്ടു മുഖങ്ങാം ഉള്ളവാം.

488. ദംഷ്ട്രോജ്ജ്വലാ=ദംഷ്ട്രങ്ങളാൽ ശോഭിച്ചവാം.

489. അക്ഷമാലാദിധരാ=അക്ഷമാലം (ചക്രം) ശൂലം, ക

പാലം, ഡമരു എന്നീ ആയുധങ്ങൾ ധരിച്ചവൾ.

490. രുധിരസംസ്ഥിതാ=ദേഹത്തിൽ രക്തത്തിന്റെ അ
ഭിമാനദേവതയായിരിക്കുന്നവൾ.

491. കാളരാത്ര്യാദിശക്ത്യൗഘവൃതാ= കാളരാത്രി എന്നു
തുടങ്ങി പേരുകളുള്ള പന്ത്രണ്ടു ശക്തിമാരുടെ
കൂട്ടത്താൽ ചുററപ്പെട്ടവൾ. ഇവർ പത്മത്തിന്റെ
ദ്വാദശദളങ്ങളിൽ ഇരിക്കുന്നു.

492. സ്നിഗ്ദ്ധൗദനപ്രിയാ= നെയ്പായസം പ്രിയമായിട്ടുള്ള
വൾ.

493. മഹാവീരേന്ദ്രവരദാ=പ്രഹ്ലാദനും (മഹാവീരൻ) ഇന്ദ്ര
നും വരംകൊടുത്തവൾ. പ്രഹ്ലാദനും, ഇന്ദ്രനും
തമ്മിൽ ഒരിക്കൽ യുദ്ധം ഉണ്ടായി എന്നും അവ
രാൽ സ്തുതിക്കപ്പെട്ട ഭഗവതി അവൎക്കു വരം
കൊടുത്തു എന്നും ദേവീഭാഗവതത്തിൽ പറയുന്നു.

494. രാകിണ്യംബാസ്വരൂപിണീ=രാകിണി എന്ന യോ
ഗിനിയുടെ സ്വരൂപം ധരിച്ചവൾ. അനാഹ
താബ്ജനിലയാ എന്നു തുടങ്ങി പത്തു നാമങ്ങൾ
ഈ ദേവീവിഗ്രഹത്തിന്റെ വൎണ്ണനയാണ്.
രാകിണീധ്യാനശ്ലോകം:- ഹൃൽപത്മേ ഭാനുപത്രേ
ദ്വിവദനലസിതാം ദംഷ്ട്രിണീം ശ്യാമവൎണ്ണാ
ക്ഷം ശൂലം കപാലം ഡമരുമപി ഭുജൈൎദ്ധാരയ
ന്തീം ത്രിനേത്രാം രക്തസ്ഥാം കാളരാത്രിപ്രഭൃതി
പരിവൃതാം സ്നിഗ്ദ്ധഭക്തൈകസക്താം ശ്രീമദ്വീ
രേന്ദ്രവന്ദ്യാമഭിമതഫലദാംരാകിണീം ഭാവയാമഃ.

495. മണിപൂരാബ്ജനിലയാ=പൊക്കിൾപ്രദേശത്ത് പ ത്തു ദളമുള്ള പത്മത്തിൻെറ കണ്ണികയിൽ മണി പൂരചക്രം—അതിലിരിക്കുന്നവൾ.

496. വദനത്രയസംയുതാ=മൂന്നു മുഖങ്ങളുള്ളവൾ.

497. വജ്രാദികായുധോപേതാ=വജ്രം, ശക്തി, ദണ്ഡം എ ന്നീ ആയുധങ്ങളോടു കൂടിയവൾ.

498. ഡാമര്യാദിഭിരാവൃതാ=ഡാമരി എന്നു തുടങ്ങി പേ രുകളുള്ള പത്തു ശക്തിമാരാൽ ചുററപ്പെട്ടവൾ. ഇവർ പത്മത്തിൻെറ പത്തു ദളങ്ങളിൽ സ്ഥി തിചെയ്യുന്നു.

499. രക്തവർണ്ണാ=ചുകന്ന വർണ്ണമായവൾ.

500. മാംസനിഷ്ഠാ=ദേഹത്തിലെ മാംസത്തിൻെറ അഭി മാനദേവതയായി സ്ഥിതിചെയ്യുന്നവൾ.

501. ഗുഡാന്നപ്രീതമാനസാ=ശക്കരപ്പായസം ഇഷ്ടമായു ള്ളവൾ.

502. സമസ്തഭക്തസുഖദാ=എല്ലാ ഭക്തന്മാക്കും സുഖത്തെ കൊടുക്കുന്നവൾ.

503. ലാകിന്യംബാസ്വരൂപിണീ=ലാകിനി എന്ന യോ ഗിനിയുടെ സ്വരൂപം ധരിച്ചവൾ. മണിപൂരാ ബ്ജനിലയാ എന്നു തുടങ്ങി ഒമ്പതു നാമങ്ങൾ ഈ ദേവീവിഗ്രഹത്തിൻെറ വർണ്ണനയാണ്. ലാ കിനീധ്യാനം:— ദിക്പത്രേരാജമാനാം ത്രിവദന വിലസദ്ദംഷ്ട്രിണീം രക്തവർണ്ണാംശക്തിംദംഭോളി ദണ്ഡാവഭയമപിഭുജൈർധാരയന്തിം മഹോഗ്രാം

ധാമസ്ഥാദ്യൈഃ പരീതാം പശുജനഭയദാം മാംസധാതേുകനിഷ്ഠാംഗൌഡാന്നാസക്തചിത്താം സകലസുഖകരീംലാകിനീംഭാവയാമഃ

504. സ്വാധിഷ്ഠാനാംബുജഗതാ=ലിംഗപ്രദേശത്തിൽ ആറു ദളമുള്ള പത്മത്തിന്റെ കർണ്ണികയിൽ സ്വാധിഷ്ഠാനചക്രം. അതിലിരിക്കുന്നവൾ.

505. ചതുർവ്വക്ത്രമനോഹരാ=നാലു മുഖങ്ങളാൽ മനോഹരിയായവൾ.

506. ശൂലാദ്യായുധസമ്പന്നാ=ശൂലപാശായുധങ്ങളെ ധരിച്ചവൾ.

507. പീതവർണ്ണാ=മഞ്ഞവർണ്ണമായവൾ.

508. അതിഗർവ്വിതാ=സൌന്ദര്യാദിഗർവ്വ് അത്യന്തം ഉള്ളവൾ.

509. മേദോനിഷ്ഠാ=ദേഹത്തിലെ മേദസ്സിൽ അഭിമാനദേവതയായിരിക്കുന്നവൾ.

510. മധുപ്രീതാ=മദ്യം ഇഷ്ടമായുള്ളവൾ.

511. ബന്ധിന്യാദിസമന്വിതാ=ബന്ധിനീ എന്നു തുടങ്ങി പേരുകളുള്ള ആറു ശക്തിമാരോടു കൂടിയവൾ. ഇവർ പത്മത്തിന്റെ ആറു ദളങ്ങളിൽ സ്ഥിതിചെയ്യുന്നു.

512. ദധ്യന്നാസക്തഹൃദയാ=ദധ്യന്നം ഏറ്റവും പ്രിയമുള്ളവൾ.

513. കാകിനീരൂപധാരിണീ=കാകിനി എന്ന യോഗിനിയുടെ രൂപം ധരിച്ചവൾ. സ്വാധിഷ്ഠാനാംബുജ

ഗതാ എന്നു തുടങ്ങി പത്തു നാമങ്ങളാ ഈ ദേവീ വിഗ്രഹത്തിന്റെ വൎണ്ണനയാണു്.

കാകിനീധ്യാനം:- സ്വാധിഷ്ഠാനാഖ്യപത്മേരസദള ലസിതേ വേദവക്ത്രാം ത്രിനേത്രാം ഹസ്താഭ്യാം ധാരയന്തീം ത്രിശിഖഗുണകപാലാഭയാന്യാത്ത ഗൎവ്വാം മേദോധാതുപ്രതിഷ്ഠാ മളിമദമുദിതാം ബ ന്ധിനീമുഖ്യയുക്താം പീതാംദധ്യോദനേഷ്ടാമഭിമ താഫലദാം കാകിനീം ഭാവയാമ.

514. മൂലാധാരാംബുജാരൂഢാ= ഗുദത്തിന്റെ രണ്ടംഗുലം മീതെ നാലു ദളമുള്ള പത്മത്തിന്റെ കൎണ്ണിക യിൽ മൂലാധാരചക്രം. അതിലിരിക്കുന്നവാ.

515. പഞ്ചവക്ത്രാ=അഞ്ചു് മുഖമുള്ളവാ.

516. അസ്ഥിസംസ്ഥിതാ= ദേഹത്തിലെ അസ്ഥിയിൽ അഭിമാനദേവതയായി ഇരിക്കുന്നവാ.

517. അങ്കുശാദിപ്രഹരണാ= അങ്കുശാദി ആയുധങ്ങളോടു കൂടിയവാ.

518. വരദാദിനിഷേവിതാ=വരദാ എന്നു തുടങ്ങി പേരു കളുള്ള നാലു ശക്തിമാരാൽ സേവിക്കപ്പെടുന്ന വാ. ഇവർ പത്മത്തിന്റെ നാലു ദളങ്ങളിലി രിക്കുന്നു.

519. മുൽഗോദനാസക്തചിത്താ=മുൽഗോദനം ഏററവും ഇഷ്ടമായിട്ടുള്ളവാ. മുൽഗോദനം എന്നു പറ യുന്നതു് ചെറുപയറു്, അരി, ശക്കര, നാളികേ രം, പാൽ, നെയ്യു്, ഉപ്പു്, കരുമുളകു്, ജീരകം

ഇവയെല്ലാം ചേൎത്ത് പാകംചെയ്ത ഭക്ഷണസാധനമാകുന്നു.

520. സാകിന്യംബാസ്വരൂപിണീ=സാകിനീ എന്ന യോഗിനിയുടെ സ്വരൂപം ധരിച്ചവൾ. മൂലാധാരാംബുജാരൂഢാ എന്നു തുടങ്ങി ഏഴു നാമങ്ങൾ ഈ ദേവീവിഗ്രഹത്തിന്റെ വൎണ്ണനയാണ്. സാകിനീധ്യാനം:— മൂലാധാരസ്ഥപത്മേശ്രുതിദളലസിതേ പഞ്ചവക്ത്രാം ത്രിനേത്രാം ധൂമ്രാഭാമസ്ഥിസംസ്ഥാം സൃണിമപികമലം പുസ്തകം ജ്ഞാനമുദ്രാം ബിഭ്രാണാം ബാഹുദണ്ഡൈഃ സുലളിതവരദാംപൂൎവ്വശക്ത്യാവൃതാംതാംമുൽഗാന്നാസക്തചിത്താം മധുമദമുദിതാം സാകിനീംഭാവയാമഃ.

521. ആജ്ഞാചക്രാബ്ജനിലയാ = ഭ്രൂമദ്ധ്യദേശത്തിൽ രണ്ടു ദളമുള്ള പത്മത്തിന്റെ കൎണ്ണികയിൽ ആജ്ഞാചക്രം. ഇതിലിരിക്കുന്നവൾ.

522. ശുക്ലവൎണ്ണാ=വെളുത്തനിറമായവൾ.

523. ഷഡാനനാ=ആറു മുഖമുള്ളവൾ.

524. മജ്ജാസംസ്ഥാ=ദേഹത്തിലെ മജ്ജയിൽ അഭിമാനദേവതയായിരിക്കുന്നവൾ.

525. ഹംസവതീമുഖ്യശക്തിസമന്വിതാ = ഹംസവതീ, ക്ഷമാവതീ, എന്നീ രണ്ടു ശക്തിമാരോടു കൂടിയവൾ. ഇവർ പത്മത്തിന്റെ രണ്ടു ദളങ്ങളിലിരിക്കുന്നു.

526. ഹരിദ്രാന്നൈകരസികാ=മഞ്ഞൾ ചേൎത്ത അന്നത്തിൽ മുഖ്യമായി രസമുള്ളവൾ.

527. ഹാകിനീരൂപധാരിണീ=ഹാകിനീ എന്ന യോഗിനിയുടെ രൂപത്തെ ധരിച്ചവൾ. ആജ്ഞാചക്രാബ്ജനിലയാ എന്നു തുടങ്ങി ഏഴു നാമങ്ങൾ ഈ ദേവീവിഗ്രഹത്തിന്റെ വർണ്ണനയാകുന്നു.

ഹാകിനീധ്യാനം:– ഭ്രൂമധ്യേ ബിന്ദുപത്മേ ദളയുഗകലിതേ ശുക്ലവർണ്ണാം കരാബ്ജൈർബിഭ്രാണാം ജ്ഞാനമുദ്രാം ഡമരുകമമലാമക്ഷമാലാം കപാലം ഷൾചക്രാധാരമദ്ധ്യാം ത്രിനയനലസിതാം ഹംസവത്യാദിയുക്താം ഹാരിദ്രാന്നൈകസക്താം സകലസുഖകരീം ഹാകിനീം ഭാവയാമ.

528. സഹസ്രദളപത്മസ്ഥാ=മൂർദ്ധാവിൽ ആയിരം ദളമുള്ള പത്മത്തിന്റെ കർണ്ണികയിൽ സഹസ്രാരചക്രം. ഇതിൽ ഇരിക്കുന്നവൾ.

529. സർവ്വവർണ്ണോപശോഭിതാ= ശ്യാമം, രക്തം, പീതം, പാടലം ഇത്യാദി എല്ലാ വർണ്ണങ്ങളുമുള്ളവൾ. അകാരാദിക്ഷകാരാന്തമുള്ള അമ്പത് വർണ്ണങ്ങൾ (അക്ഷരങ്ങൾ) ശക്തിരൂപങ്ങളായി അവരാൽ ചുററും ശോഭിച്ചവൾ എന്നുംകൂടി ഈ പദത്തിന്ന് അർത്ഥമുണ്ട്. ഈ ശക്തിമാർ പത്മത്തിന്റെ ആയിരം ദളങ്ങളിലിരിക്കുന്നു. അമ്പത് അക്ഷരങ്ങൾ അനുലോമപ്രതിലോമങ്ങളായി നൂറ് ദളങ്ങളിൽ സ്ഥിതിചെയ്യുന്നു. ഇങ്ങിനെ പത്ത് ആവൃത്തിക്ക് ആയിരംദളങ്ങളും നിറഞ്ഞു.

530. സർവ്വായുധധരാ= മേല്പറഞ്ഞ എല്ലാവിധ ആയുധങ്ങളും ധരിച്ചവൾ.

531. ശുക്ലസംസ്ഥിതാ= ദേഹത്തിലെ ശുക്ലത്തിൽ അഭിമാനദേവതയായിരിക്കുന്നവാ.

532. സർവ്വതോമുഖീ= എല്ലാദിക്കുകളിലേക്കും മുഖങ്ങളുള്ളവാ.

533. സർവ്വൌദനപ്രീതചിത്താ= പായസങ്ങാ മുതലായിമെല്ലാത്ത എല്ലാവിധ അന്നങ്ങളും ഇഷ്ടമുള്ളവാ.

534. യാകിന്യംബാസ്വരൂപിണീ= യാകിനീ എന്ന യോഗിനിയുടെ രൂപംധരിച്ചവാ. സഹസ്രദളപത്മസ്ഥാ എന്നതുടങ്ങി ഏഴുനാമങ്ങാ ഈ ദേവീവിഗ്രഹത്തിൻെറ വർണ്ണനയാണ് യാകിനീധ്യാനം:—

മുണ്ഡവ്യോമസ്ഥപത്മെദശശതദളകെക ർണ്ണികാ ചന്ദ്രസംസ്ഥാംരേതോനിഷ്ഠാം സമസ്തായുധകലിതകരാംസർവ്വതോവക്ത്രപത്മാം ആദിക്ഷാന്താർണ്ണശക്തിപ്രകടപരിവൃതാം സർവ്വവർണ്ണാംഭവാനീം സർവ്വാന്നാസക്തചിത്താംപരശിവരസികാംയാകിനീംഭാവയാമ.

535. സ്വാഹാ= ദേവന്മാർക്ക് ഹോമിക്കുമ്പോാ ഹോമദ്രവ്യം അഗ്നിയിൽ വിടുന്നസമയം ഉച്ചരിക്കുന്ന പദം. ഇതിൻെറഅർത്ഥം ദേവി എന്നാകുന്നു. ഈ പദോച്ചാരണത്താൽ ദേവന്മാർ തൃപ്തിപ്പെടുന്നു. വഹ്നിരൂപംധരിച്ചിരിക്കുന്ന ശിവൻെറ

ശക്തിക്കും സ്വാഹാ എന്നു പേരുണ്ട്. ഈ ശക്തി
യിലാണ് സുബ്രഹ്മണ്യന്റെ ജനനം.

536. സ്വധാ= പിതൃയജ്ഞത്തിൽ ഉച്ചരിക്കുന്നപദം. ഇതിന്റെ അർത്ഥവും ദേവി എന്നാകുന്നു. ഈ പദോച്ചാരണത്താൽ പിതൃക്കൾ തൃപ്തിപ്പെടുന്നു.

537. അമതിഃ= അവിദ്യാസ്വരൂപം.

538. മേധാ= ബുദ്ധിവിശേഷം. ഇത് ദേവിയുടെ ഒരു രൂപമാണ്.

539. ശ്രുതിഃ= വേദസ്വരൂപം.

540. സ്മൃതിഃ= മനുസ്മൃതി മുതലായവ. ഇവയും ദേവീരൂപങ്ങളാണ്.

541. അനുത്തമാ= ദേവിയിൽപരം ഉൽകൃഷ്ടമായി അന്യവസ്തു ഇല്ലെന്നർത്ഥം.

542. പുണ്യകീർത്തിഃ= ദേവിയുടെ യശസ്സിനെ കീർത്തിക്കുന്നത് പുണ്യപ്രദമാണെന്നർത്ഥം.

543. പുണ്യലഭ്യാ = അനേകജന്മകൃതപുണ്യങ്ങളാൽ മാത്രം ദേവീസാക്ഷാൽകാരം ലഭിക്കുന്നതാണെന്നർത്ഥം.

544. പുണ്യശ്രവണകീർത്തനാ = ദേവീനാമചരിതങ്ങൾ ശ്രവിക്കുന്നതും കീർത്തിക്കുന്നതും പുണ്യകർമ്മങ്ങളാണെന്നർത്ഥം.

545. പുലോമജാർച്ചിതാ= ഇന്ദ്രാണിയാൽ പൂജിക്കപ്പെട്ടവൾ. നഹുഷൻ ഇന്ദ്രപട്ടം ധരിച്ചകാലം ഇന്ദ്രാണി സ്വഭർത്താവായ ശക്രനെ പ്രാപിക്കുന്നതി

ന്നു ദേവിയെ ആരാധിച്ചു എന്നു പുരാണവചനം.

546. ബന്ധമോചിനീ= സകലവിധബന്ധങ്ങളിൽ നിന്നും മോചിപ്പിക്കുന്നവാം.

547. ബന്ധുരാളകാ= മനോഹരമായ കുറുനിരകളുള്ളവാം.

548. വിമർശ്ശരൂപിണീ= പ്രകാശാത്മാവായ പരബ്രഹ്മത്തിൻ്റെ സ്വാഭാവികമായ സ്ഫുരണത്തിന്നു വിമർശം എന്നു പറയുന്നു. അങ്ങിനെയുള്ള ശക്തിയുള്ളവാം.

549. വിദ്യാ= മോക്ഷപ്രദജ്ഞാനരൂപാം.

550. വിയദാദിജഗൽപ്രസൂഃ= ആകാശംതുടങ്ങിയുള്ള പ്രപഞ്ചത്തെ ജനിപ്പിക്കുന്നവാം.

551. സവ്വവ്യാധിപ്രശമനീ= സകലവ്യാധികളേയും നശിപ്പിക്കുന്നവാം.

552. സവ്വമൃത്യുനിവാരിണീ= അപമൃത്യു, കാലമൃത്യു എന്നിങ്ങിനെയുള്ള സകലവിധമരണങ്ങളേയും കഴിക്കുന്നവാം.

553. അഗ്രഗണ്യാ= ജഗത്തിൻ്റെ മൂലകാരണമാകയാൽ ഒന്നാമതായി ഗണിക്കപ്പെടേണ്ടവാം.

554. അചിന്ത്യരൂപാ= ദേവീസ്വരൂപം ഇന്നപ്രകാരമെന്നു ചിന്തിക്കാൻ വഹിയാഎന്നു.

555. കലികല്മഷനാശിനീ= കലിയുഗദോഷങ്ങളെ നശിപ്പിക്കുന്നവാം.

556. കാത്യായനീ= സവ്വദേവകളുടേയും തേജസ്സുമൂഹത്താ

ലുണ്ടായ ദേവീരൂപം കാഡ്യാണപീഠാഭിമാനി ദേവതാ.

557. കാലഹന്ത്രീ= മൃത്യുവിനെ സംഹരിച്ചവാം.

558. കമലാക്ഷനിഷേവിതാ= വിഷ്ണുവിനാൽ സേവിക്കപ്പെടുന്നവാം.

559. താംബൂലപൂരിതമുഖീ= വെററിലമുറുക്കിയ ശോഭയോടുകൂടിയവാം.

560. ദാഡിമീകുസുമപ്രഭാ = താളിമാതളപുഷ്പത്തിൻെറ ശോഭപോലെ ശോഭയുള്ളവാം.

561. മൃഗാക്ഷീ= മാനിൻെറ കണ്ണുകാംപോലെയുള്ള കണ്ണുകളുള്ളവാം.

562. മോഹിനീ= ജഗത്സവ്വം മോഹിപ്പിക്കുന്ന മായാശക്തി. അമൃതമഥനകാലം വിഷ്ണുപ്രേരിതമായ മോഹിനീരൂപം ദേവീരൂപമാണെന്നും അത്ഥമാവാം.

563. മുഖ്യാ= എല്ലാററിന്നും മുമ്പിൽ ആദിയായുണ്ടായവാം.

564. മൃഡാനീ= മൃഡൻ എന്ന സുഖപ്രദനായ ശിവൻെറ ശക്തി.

565. മിത്രരൂപിണീ= ആദിത്യന്മാരുടെ എന്നപോലെ പ്രഭയുള്ള രൂപമുള്ളവാം.

566. നിത്യതൃപ്താ= സവ്വദാ തൃപ്തയായിട്ടുള്ളവാം.

567. ഭക്തനിധിഃ= ഭക്തന്മാരുടെ സവ്വാഭീഷ്ടങ്ങളേയും പൂരിപ്പിക്കുന്നവാം.

568. നിയന്ത്രീ= പ്രപഞ്ചത്തെ നിയമനം ചെയ്യുന്നവാം

569. നിഖിലേശ്വരീ= സവ്വത്തിന്നും ഈശ്വരിയായ വാം.

570. മൈത്ര്യാദിവാസനാലഭ്യാ= മൈത്രി മുതലായ നാലു വാസനകളാൽ ചിത്തപ്രസാദം വരുത്തുന്നവരാൽ കാണപ്പെടുവാൻ കഴിയുന്നവാം. നാലു വാസനകാം= സുഖികളോടു് മൈത്രീ, ദുഃഖികളോടു് കരുണാ, പുണ്യവാന്മാരോടു് മുദിതാ, പാപികളോടു് ഉപേക്ഷാ.

571. മഹാപ്രളയസാക്ഷിണീ=മഹാപ്രളയ കാലത്തുള്ള പരമശിവൻെറ താണ്ഡവത്തെ ഏകാവശിഷ്ടയായി കാണുന്നവാം.

572. പരാശക്തിഃ=ഉൽകൃഷ്ടയായശക്തി മറ്റെല്ലാശക്തികളുടെയും കാരണഭൂതയാകയാൽ— താന്ത്രികശാസ്ത്രപ്രകാരം ദേഹത്തിൽ പത്തു ധാതുക്കളുള്ളതിൽ പത്താമത്തേതിൻെറ പേരു്. പത്തു ധാതുക്കാം:— ത്വക്ക്, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം, പ്രാണൻ, ജീവൻ, പരാശക്തി.

573. പരാനിഷ്ഠാ=ഉൽകൃഷ്ടയായ സമാപ്തി സകല കമ്മങ്ങളുടെയും പ്രപഞ്ചത്തിൻെറയും സമാപ്തി ദേവിയിലാകയാൽ.

574. പ്രജ്ഞാനഘനരൂപിണീ= നിത്യമായി നിരന്തരമായിരിക്കുന്ന ജ്ഞാനം സ്വരൂപമായിട്ടുള്ളവാം.

575. മാധ്വീപാനാലസാ= ദ്രാക്ഷാരസമദ്യപാനത്താൽ ബാഹ്യചിന്താരഹിതയായവൾ.

576. മത്താ= ആനന്ദാതിശയത്തോടുകൂടിയവൾ.

577. മാതൃകാവൎണ്ണരൂപിണീ= മാതൃകാവൎണ്ണങ്ങൾ എന്നു പറയപ്പെടുന്ന അമ്പത്തൊന്നക്ഷരങ്ങളുടെ സമൂഹം തന്റെ ദേഹമാക്കീട്ടുള്ളവൾ—അമ്പത്തൊന്നക്ഷരങ്ങളുടെ വൎണ്ണങ്ങൾ (നിറങ്ങൾ) തന്റെ രൂപത്തിലുള്ളവൾ എന്നും അൎത്ഥമാവാം—അകാരം രക്തവൎണ്ണം ഇത്യാദി ഓരോ അക്ഷരത്തിന്നു ഓരോ വൎണ്ണം ഉള്ളതായി തന്ത്രങ്ങളിൽ പറയുന്നുണ്ടു്.

578. മഹാകൈലാസനിലയാ= കൈലാസത്തിന്നു മീതെ പരമശിവാലയമായ മഹാകൈലാസത്തിൽ വസിക്കുന്നവൾ—വിശിഷ്ടമായ കൈലാസത്തിൽ (ബ്രഹ്മരന്ധ്രത്തിലുള്ള സഹസ്രാരചക്രത്തിൽ) വസിക്കുന്നവൾ എന്നും അൎത്ഥമാവാം.

579. മൃണാളമൃദുദോൎല്ലതാ=താമരത്തണ്ടുപോലെ മൃദുക്കളായ ഭുജവല്ലികളുള്ളവൾ.

580. മഹനീയാ= പൂജ്യയായിട്ടുള്ളവൾ.

581. ദയാമൂൎത്തി:= ദയാസ്വരൂപിണി.

582. മഹാസാമ്രാജ്യശാലിനീ= മഹാകൈലാസാധിപത്യത്താലുള്ള സാമ്രാജ്യം വഹിച്ചവൾ.

583. ആത്മവിദ്യാ= ആത്മജ്ഞാനത്തിന്റെ രൂപമായിട്ടുള്ളവൾ.

584. മഹാവിദ്യാ= നവദുർഗ്ഗാമന്ത്രരൂപാ– വിശ്വരൂപാദ്യുപാസനാമന്ത്രരൂപാ എന്നും ആവാം.

585. ശ്രീവിദ്യാ= പഞ്ചദശാക്ഷരീമന്ത്രരൂപാ.

586. കാമസേവിതാ= കാമനാൽ അല്ലെങ്കിൽ മഹാകാമേശനാൽ സേവിക്കപ്പെടുന്നവൾ.

587. ശ്രീഷോഡശാക്ഷരീവിദ്യാ= ഷോഡശാക്ഷരീമന്ത്രരൂപാ.

588. ത്രികൂടാ= വാഗ്ഭവകൂടം, കാമരാജകൂടം, ശക്തികൂടം, എന്നീ മൂന്നു കൂടങ്ങൾ സ്വരൂപമായിട്ടുള്ളവൾ. ഈ കൂടങ്ങളുടെ വിവരണം, 85, 86, 87–ാം നാമങ്ങളിലുണ്ടു്. മൂർത്തിത്രയം, അവസ്ഥാത്രയം പീഠത്രയം, ലോകത്രയം, ഗുണത്രയം ഇത്യാദി ത്രയങ്ങളുടെ സമൂഹം (കൂടം) ദേവിയുടെ രൂപമാണെന്നും അർത്ഥമാവാം.

589. കാമകോടികാ= പരമശിവന്റെ കരംഗമായിട്ടുള്ളവൾ. ശിവശക്തിസാമരസ്യപരബ്രഹ്മരൂപതയാൽ.

590. കടാക്ഷകിങ്കരീഭൂതകമലാകോടിസേവിതാ= തന്റെ കടാക്ഷത്തിനു് കിങ്കരികളായിഭവിച്ച അനേക കോടിലക്ഷ്മീദേവിമാരാൽ സേവിക്കപ്പെട്ടവൾ. ശ്രീദേവിയുടെ കടാക്ഷം ലഭിച്ചിട്ടുള്ളവൎക്കു് അളവില്ലാത്ത ഐശ്വൎയ്യംസിദ്ധിക്കും എന്നു താല്പൎയ്യം.

591. ശിരഃസ്ഥിതാ= ബ്രഹ്മരന്ധ്രത്തിൽ ഗുരുരൂപിണിയായി സ്ഥിതിചെയ്യുന്നവൾ.

592. ചന്ദ്രനിഭാ= ചന്ദ്രതുല്യകാന്തിയുള്ളവൾ. ബ്രഹ്മരന്ധ്രത്തിന്റെ ചോടെ ചന്ദ്രമണ്ഡലം ഉണ്ട്. അത് ദേവീമൂർത്തിയായ ശ്രീവിദ്യയുടെ വാഗ്ഭവകൂടാത്മകവും ആണ്. അതിനാൽ ചന്ദ്രസ്വരൂപിണി എന്നും പറയാം.

593. ഫാലസ്ഥാ= നെററിയിൽ വിന്ദുരൂപേണ സ്ഥിതിചെയ്യുന്നവൾ.

594. ഇന്ദ്രധനുഷ്പ്രഭാ= ഇന്ദ്രധനസ്സിനെ (ആകാശത്തിൽ അനേകവർണ്ണമായി വില്ലിന്റെ ആകൃതിയിൽ മഴക്കാലത്തുകാണുന്ന തേജസ്സ്)പോലെയുള്ള ശോഭയുള്ളവൾ. നെററിയിലുള്ള വിന്ദുവിന്റെ മീതെ അർദ്ധചന്ദ്രാകാരമായ ദേവീതേജസ്സിനെ സംബന്ധിച്ചാണ് ഈ പാഠം.

595. ഹൃദയസ്ഥാ= ഹൃദയത്തിൽ വസിക്കുന്നവൾ. ഇത് കാമരാജകൂടമദ്ധ്യമാണ്.

596. രവിപ്രഖ്യാ= സൂര്യതുല്യകാന്തിയുള്ളവൾ. ഹൃദയത്തിലുള്ള സൂര്യമണ്ഡലം ശ്രീവിദ്യയുടെ കാമരാജകൂടസ്വരൂപമാകയാൽ സൂര്യസ്വരൂപിണി എന്നും പറയാം.

597. ത്രികോണാന്തരദീപികാ= മൂലാധാരചക്രകർണ്ണികാമദ്ധ്യത്തിലുള്ള അഗ്നിമണ്ഡലരൂപാ. ഇത് തന്നെയാണ് ശ്രീവിദ്യയുടെ ശക്തികൂടസ്വരൂപവും.

598. ദാക്ഷായണീ= ദക്ഷപുത്രീരൂപം ധരിച്ചവൾ.

599. ദൈത്യഹന്ത്രീ= ഭണ്ഡാസുരൻ മുതലായ ദൈത്യന്മാരെ കൊന്നവാം.

600. ദക്ഷയജ്ഞവിനാശിനീ= ദക്ഷൻെറ യാഗത്തെ നശിപ്പിക്കുവാൻ കാരണഭൂതയായവാം. ദക്ഷപ്രജാപതിയുടെ യാഗം ദാക്ഷായണിയെ അവമാനിക്കകാരണം ശിവഗണങ്ങാം നശിപ്പിച്ചു എന്നു പുരാണപ്രസിദ്ധം. ഒരു ശാപകാരണം ദക്ഷപ്രജാപതി സൂൎയ്യവംശത്തിൽ പ്രചേതസ്സുകളുടെ പുത്രനായി ദക്ഷനാമധേയത്തോടെ ജനിച്ചുവെന്നും അന്നും തൻെറ യജ്ഞം ദേവിയുടെ ഇഷ്ടത്തെ അനുസരിച്ച് ഈശ്വരൻ നശിപ്പിച്ചു എന്നും ബ്രഹ്മപുരാണത്തിലും വായുപുരാണത്തിലും പറയുന്നുണ്ട്.

601. ദരാന്ദോളിതദീൎഘാക്ഷീ= അല്പം ഇളകിക്കൊണ്ടും ദീൎഘമായും ഉള്ള കണ്ണുകളുള്ളവാം.

602. ദരഹാസോജ്ജ്വലന്മുഖീ= മന്ദസ്മിതത്താൽ ശോഭിച്ച മുഖമുള്ളവാം.

603. ഗുരുമൂൎത്തി:= ഗുരുസ്വരൂപിണീ= ഗുരു, ദേവതാ, മന്ത്രം, എന്നീ മൂന്നും ഏകാത്മവാക്കകളാണെന്നു പ്രമാണം.

604. ഗുണനിധി:= സൎവ്വഗുണങ്ങളുടേയും ഇരിപ്പിടം.

605. ഗോമാതാ= പശുവൎഗ്ഗത്തിൻെറ മാതാവായ സുരഭിയുടെ രൂപംധരിച്ചവാം.

606. ഗുഹജന്മഭൂ:=സുബ്രഹ്മണ്യൻെറ ഉൽപ്പത്തിസ്ഥാനം.

607. ദേവേശീ= ബ്രഹ്മാദികൾക്കു് ഈശ്വരി.

608. ദണ്ഡനീതിസ്ഥാ= നീതിശാസ്ത്രത്തിൽ ഇരിക്കുന്നവൾ. നീതിശാസ്ത്രം ദേവിയുടെ ആജ്ഞാരൂപമാണെന്നു് താൽപൎയ്യം.

609. ദഹരാകാശരൂപിണീ= ഹൃദയത്തിലുള്ള ആകാശം തന്നെ രൂപമായിട്ടുള്ളവൾ. ഹൃദയത്തിൽ അന്തൎയ്യാമിയായിരിക്കുന്നവൾ എന്നു താൽപൎയ്യം.

610. പ്രതിപന്മുഖ്യരാകാന്തതിഥിമണ്ഡലപൂജിതാ= പ്രതിപദം മുതൽ പൌൎണ്ണമിവരെ പതിനഞ്ചു തിഥികളിലും അതാതു തിഥിക്കു് വിധിച്ചപ്രകാരം ഭക്തന്മാരാൽ പൂജിക്കപ്പെടുന്നവൾ. പതിനഞ്ചു തിഥികളുടെ അഭിമാനിദേവതമാരായ നിത്യമാരുടെ സമൂഹത്താൽ പൂജിക്കപ്പെടുന്നവൾ എന്നും അൎത്ഥമാവാം.

611. കലാത്മികാ=ചന്ദ്രനു് 16 കലാ, സൂൎയ്യനു് 12 കലാ, അഗ്നിക്കു് 10 കലാ എന്നു തുടങ്ങി 64 കലകൾ. ജാഗ്രദാദി അവസ്ഥാത്രയത്തിൽ ഓരോന്നിന്നു് നന്നാലു കലകൾ. ഇപ്രകാരമുള്ള മറ്റും കലകൾ എല്ലാം ദേവീരൂപങ്ങളാണെന്നൎത്ഥം.

612. കലാനാഥാ=മേല്പറഞ്ഞ കലകൾക്കു് സ്വാമിനിയും ആണു്.

613. കാവ്യാലാപവിനോദിനീ=കാവ്യങ്ങൾചൊല്ലി രസിച്ചുകൊണ്ടിരിക്കുന്നവൾ.

614. സചാമരരമാവാണീസവ്യദക്ഷിണസേവിതാ = ല

ക്ഷ്മിയും സരസ്വതിയും വെഞ്ചാമരം വീശികൊ ണ്ടു് ഇടത്തുഭാഗത്തും വലത്തുഭാഗത്തുംനിന്നു് സേ വിക്കപ്പെടുന്നവാം.

615. ആദിശക്തി:=സർവ്വജഗത്തിൻേറയും ഉല്പാദനശക്തി.

616. അമേയാ=ദേവിയുടെ ശക്തി ഇത്രയാണെന്നു് ഗണി ക്കാൻ പാടില്ലെന്നർത്ഥം.

617. ആത്മാ=ജീവാത്മസ്വരൂപിണി.

618. പരമാ=പരമാത്മസ്വരൂപിണി.

619. പാവനാകൃതി:=യാതൊരു രൂപമാകട്ടെ ചരിത്രമാക ട്ടെ ധ്യാനാദികളാൽ മനുഷ്യനെ വിശുദ്ധനാക്കു മോ അങ്ങിനെയുള്ള രൂപവും ചരിത്രവും ഉള്ള വാം.

620. അനേകകോടിബ്രഹ്മാണ്ഡജനനീ = അനേകകോടി ബ്രഹ്മാണ്ഡങ്ങളെ സൃഷ്ടിച്ചവാം.

621. ദിവ്യവിഗ്രഹാ=അതിരമണീയരൂപമുള്ളവാം.

622. ക്ലീംകാരീ=ക്ലീം എന്ന കാമബീജമന്ത്രം സ്വരൂപമാ യിട്ടുള്ളവാം.

623. കേവലാ = ഏകവും അദ്വയവും നിർഗ്ഗുണവുമായ വസ്തു.

624. ഗുഹ്യാ=ഹൃദയഗുഹയിലിരിക്കുന്നവാം. അതിരഹ സ്യാർത്ഥാ എന്നും ആവാം.

625. കൈവല്യപദദായിനീ= കൈവല്യമാകുന്ന മോക്ഷ ത്തെ കൊടുക്കുന്നവാം. സാലോക്യം സാരൂപ്യം സാമീപ്യം സായൂജ്യം എന്നീ നാലുവിധം മോക്ഷം

കർമ്മഫലങ്ങളായി സിദ്ധിക്കുമെന്നും അനിത്യമാണെന്നും കൈവല്യം എന്നു പറയുന്ന ആത്മസ്വരൂപാവസ്ഥാനമാകുന്ന മോക്ഷം ജ്ഞാനഫലവും നിത്യവും ആണെന്നും പറയുന്നു.

626. ത്രിപുരാ= ത്രിമൂർത്തികളേക്കാറം പുരാതനയായിട്ടുള്ളവറം. ഇഡാ, പിംഗളാ, സുഷുമ്നാ എന്നീ നാഡീത്രയം. മനസ്സ്, ബുദ്ധി, ചിത്തം എന്നീ പുരത്രയം. ത്രികോണം, ത്രികൂടം ഇത്യാദി ത്രയങ്ങളിലെല്ലാം വസിക്കുന്നവറം എന്നും ആവാം.

627. ത്രിജഗദ്വന്ദ്യാ=മൂന്നു ലോകങ്ങളാലും പൂജ്യയായിട്ടുള്ളവറം,

628. ത്രിമൂർത്തിഃ=മൂന്നു ശരീരങ്ങളെ ധരിച്ചവറം. ബ്രഹ്മാവിഷ്ണു മഹേശന്മാർ ഒരിക്കൽ ഒരുമിച്ചിരുന്ന് അന്യോന്യം സൂക്ഷ്മദൃഷ്ട്യാ നോക്കി എന്നും അവരുടെ ദൃഷ്ടികറം ഏകീകരിച്ചതിൽനിന്ന് അവരുടെ ശക്തിസമൂഹമായി ത്രിവർണ്ണമയായ ഒരു കുമാരി ഉത്ഭവിച്ചു എന്നും അവറം സ്വമൂർത്തിയെ വർണ്ണമനുസരിച്ച് മൂന്നായി വിഭജിച്ചു ശുക്ലവർണ്ണയായ ബ്രാഹ്മീ എന്നും രക്തവർണ്ണയായ വൈഷ്ണവി എന്നും കൃഷ്ണവർണ്ണയായ രൌദ്രി എന്നും മൂന്നു മൂർത്തികളായി ഭവിച്ചു എന്നും വരാഹപുരാണത്തിൽ പറയുന്നു. മൂന്നുവയസ്സ് പ്രായമുള്ള കന്യകയ്ക്കും ത്രിമൂർത്തി എന്നു പേരുണ്ട്.

629. ത്രിദശേശ്വരീ=ദേവന്മാർക്ക് ഈശ്വരി.

630. ത്ര്യക്ഷരീ=വാഗ്ബീജം, കാമബീജം, ശക്തിബീജം എന്നീ മൂന്നു ബീജാക്ഷരമൂർത്തി.

631. ദിവ്യഗന്ധാഢ്യാ= ഹരിചന്ദനാദിദിവ്യഗന്ധങ്ങളാൽ ശ്രേഷ്ഠയായവാം.

632. സിന്ദൂരതിലകാഞ്ചിതാ=നെററിയിൽ തൊട്ട സിന്ദൂരതിലകത്താൽ അലങ്കൃതാ.

633. ഉമാ=ഹിമവാൻെറ പുത്രി. ബാല്യത്തിൽ കഠിനതപസ്സിന്നു് ആരംഭിച്ചപ്പോഠം മാതാവായ മേന ഉ—മാ (ഹെ—അരുത്) എന്നു നിഷേധിച്ചു എന്നും അന്നുമുതൽ ഉമാ എന്നു പേരു് സിദ്ധിച്ചു എന്നും പുരാണവചനം.

ഉമാ എന്ന പദം ദേവീപ്രണവമെന്നും പറയും. അകാര, ഉകാര, മകാരങ്ങഠം കൂടിയതു് ബ്രഹ്മവാചകമായ പ്രണവം എന്നപോലെ ഉകാര, മകാര, അകാരസമൂഹം ദേവീവാചകപ്രണവമാണെന്നു് ലിംഗപുരാണാദികളിൽ പറയുന്നു. 6 വയസ്സു പ്രായമുള്ള കന്യകാരൂപം ധരിച്ചവാം എന്നും അത്ഥമാവാം.

634. ശൈലേന്ദ്രതനയാ=ഹിമവാൻ എന്ന പർവ്വതരാജൻെറ പുത്രി.

635. ഗൌരീ—അല്പം വെളുത്ത വൎണ്ണമുള്ളവാം. 10 വയസ്സു് പ്രായമുള്ള കന്യകാരൂപം ധരിച്ചവാം എന്നും അത്ഥമാവാം.

636. ഗന്ധർവ്വസേവിതാ= വിശ്വാവസുപ്രഭൃതികളായ ഗ

ന്ധർവ്വന്മാരാൽ സേവിക്കപ്പെടുന്നവൾ.

637. വിശ്വഗർഭാ=വിശ്വത്തെ സൃഷ്ടിച്ചവൾ.

638. സ്വർണ്ണഗർഭാ=സ്വർണ്ണത്തെ സൃഷ്ടിച്ചവൾ. സ്വർണ്ണത്തിൽനിന്നു ജനിച്ചവൾ (ഹിരണ്യഗർഭൻ എന്നപോലെ) എന്നും അർത്ഥമാവാം.

639. അവരദാ=അസുരന്മാരെ ഹനിക്കുന്നവൾ. (അവര + ദാ) ശോഭയുള്ള ദന്തങ്ങളുള്ളവൾ. (അവ + രദാ) എന്നും ആവാം.

640. വാഗധീശ്വരീ=വാക്കുകൾക്കു് ഈശ്വരീ.

641. ധ്യാനഗമ്യാ=ധ്യാനത്താൽ കാണപ്പെടുവാൻ കഴിയുന്നവൾ.

642. അപരിച്ഛേദ്യാ=സർവ്വവ്യാപകത്വാൽ ഇത്ര പ്രമാണം ഇന്നപ്രകാരമെന്നോ നിർണ്ണയിക്കാൻ കഴിയാത്തതാണു് ദേവീരൂപം എന്നർത്ഥം.

643. ജ്ഞാനദാ=മോക്ഷപ്രാപ്തിക്കുള്ള ജ്ഞാനം കൊടുക്കുന്നവൾ.

644. ജ്ഞാനവിഗ്രഹാ=ജ്ഞാനം ശരീരമായിട്ടുള്ളവൾ.

645. സർവ്വവേദാന്തസംവേദ്യാ= ഉപനിഷത്തുകളാൽ അറിയപ്പെടുവാൻ കഴിയുന്നവൾ.

646. സത്യാനന്ദസ്വരൂപിണീ = സത്യസ്വരൂപിണിയും ആനന്ദസ്വരൂപിണിയും ആയവൾ.

647. ലോപാമുദ്രാർച്ചിതാ=അഗസ്ത്യപത്നിയായ ലോപാമുദ്രയാൽ ഉപാസിക്കപ്പെട്ടവൾ.

648. ലീലാക്ലുപ്തബ്രഹ്മാണ്ഡമണ്ഡലാ = അനേക ബ്രഹ്മാണ്ഡങ്ങളെ അനായാസേന സൃഷ്ടിച്ചവൾ.

649. അദൃശ്യാ=ചക്ഷുരാദിഇന്ദ്രിയങ്ങൾക്ക് ഗോചരയല്ലാത്തവൾ.

650. ദൃശ്യരഹിതാ=ദൃശ്യമായ പ്രപഞ്ചം ആർക്ക് പരമാത്മത്തിൽ ഇല്ലാത്തതാണൊ അവൾ.

651. വിജ്ഞാത്രീ=വിശേഷേണ സൎവ്വവും അറിയുന്നവൾ.

652. വേദ്യവൎജ്ജിതാ=അറിയേണ്ടതായി ബാക്കി ഒന്നും ഇല്ലാത്തവൾ. സൎവ്വജ്ഞാ.

653. യോഗിനി=ജീവപരമാത്മാക്കളിൽ ഏകത്വഭാവനയുള്ളവൾ. ഡാകിനി തുടങ്ങിയ ഏഴ് യോഗിനിമാരുടെ സ്വരൂപമുള്ളവൾ എന്നും ആവാം.

654. യോഗദാ=ഭക്തന്മാൎക്ക് ഏകത്വഭാവനയെ കൊടുക്കുന്നവൾ.

655. യോഗ്യാ= ജീവാത്മൈക്യവസ്തുവായി വിചാരിക്കപ്പെടുവാൻ യോഗ്യതയുള്ളവൾ.

656. യോഗാനന്ദാ=നൃസിംഹരൂപാ.

657. യുഗന്ധരാ= സകലജഗന്നിൎവ്വാഹകാ. ശിവശക്തിദ്വയരൂപം ധരിച്ചവൾ എന്നും ചതുൎയ്യുഗകാലസ്വരൂപിണി എന്നും ആവാം.

658. ഇച്ഛാശക്തിജ്ഞാനശക്തിക്രിയാശക്തിസ്വരൂപിണീ=ഇച്ഛാ, ജ്ഞാനം, ക്രിയാ എന്നീ ശക്തിത്രയങ്ങൾ ദേഹത്തിലുള്ളവൾ. ഇതിൽ ഇച്ഛ ശിരോഭാഗത്തിലും, ക്രിയാ പാദങ്ങളിലും, ജ്ഞാനം മദ്ധ്യഭാഗത്തിലും ആകുന്നു.

659. സൎവ്വാധാരാ=പ്രപഞ്ചത്തിന്ന് ആധാരഭൂതയായിട്ടുള്ള വാഠം എന്നും പ്രപഞ്ചങ്ങളുടെ പരമ്പരാ എന്നും സൎവ്വങ്ങളിലും അന്തൎയ്യാമിയായുള്ളവാഠം എന്നും അൎത്ഥമാവാം.

660. സുപ്രതിഷ്ഠാ=ജഗത്തിന്ന ശോഭനമായ അധിഷ്ഠാനമായിരിക്കുന്നവാഠം.

661. സദസദ്രൂപധാരണീ= ബ്രഹ്മത്തിന്റെയും ജഗത്തിന്റെയും രൂപം ധരിച്ചവാഠം. മായാശക്തി എന്നും അൎത്ഥമാവാം.

662. അഷ്ടമൂൎത്തി:=ലക്ഷ്മീ, മേധാ, ധാര, പുഷ്ടി, ഗൌരീ, തുഷ്ടി, പ്രഭാ, ധൃതി എന്നീ എട്ടു ദേഹങ്ങളുള്ളവാഠം.

663. അജാജൈത്രീ=അവിദ്യയെ നശിപ്പിക്കുന്നവാഠം.

664. ലോകയാത്രാവിധായിനീ= എല്ലാ ലോകങ്ങളുടെയും സംരക്ഷണസംഹാരങ്ങഠം ചെയ്യുന്നവാഠം.

665. ഏകാകിനീ= അന്യസഹായംകൂടാതെ സൃഷ്ടിസ്ഥിതിസംഹാരങ്ങഠം ചെയ്യുന്നവാഠം. അദ്വയവസ്തു എന്നും ആവാം.

666. ഭൂമരൂപാ=ബഹുരൂപാ. ത്രിഗുണാദിസമ്പൎക്കത്താൽ.

667. നിൎദ്വൈതാ= പരമാൎത്ഥാവസ്ഥയിൽ ഒരെ വസ്തുവെന്നല്ലാതെ കൂട്ടത്തിൽ രണ്ടാമതൊന്നില്ലാത്തവാഠം.

668. ദ്വൈതവൎജ്ജിതാ= ഏതുകാലത്തും തന്റെകൂടെ സത്യമായ അന്യവസ്തു ഇല്ലാത്തവാഠം.

669. അന്നദാ= ജനങ്ങൾക്ക് അന്നം കൊടുക്കുന്നവൾ.
670. വസുധാ= ജനങ്ങൾക്ക് ധനത്താദി കൊടുക്കുന്നവൾ.
671. വൃദ്ധാ= അനാദിയായി പുരാതനമായിരിക്കുന്നവൾ.
672. ബ്രഹ്മാത്മൈക്യസ്വരൂപിണീ= പരമാത്മാവും ജീവാത്മാവും കൂടിയ ഐക്യസ്വരൂപം യാതൊന്നോ ആ രൂപം ഉള്ളവൾ.
673. ബൃഹതീ= മഹത്തിലുംവെച്ച് മഹത്തായ വസ്തു.
674. ബ്രാഹ്മണീ= ബ്രാഹ്മണനായ പരമശിവന്റെ ശക്തി.
675. ബ്രാഹ്മീ= വാഗാത്മികാദേവതാ.
676. ബ്രഹ്മാനന്ദാ= ബ്രഹ്മാനന്ദസ്വരൂപിണി.
677. ബലിപ്രിയാ= ബലിപൂജാദികൾ ഇഷ്ടപ്പെടുന്നവൾ.
678. ഭാഷാരൂപാ= എല്ലാഭാഷകളും ദേവിയുടെ രൂപങ്ങളാണെന്നർത്ഥം.
679. ബൃഹത്സേനാ= അസംഖ്യസേനകൾ ഉള്ളവൾ.
680. ഭാവാഭാവവിവർജ്ജിതാ= ഉൽപ്പത്തിവിനാശങ്ങളില്ലാത്തവൾ.
681. സുഖാരാദ്ധ്യാ= ഉപവാസാദിക്ലേശങ്ങൾ കൂടാതെ പൂജിക്കപ്പെടാവുന്നവൾ.
682. ശുഭകരീ= ഭക്തന്മാൎക്ക് ശുഭത്തെചെയ്യുന്നവൾ.
683. ശോഭനാസുലഭാഗതി:= ശോഭനമായും സുലഭമായും ഉള്ള സ്ഥാനത്തിലിരിക്കുന്നവൾ.

684. രാജരാജേശ്വരീ= ബ്രഹ്മാദികൾക്കും ഈശ്വരിയായിട്ടുള്ളവൾ. പരമശിവ(രാജരാജ)ന്റെശക്തി എന്നും ആവാം.

685. രാജ്യദായിനീ=വൈകുണ്ഠാദിരാജ്യങ്ങളെ കൊടുക്കാൻ കഴിയുന്നവൾ.

686. രാജ്യവല്ലഭാ= വൈകുണ്ഠാദിരാജ്യങ്ങൾ ഇഷ്ടമായിട്ടുള്ളവൾ.

687. രാജൽകൃപാ= കൃപയാൽ ശോഭിക്കുന്നവൾ.

688. രാജപീഠനിവേശിതനിജാശ്രിതാ= തന്റെ ആശ്രിതന്മാരെ രാജസിംഹാസനങ്ങളിൽ സ്ഥാപിക്കുന്നവൾ.

689. രാജ്യലക്ഷ്മീ= രാജ്യങ്ങളുടെ ശ്രീ എന്നു പറയുന്നതു് ദേവീരൂപമാണെന്നൎത്ഥം.

690. കോശനാഥാ= ധനത്തിന്നു് ഈശ്വരീ. അന്നമയാദിപഞ്ചകോശങ്ങൾക്കു് ഈശ്വരി എന്നും ആവാം.

691. ചതുരംഗബലേശ്വരീ= ആന, തേർ, കുതിര, കാലാൾ, എന്നീ സൈന്യങ്ങൾക്കു് ഈശ്വരീ. ചതുൎവ്യൂഹസ്വരൂപിണി എന്നും ആവാം.

692. സാമ്രാജ്യദായിനീ= സാമ്രാജ്യം കൊടുക്കുന്നവൾ.

693. സത്യസന്ധാ= സത്യത്തെ തെറ്റിക്കാത്തവൾ.

694. സാഗരമേഖലാ= സാഗരങ്ങൾ അരഞ്ഞാൺ എന്നപോലെ ധരിച്ചവൾ.

695. ദീക്ഷിതാ= ഭക്തന്മാൎക്കു് ഉപദേശാദികൾ ദാനം

ചെയ്തു് അവരുടെ പാപഞ്ചസയത്തെ ക്ഷയിപ്പിക്കുന്നവരം.

696. ദൈത്യശമനീ= ദൈത്യന്മാരെ നശിപ്പിക്കുന്നവരം.

697. സർവ്വലോകവശംകരീ= സകലലോകങ്ങളേയും ജനങ്ങളേയും തൻെറ വശത്തിലാക്കുന്നവരം.

698. സർവ്വാത്ഥദാത്രീ= സകലപുരുഷാത്ഥങ്ങളും കൊടുക്കുന്നവരം.

699. സാവിത്രീ= വേദാദികളാൽ പൂജിതയായി പ്രകാശരൂപയായ ദേവീ.

700. സച്ചിദാനന്ദസ്വരൂപിണീ= സൽ, ചിൽ, ആനന്ദം, എന്നീ രൂപത്തോടുകൂടിയവരം.

701. ദേശകാലാപരിച്ഛിന്നാ= ദേശത്താലും, കാലത്താലും, ഖണ്ഡിക്കപ്പെടുവാൻ കഴിയാത്തവരം.

702. സർവ്വഗാ= സർവ്വവ്യാപിനി.

703. സർവ്വമോഹിനീ= സകലപ്രാകൃതജനങ്ങളേയും ജഗത്തിൽ സത്യത്വം തോന്നിപ്പിച്ചു് മോഹിപ്പിക്കുന്നവരം.

704. സരസ്വതീ= ജ്ഞാനാഭിമാനിനീദേവതാ—ജ്ഞാനസമുദ്രരൂപാ. രണ്ടു് വയസ്സു് പ്രായമുള്ള കന്യകാരൂപം ധരിച്ചവരം എന്നും ആവാം.

705. ശാസ്ത്രമയീ= വേദശാസ്ത്രത്താൽമാത്രം അറിയപ്പെടുവാൻ സാദ്ധ്യ.

706. ഗുഹാംബാ= സുബ്രഹ്മണ്യൻെറ മാതാവു്, ഹൃദയഗുഹയിൽ വസിക്കുന്നവരം എന്നും അത്ഥമാവാം.

707. ഗുഹ്യരൂപിണീ= ജ്ഞാനസ്വരൂപയായ ദേവിയുടെ രൂപം പരമരഹസ്യവും പ്രാപഞ്ചികന്മാൎക്കു് അറിയാതക്കതല്ലാത്തതും ആണെന്നൎത്ഥം.

708. സൎവ്വോപാധിവിനിൎമ്മുക്താ= രക്തവൎണ്ണമാണു്, ഭൂഷണങ്ങളാം ധരിച്ചവളാണു്, ഗണപതിയുടെ അമ്മയാണു്, ഇത്യാദിഗുണവിശേഷങ്ങളുമായി യാതൊരു സംബന്ധവും ഇല്ലാത്തവൾ. നിൎഗ്ഗുണാ എന്നൎത്ഥം.

709. സദാശിവപതിവ്രതാ= സദാകാലവും ശക്തിരൂപേണ ശിവനെപിരിയാതെ ഇരിക്കുന്നവൾ. സദാശിവന്റെ പതിവ്രതാ എന്നും അൎത്ഥമാവാം.

710. സമ്പ്രദായേശ്വരീ= ദത്താത്രേയസംഹിതയിൽ പറയുന്ന സമ്പ്രദായം എന്ന മന്ത്രാൎത്ഥത്തിന്നു് ഈശ്വരി ആയിട്ടുള്ളവൾ.

711. സാധു= ഉചിതാവസ്ഥ.

712. ഈ= കാമകലാബീജാക്ഷരനാമം, ഈശ്വരസ്വരൂപാ, വിഷ്ണുഭഗിനിയും ശിവപത്നിയും ആയവൾ.

713. ഗുരുമണ്ഡലരൂപിണീ= പരമശിവാദി ഗുരുപരമ്പരതന്നെ രൂപമായിട്ടുള്ളവൾ. അവരാൽത്തന്നെ തന്റെ ഗൂഢരൂപം നിൎണ്ണയിക്കാൻ സാദ്ധ്യം. അവരും താൻതന്നെയാണെന്നൎത്ഥം.

714. കുലോത്തീൎണ്ണാ= ഇന്ദ്രിയസമൂഹത്തെ അതിക്രമിച്ചവൾ. ഇന്ദ്രിയഗോചരയല്ലെന്നൎത്ഥം.

715. ഭഗാരാധ്യാ= സൂൎയ്യമണ്ഡലത്തിൽ ഉപാസിക്കപ്പെടുന്നവൾ.

digitized by www.sreyas.in

716. മായാ=ആവരണവിക്ഷേപശക്തികളോടുകൂടിയവാം.
717. മധുമതീ= പൂജാദിസമയങ്ങളിൽ മദ്യത്തോടുകൂടിയവാം. മധുമതി എന്ന വേദവിഹിതവിദ്യയുടെ രൂപംധരിച്ചവാം എന്നും ആവാം.
718. മഹീ= പൃഥിവിപോലെ അത്യന്തവ്യക്തരൂപം ധരിച്ചവാം.
719. ഗണാംബാ= പ്രമഥാദിഗണങ്ങളുടെ അമ്മ. ഗണപതിയുടെ അമ്മ എന്നും ആവാം.
720. ഗുഹ്യകാരാധ്യാ= ഗുഹ്യകന്മാരെന്ന കുബേരാനുചരന്മാരായ ദേവതകളാൽ പൂജിക്കപ്പെടുന്നവാം.
721. കോമളാംഗീ= സുകുമാരാവയവങ്ങളോടു കൂടിയവാം.
722. ഗുരുപ്രിയാ= ഗുരുവിനെ പ്രിയമുള്ളവാം.
723. സ്വതന്ത്രാ= അന്യസഹായം കൂടാതെ പ്രവൎത്തിക്കുന്നവാം.
724. സൎവ്വതന്ത്രേശീ= 64 തന്ത്രങ്ങൾക്കും ഈശ്വരിയായിട്ടുള്ളവാം.
725. ദക്ഷിണാമൂൎത്തിരൂപിണീ= ബ്രഹ്മാദികൾക്ക് ഉപദേശം ചെയ്യാൻ ദക്ഷിണാഭിമുഖമായിരിക്കുന്ന ശിവൻെറ മൂൎത്തിവിശേഷം ദേവിയുടെ രൂപാന്തരമാണെന്നൎത്ഥം.
726. സനകാദിസമാരാധ്യാ = സനകസനന്ദാദിമഹൎഷിമാരാൽ ഉപാസിക്കപ്പെടുന്നവാം.
727. ശിവജ്ഞാനപ്രദായിനീ= നിൎഗ്ഗുണബ്രഹ്മത്തെപ്പററിയുള്ള ജ്ഞാനത്തെ കൊടുക്കുന്നവാം.

digitized by www.sreyas.in

അദൃശ്യമായ വായുവിനെപ്പററി അതിൻെറ ശക്തിയായ്കാററ് അറിവ് കൊടുക്കുന്നതുപോലെ.

728. ചിൽകലാ= സച്ചിദാനന്ദബ്രഹ്മത്തിൽ ചിൽ എന്ന അംശരൂപമായി ജീവികളിൽ സ്ഫുരിക്കുന്നവാം.

729. ആനന്ദകലികാ= സച്ചിദാനന്ദബ്രഹ്മത്തിൽ ആനന്ദമെന്ന അംശമായി ജീവികളിൽ സ്ഫുരിക്കുന്നവാം. ആനന്ദത്തിൻെറ മൊട്ട് എന്നും അത്ഥമാവാം.

730. പ്രേമരൂപാ= സ്നേഹക്കേത്യതിശയങ്ങളുടെ രൂപം ധരിച്ചവാം.

731. പ്രിയംകരീ=അഭീഷ്ടസാദ്ധ്യം വരുത്തുന്നവാം.

732. നാമപാരായണപ്രീതാ= സഹസ്രനാമാദിദേവീനാമസങ്കീത്തനം പതിവായി ചെയ്യുന്നവരെ ഇഷ്ടപ്പെടുന്നവാം.

733. നന്ദിവിദ്യാ=നന്ദികേശ്വരൻ ഉപാസിക്കുന്ന വിദ്യാ. (മന്ത്രമൂത്തി).

734. നടേശ്വരീ= ചിദംബരനടനംചെയ്യുന്ന ഭഗവാനെ അനുകരിച്ച് നൃത്തം ചെയ്യുന്നവാം.

735. മിത്ഥ്യാജഗദധിഷ്ഠാനാ= താന്ത്രികമതപ്രകാരം പ്രപഞ്ചം ബ്രഹ്മത്തിൻെറ പരിണാമമാണ്. ബ്രഹ്മത്തെപ്പോലെതന്നെ സത്യമായിട്ടുള്ളതാണ്. നടക്കുന്നതിൽതമ്മിൽ ഭേദമില്ല. ഭേദമുണ്ടെന്നും അന്യവസ്തുവായ ജഗത്തിന്നു ബ്രഹ്മം അധിഷ്ഠാനമാ

digitized by www.sreyas.in

ണെന്നും പറയുന്നതു് മിത്ഥ്യാഭ്രമമാണു്. ഇപ്ര
കാരം ബ്രഹ്മം ജഗത്തിനു് അധിഷ്ഠാനമാണെന്നു
ള്ള മിത്ഥ്യാഭ്രമം യാതൊന്നു ദേവിയെക്കുറിച്ചാണൊ
അവൾ എന്നു പദാൎത്ഥം. അദ്വൈതവേദാന്ത
പ്രകാരം മിത്ഥ്യമായ പ്രപഞ്ചത്തിന്നു് അടിസ്ഥാ
നമായി നില്ക്കുന്നവൾ എന്നും അൎത്ഥമാവാം.

736. മുക്തിദാ=മോക്ഷത്തെ കൊടുക്കുന്നവൾ.

737. മുക്തിരൂപിണീ=അവിദ്യയാൽ മൂടികിടക്കുന്ന ആത്മസ്വരൂപം വിദ്യാഹേതുവായി പ്രകാശിക്കുന്ന അവസ്ഥയാകുന്ന മുക്തി. അങ്ങിനെ പ്രകാശിക്കുന്ന ആത്മസ്വരൂപംതന്നെയാണു് ദേവി എന്നൎത്ഥം.

738. ലാസ്യപ്രിയാ=നൃത്തം ഇഷ്ടമായിട്ടുള്ളവൾ.

739. ലയകരീ=ഭക്തചിത്തത്തെ ബ്രഹ്മത്തിൽ ലയിപ്പിക്കുന്നവൾ.

740. ലജ്ജാ=ലജ്ജാസ്വരൂപം ധരിച്ചവൾ.

741. രംഭാദിവന്ദിതാ=രംഭ മുതലായ അപ്സരസ്ത്രീകളാൽ വന്ദിക്കപ്പെടുന്നവൾ.

742. ഭവദാവസുധാവൃഷ്ടിഃ= സംസാരമാകുന്ന കാട്ടുതീയിനെ നശിപ്പിക്കുന്ന അമൃതവൎഷം.

743. പാപാരണ്യദവാനലാ=പാപസമൂഹങ്ങളാകുന്ന കാടിനെ നശിപ്പിക്കുന്ന കാട്ടുതീ.

744. ദൌർഭാഗ്യതൂലവാതൂലാ= ദൌർഭാഗ്യമാകുന്ന പഞ്ഞിയെ പറത്തിക്കുന്ന കൊടുങ്കാററു്.

digitized by www.sreyas.in

745. ജരാധ്വാന്തരവിപ്രഭാ=ജരയാകുന്ന ഇരുട്ടിനെ നശി
പ്പിക്കുന്ന സൂൎയ്യപ്രകാശം.

746. ഭാഗ്യാബ്ധിചന്ദ്രികാ=ഭാഗ്യമാകുന്ന സമുദ്രത്തെ ഉല്ല
സിപ്പിക്കുന്ന ചന്ദ്രികാ.

747. ഭക്തചിത്തകേകിഘനാഘനാ=ഭക്തന്മാരുടെ ചിത്ത
മാകുന്ന മയിലിനെ ആനന്ദിപ്പിക്കുന്ന കാർമേഘം.

748. രോഗപൎവ്വതദംഭോളിഃ=രോഗങ്ങളാകുന്ന പൎവ്വതങ്ങ
ളെ ഭേദിക്കുന്ന ഇന്ദ്രവജ്രം.

749. മൃത്യുദാരുകുഠാരികാ=മൃത്യുവാകുന്ന മരത്തെ മുറിക്കു
ന്നതായ മഴു.

750. മഹേശ്വരീ=പരമോൽകൃഷ്ടയായ ഈശ്വരി.

751. മഹാകാളീ=കാലനെക്കൂടി സംഹരിക്കുന്നവൾ. ഉ
ജ്ജയിനീക്ഷേത്രാധിഷ്ഠിതനായ മഹാകാലമൂൎത്തി
യുടെ ശക്തി എന്നും ആവാം. മധുകൈടഭാസുര
ന്മാരെ വധിപ്പാൻ ശ്രീമഹാവിഷ്ണുവിനെ ഉണ
ൎത്തേണ്ടതിന്നു ബ്രഹ്മാവിനാൽ സ്തുതിക്കപ്പെട്ട ദേ
വിയുടെ പേരും ഇതുതന്നെ.

752. മഹാഗ്രാസാ=അളവില്ലാത്ത വലിപ്പത്തിലുള്ള ഉറ
ള ഭക്ഷിക്കുന്നവൾ, സംഹാരകാലം സൎവ്വപ്രപ
ഞ്ചവും ഒന്നായി ഭക്ഷിക്കുകയാൽ.

753. മഹാശനാ=അളവില്ലാത്ത ഭക്ഷണം ഭക്ഷിക്കുന്ന
വൾ. പ്രളയസംഹാരത്തിൽ ചരാചരങ്ങളെ
എല്ലാം ഭക്ഷിക്കയാൽ.

[illegible] തപസ്സുചെയ്യുമ്പോ
[illegible] (പൎണ്ണം) [illegible] ഭക്ഷിക്കാത്തവൾ.

digitized by www.sreyas.in

755. ചണ്ഡികാ=കോപശീലമുള്ളവൾ. ഏഴു വയസ്സായ കന്യകാ എന്നും അൎത്ഥമാവാം.

756. ചണ്ഡമുണ്ഡാസുരനിഷൂദിനീ= ചണ്ഡൻ എന്നും മുണ്ഡൻ എന്നും രണ്ടു് അസുരന്മാരെ നശിപ്പിച്ചവൾ.

757. ക്ഷരാക്ഷരാത്മികാ = പ്രപഞ്ചത്തിലുള്ള സൎവ്വത്തിന്റേയും കൂടസ്ഥനായ ഈശ്വരന്റേയും രൂപമുള്ളവൾ.

758. സൎവ്വലോകേശീ=സകല ലോകങ്ങൾക്കും ഈശ്വരി.

759. വിശ്വധാരിണീ= വിശ്വത്തിന്നു് ആധാരഭൂതയായവൾ.

760. ത്രിവൎഗ്ഗദാത്രീ=ധൎമ്മാൎത്ഥകാമങ്ങളെ കൊടുക്കുന്നവൾ.

761. സുഭഗാ= ലോകത്രയങ്ങളിലും സൌഭാഗ്യമുള്ളവൾ, എല്ലാം ദേവീരൂപമാണെന്നൎത്ഥം. അഞ്ചു വയസ്സായ കന്യകാരൂപം ധരിച്ചവൾ എന്നും ആവാം.

762. ത്ര്യംബകാ= മൂന്നു് തൃക്കണ്ണുകളുള്ളവൾ.

763. ത്രിഗുണാത്മികാ = സത്വരജസ്തമോഗുണങ്ങളുടെ സാമ്യാവസ്ഥയോടുകൂടിയ വിഗ്രഹമുള്ളവൾ.

764. സ്വൎഗ്ഗാപവൎഗ്ഗദാ= സ്വൎഗ്ഗത്തേയും മോക്ഷത്തേയും കൊടുക്കുന്നവൾ.

765. ശുദ്ധാ= അവിദ്യാമാലിന്യം ഇല്ലാത്തവൾ.

766. ജപാപുഷ്പനിഭാകൃതിഃ = ചെമ്പരത്തിപ്പൂനിറമുള്ളവൾ.

digitized by www.sreyas.in

767. ഓജോവതീ= ബലം ഉള്ളവൾ.

768. ദ്യുതിധരാ= കാന്തിയുള്ളവൾ.

769. യജ്ഞരൂപാ= യജ്ഞമൂർത്തിയായ വിഷ്ണുവിൻെറ രൂപം ധരിച്ചവൾ.

770. പ്രിയവ്രതാ= ഭക്തന്മാരുടെ വ്രതാനുഷ്ഠാനങ്ങളാൽ സന്തോഷിക്കുന്നവൾ.

771. ദുരാരാധ്യാ= ചപലേന്ദ്രിയന്മാരാൽ പൂജിക്കപ്പെടുവാൻ അസാധ്യാ.

772. ദുരാധർഷാ= ആരാലും ജയിക്കപ്പെടുവാൻ കഴിയാത്തവൾ.

773. പാടലീകുസുമപ്രിയാ= വെള്ളച്ചുകപ്പായ പുഷ്പങ്ങളെ ഇഷ്ടമുള്ളവൾ.

774. മഹതീ= എല്ലാ പ്രകാരത്തിലും അപരിമിതാ.

775. മേരുനിലയാ= മെരുപർവ്വതത്തിൽ വസിക്കുന്നവൾ.

776. മന്ദാരകുസുമപ്രിയാ= മന്ദാരപുഷ്പം ഇഷ്ടമുള്ളവൾ.

777. വീരാരാധ്യാ= വീരന്മാരാൽ ആരാധിക്കപ്പെടുന്നവൾ.

778. വിരാഡ്രൂപാ= ലോകങ്ങളെല്ലാം തൻെറ ദേഹാംഗങ്ങളായുള്ളവൾ.

779. വിരജാഃ= പാപം ഇല്ലാത്തവൾ.

780. വിശ്വതോമുഖീ= എല്ലാടത്തേക്കും മുഖമുള്ളവൾ. ഒരേസമയം ഏതു് ഭാഗത്തു് നിന്നു് ഭക്തന്മാർ ധ്യാനിച്ചാലും അവിടെയൊക്കെ കാണപ്പെടുന്നവൾ.



digitized by www.sreyas.in

781. പ്രത്യഗ്രൂപാ= ഹൃദയത്തിൽ കാണപ്പെടാവുന്ന സ്വരൂപമുള്ളവൾ.

782. പരാകാശാ= പരബ്രഹ്മം—ശിരസ്സിൽ ദ്വാദശാന്തത്തിന്നു മീതെ രണ്ടംഗുലം പരാകാശമെന്നു താന്ത്രികന്മാർ പറയും. അവിടെ സ്ഥിതിചെയ്യുന്നവൾ എന്നും അർത്ഥമാവാം.

783. പ്രാണദാ= പ്രാണേന്ദ്രിയങ്ങളെ കൊടുക്കുന്നവൾ.

784. പ്രാണരൂപിണീ= ബ്രഹ്മസ്വരൂപാ.

785. മാർത്താണ്ഡഭൈരവാരാധ്യാ= ശ്രീപുരിയിൽ 22–ഉം 23–ഉം പ്രാകാരങ്ങൾക്ക് മദ്ധ്യേ അധിവസിക്കുന്ന മാർത്താണ്ഡഭൈരവൻ എന്ന ദേവനാൽ ആരാധിക്കപ്പെടുന്നവൾ.

786. മന്ത്രിണീന്യസ്തരാജ്യധൂഃ= ശ്യാമളാംബാ എന്ന പേരുള്ള മന്ത്രിണിയുടെ വശം രാജ്യഭാരം ഏല്പിച്ചിട്ടുള്ളവൾ.

787. ത്രിപുരേശീ= സർവ്വദിക്കിലും നിറഞ്ഞ ചക്രാധീശ്വരി.

788. ജയത്സേനാ=വിജയശാലിനികളായ ശക്തിസമൂഹത്തോടു കൂടിയവൾ.

789. നിസ്ത്രൈഗുണ്യാ= സത്വരജസ്തമോഗുണസംബന്ധം ഇല്ലാത്തവൾ.

790. പരാപരാ=ഉൽകൃഷ്ടനികൃഷ്ടാദിസർവ്വസ്വരൂപിണീ.

791. സത്യജ്ഞാനാനന്ദരൂപാ=സത്യം, ജ്ഞാനം, ആനന്ദം എന്നീ രൂപങ്ങളുള്ളവൾ.

digitized by www.sreyas.in

792. സാമരസ്യപരായണാ= ശിവശക്തിമേളനാവസ്ഥ യാകുന്ന സാമരസ്യത്തിൽ സ്ഥിതിചെയ്യുന്നവൾ. അമരന്മാരോടുകൂടിയുള്ള ലോകത്തിന്നു് ആശ്രയമായിട്ടുള്ളവൾ എന്നും ആവാം.

793. കപർദ്ദിനീ=കവിടികൊണ്ടുള്ള മാല ധരിച്ചവൾ. ജടാധാരിയായ ശിവൻെറ ശക്തി എന്നും അർത്ഥമാവാം.

794. കലാമാലാ=64 കലാവിദ്യകളുടേയും പരമ്പരാസ്വരൂപം.

795. കാമധുക്=ഭക്തമനോരഥങ്ങളെ സാധിപ്പിക്കുന്നവൾ.

796. കാമരൂപിണീ=ഇഷ്ടമുള്ള രൂപം ധരിക്കാവുന്നവൾ

797. കലാനിധിഃ=ജീവാത്മാക്കളുടെ ഇരിപ്പിടം.

798. കാവ്യകലാ = കാവ്യരചനക്കുള്ള ബുദ്ധിവൈഭവം ദേവീസ്വരൂപമാണെന്നർത്ഥം.

799. രസജ്ഞാ=ശൃംഗാരാദിരസങ്ങളുടെ ജ്ഞാനമുള്ളവൾ.

800. രസശേവധിഃ=ബ്രഹ്മാമൃതിൻെറ ഇരിപ്പിടം.

801. പുഷ്ടാ=36 തത്വങ്ങളുടേയും വിഗ്രഹമാകയാൽ നിറഞ്ഞവൾ.

802. പുരാതനാ=എല്ലാററിന്നും മുമ്പെ ഉള്ളവൾ.

803. പൂജ്യാ=പൂജിക്കപ്പെടുവാൻ യോഗ്യ.

804. പുഷ്കരാ=പുഷ്കരാഖ്യതീർത്ഥസ്വരൂപിണി.

805. പുഷ്കരേക്ഷണാ=പത്മലോചനാ.

806. പരംജ്യോതിഃ=ബ്രഹ്മാത്മകമായ തേജോരൂപിണി.

digitized by www.sreyas.in

807. പരംധാമ=കൈവല്യമാകുന്ന പരമപദം.

808. പരമാണു= അണുക്കളിൽവെച്ച് അണുവായിട്ടുള്ളത്. ദുർജ്ഞേയാ എന്നത്ഥം.

809. പരാൽപരാ=ഉൽക്കൃഷ്ടന്മാരായ ബ്രഹ്മാദികളേക്കാൾ ഉൽക്കൃഷ്ടയായവൾ.

810. പാശഹസ്താ=പാശം ഇടത്തെ കയ്യിൽ ധരിച്ചവൾ.

811. പാശഹന്ത്രീ=സകലബന്ധങ്ങളേയും ഛേദിക്കുന്നവൾ.

812 പരമന്ത്രവിഭേദിനീ= ആഭിചാരാദി ശത്രുപീഡയെ തീക്കുന്നവൾ.

813 മൂത്താ=രൂപമുള്ള എല്ലാവസ്തുവും ദേവിയാണെന്നത്ഥം.

814. അമൂത്താ=വായു മുതലായി രൂപമില്ലാത്ത വസ്തുക്കളും ദേവി തന്നെ.

815. അനിത്യതൃപ്താ=ലഘുവായ ഉപചാരങ്ങളാൽ കൂടി തൃപ്തിപ്പെടുന്നവൾ.

816. മുനിമാനസഹംസികാ= മുനിമാരുടെ മനസ്സാകുന്ന സരസ്സിൽ ഹംസത്തെപ്പോലെ ക്രീഡിക്കുന്നവൾ.

817. സത്യവ്രതാ=സത്യോക്തി നിഷ്ഫലമാക്കില്ലെടാ എന്നുള്ള വ്രതം സ്വീകരിച്ചവൾ.

818. സത്യരൂപാ= ത്രികാലങ്ങളിലും വ്യത്യാസമില്ലാത്ത രൂപത്തോടു കൂടിയവൾ.

819. സർവ്വാ=സർവ്വസ്വരൂപാ.

digitized by www.sreyas.in

820. അന്തൎയ്യാമിണീ=എല്ലാവരുടേയും ഉള്ളിൽ ഇരിക്കു ന്നവൾ.

821. സതീ=ശിവപത്നിയായ ദക്ഷപുത്രിയുടെ പേര്. അച്ഛൻ ഭൎത്താവിനെ അപമാനിക്കയാൽ സ്വ യോഗാഗ്നിയാൽ ദേഹത്തെ ദഹിപ്പിച്ച ഹിമവൽ പുത്രിയായി ജനിച്ച പാൎവ്വതി എന്ന പേരോടെ പിന്നേയും ശിവൻെറ പത്നിയായി. എല്ലാകാ ലത്തിലും ശിവപത്നിതന്നെയാകയാൽ സതീ (പതിവ്രതാ) എന്ന പേര് അന്വൎത്ഥംതന്നെ.

822. ബ്രഹ്മാണീ=പുച്ഛബ്രഹ്മരൂപാ. വേദാന്തികൾ ദേ ഹത്തിൽ കല്പിച്ചിട്ടുള്ള അഞ്ചു കോശങ്ങളിൽ ഏറ്റ വും ഉള്ളിലുള്ള ആനന്ദമയകോശം ബ്രഹ്മമാ ണെന്നു വ്യവഹരിക്കാറുണ്ട്. അപ്പോൾ ആന ന്ദമയകോശത്തിന്നും ഉള്ളിലുള്ള വസ്തുവിന്നു ബ്ര ഹ്മപുച്ഛം എന്നു പറയും.

823. ബ്രഹ്മജനനീ=ബ്രഹ്മാവിനെ ജനിപ്പിച്ചവൾ.

824. ബഹുരൂപാ= സൎവ്വവ്യാപിനിയാകയാൽ അനേക രൂപങ്ങളുള്ളവൾ.

825. ബുധാൎച്ചിതാ=ജ്ഞാനികളാൽ പൂജിക്കപ്പെട്ടവൾ.

826. പ്രസവിത്രീ=സൎവ്വ പ്രപഞ്ചത്തേയും ജനിപ്പിച്ചവൾ.

827. പ്രചണ്ഡാ=അതികോപികളായ ഉഗ്രന്മാരുള്ളവൾ

828. ആജ്ഞാ=വിധിനിഷേധങ്ങളോടു കൂടിയ വേദത്തി ൻെറ സ്വരൂപമുള്ളവൾ.

digitized by www.sreyas.in

829. പ്രതിഷ്ഠാ= ജഗത്തിന്നെല്ലാം അടിസ്ഥാനമായുള്ളവൾ.

830. പ്രകടാകൃതിഃ=എല്ലാവൎക്കും കാണാകുന്ന രൂപം ധരിച്ചവൾ.

831. പ്രാണേശ്വരീ=പ്രാണേന്ദ്രിയങ്ങൾക്ക് അധിഷ്ഠാനമാകുമൂലം ഈശ്വരിയായവൾ.

832. പ്രാണദാത്രീ= സൎവ്വജഗത്തിനേയും ജീവിപ്പിക്കുന്നവൾ.

833. പഞ്ചാശൽപീഠരൂപിണീ=കാമരൂപാ എന്നു തുടങ്ങി ഛായാഛത്രാ എന്നതുവരേയുള്ള അമ്പത്തൊന്നു ദേവീപീഠങ്ങളുടേയും രൂപങ്ങൾ ഉള്ളവൾ.

ഈ പദത്തിൽ പഞ്ചാശൽ എന്നു പറഞ്ഞിട്ടുള്ളത് ഏകദേശവാചി ആണ്. അമ്പത്തൊന്ന് എന്ന് അൎത്ഥം എടുത്തുകൊള്ളേണ്ടതാണ്.

834. വിശൃംഖലാ=കൎമ്മാദി ബന്ധങ്ങളാൽ കെട്ടപ്പെടാത്തവൾ.

835. വിവിക്തസ്ഥാ=വിജനശുദ്ധദേശത്തിൽ ഇരിക്കുന്നവൾ.

836. വീരമാതാ=വീരൻ എന്ന ഗണേശ്വരന്റെ മാതാവ്.

837. വിയൽപ്രസൂഃ=ഭൂതങ്ങളിൽ ആദ്യസൃഷ്ടമായ ആകാശത്തെ ജനിപ്പിച്ചവൾ.

838. മുകുന്ദാ=മുക്തിയെ കൊടുക്കുന്നവൾ. ശ്രീകൃഷ്ണരൂപം ധരിച്ചവൾ എന്നും അൎത്ഥം ആവാം. ലളിതാദേവി ഒരിക്കൽ ശ്രീകൃഷ്ണരൂപം ധരിച്ച് ഗോപി

digitized by www.sreyas.in

കളുടെ വേഷം ധരിച്ച തൻെറ ശക്തിദേവതമാരോടുകൂടി ക്രീഡിച്ചു എന്നും മററും തന്ത്രരാജഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്.

839. മുക്തിനിലയാ=മോക്ഷസ്വരൂപിണീ.

840. മൂലവിഗ്രഹരൂപിണീ=എല്ലാ ശക്തിമാൎക്കും മൂലഭൂതമായ രാജരാജേശ്വരീവിഗ്രഹം ധരിച്ചവരം.

841. ഭാവജ്ഞാ=അന്യാഭിപ്രായം അറിയുന്നവരം.

842. ഭവരോഗഘ്നീ=സംസാരമാകുന്ന രോഗത്തെ നശിപ്പിക്കുന്നവരം.

843. ഭവചക്രപ്രവൎത്തിനി= ചക്രം ചുററുംപോലെ സംസാരത്തെ അററമില്ലാതെ നടത്തുന്നവരം.

844. ഛന്ദഃസാരാ= വേദങ്ങളിൽ സാരമായി പ്രതിപാദിച്ചിട്ടുള്ളത് ദേവിയെ ആണെന്നൎത്ഥം.

845. ശാസ്ത്രസാരാ=മീമാംസാദിസൎവ്വശാസ്ത്രങ്ങളിലും മുഖ്യപ്രതിപാദ്യവസ്തു ദേവിയാണു്.

846. മന്ത്രസാരാ= മന്ത്രതന്ത്രാദികളിൽ മുഖ്യപ്രതിപാദ്യവസ്തു ദേവിയാണു്.

847. തലോദരീ= കരതലംപോലെ കൃശവും സമവും ആയ ഉദരമുള്ളവരം.

848. ഉദാരകീൎത്തിഃ= മഹത്തരമായ കീൎത്തിയുള്ളവരം.

849. ഉദ്ദാമവൈഭവാ= ഇത്ര എന്നു ഖണ്ഡിച്ചുപറയുവാൻ പാടില്ലാത്ത വൈഭവത്തോടു കൂടിയവരം.

850. വൎണ്ണരൂപിണീ= പാണിനീശിക്ഷാഗ്രന്ഥത്തിൽ പറയുന്ന 64 വൎണ്ണങ്ങളുടെ രൂപമുള്ളവരം.

digitized by www.sreyas.in

851. ജന്മമൃത്യുജരാതപ്തജനവിശ്രാന്തിദായിനീ= ജനനം മരണം ജരാ- ഇവകളാൽ സങ്കടപ്പെടുന്ന ജനങ്ങളെ സ്വാത്മസുഖംകൊടുത്ത് സന്തോഷിപ്പിക്കുന്നവാം.

852. സർവ്വോപനിഷദുൽഘുഷ്ടാ= സകല ഉപനിഷത്തുകളാലും ഘോഷിക്കപ്പെട്ടവാം.

853. ശാന്ത്യതീതകലാത്മികാ= ശാന്ത്യതീതാകലയുടെ രൂപമുള്ളവാം. ശാന്ത്യതീതാകലാ എന്നത് അദ്വൈതനിർവ്വാണാനന്ദബോധത്തെ കൊടുക്കുന്നതായ ആകാശനിഷ്ഠാകലക്ക് ശൈവാഗമത്തിൽ പറയുന്നപേര്, ആജ്ഞാചക്രത്തിന്ന് മീതെ വൃത്താകാരമായ വിന്ദുവിൽ സ്ഥിതിചെയ്യുന്ന ദേവിരൂപത്തിന്നും ശാന്ത്യതീതാ എന്നു പേരുണ്ട്.

854. ഗംഭീരാ= സമുദ്രംപോലെ അത്യന്തം അഗാധഹൃദയയായും വ്യാപിച്ചും ഇരിക്കുന്നവാം.

855. ഗഗനാന്തഃസ്ഥാ= ആകാശത്തിന്നുള്ളിൽ ഇരിക്കുന്നവാം.

856. ഗർവ്വിതാ= അഹങ്കാരോല്പത്തിസ്ഥാനം.

857. ഗാനലോലുപാ= സംഗീതത്തിൽ താല്പര്യമുള്ളവാം.

858. കല്പനാരഹിതാ= അനാത്മാക്കളായ ദൃശ്യവസ്തുക്കളെ ആത്മാവെന്ന് കല്പിക്കുന്ന മായാഭ്രാന്തി ഇല്ലാത്തവാം. എല്ലാററിന്റെയും സൂക്ഷ്മതത്വം അറിയുന്നവാം,

digitized by www.sreyas.in

859. കാഷ്ഠാ= വേദാന്തവാക്യങ്ങളുടെ നിഷ്കൃഷ്ടയായ അ ൎത്ഥതത്വം.

860. അകാന്താ= പാപനാശിനീ; ദുഃഖനാശിനീ.

861. കാന്താൎദ്ധവിഗ്രഹാ= തന്റെ അൎദ്ധശരീരത്തിൽ കാന്തനോടു കൂടിയവൾ.

862. കാൎയ്യകാരണനിൎമ്മുക്താ= കാൎയ്യങ്ങളായ മഹത്തത്വാദികളുടേയും കാരണമായ മൂലപ്രകൃതിയുടേയും സംബന്ധമില്ലാത്ത ചൈതന്യം.

863. കാമകേളിതരംഗിതാ=പരമശിവന്റെ ക്രീഡാവിലാസപരമ്പരയുടെ ഉൽപ്പത്തിസ്ഥാനം. സൃഷ്ട്യാദി ക്രീഡകൾ മായാശക്തിയെ അവലംബിച്ചാണെന്നൎത്ഥം.

864. കനൽകനകതാടങ്കാ= മിന്നും പൊന്നിൻ കണ്ഡലങ്ങൾ ധരിച്ചവൾ.

865. ലീലാവിഗ്രഹധാരിണീ= അനായാസേന അവതാരവിഗ്രഹങ്ങളെ ധരിക്കുന്നവൾ.

866. അജാ= സൃഷ്ടജീവികളെപ്പോലെയുള്ള ജനനം ഇല്ലാത്തവൾ.

867. ക്ഷയവിനിൎമ്മുക്താ= മരണമില്ലാത്തവൾ.

868. മുഗ്ദ്ധാ= സൌന്ദൎയ്യവതി.

869. ക്ഷിപ്രപ്രസാദിനീ= വേഗത്തിൽ പ്രസാദിക്കുന്നവൾ.

870. അന്തൎമ്മുഖസമാരാധ്യാ= വിഷയവിമുഖന്മാരാൽ പൂജിക്കപ്പെടുന്നവൾ.



digitized by www.sreyas.in

871. ബഹിർമ്മുഖസുദുർല്ലഭാ= വിഷയാസക്തന്മാൎക്കു് കാണാൻ കിട്ടാത്തവൾ.

872. ത്രയീ= ഋക്ക, യജുസ്സ, സാമം ഈ വേദങ്ങളുടെ രൂപമുള്ളവൾ.

873. ത്രിവൎഗ്ഗനിലയാ= ധൎമ്മാൎത്ഥകാമങ്ങളുടെ ഇരിപ്പിടം.

874. ത്രിസ്ഥാ= കാലത്രയം. ലോകത്രയം, പാവകത്രയം, ത്രിവൎഗ്ഗം, ത്രികോണം ഇത്യാദിത്രയങ്ങളിൽ സ്ഥിതിചെയ്യുന്നവൾ.

875. ത്രിപുരമാലിനീ= ദേഹത്തിലെ ദശാരചക്രത്തിന്റെ അഭിമാനിദേവതയുടെ പേരു്. ആ ദേവത ദേവീരൂപം ആകുന്നു എന്നൎത്ഥം.

876. നിരാമയാ= രോഗരഹിതാ=

877. നിരാലംബാ= തനിക്കു് ആധാരമായി അന്യവസ്തു ഇല്ലാത്തവൾ.

878. സ്വാത്മാരാമാ= തന്നിൽ തന്നെ രമിച്ചിരിക്കുന്നവൾ.

879. സുധാസ്രുതി:= സഹസ്രാരകൎണ്ണികാചന്ദ്രനിലുള്ള അമൃതിനെ സ്രവിപ്പിക്കുന്ന കുണ്ഡലിനീശക്തി. സുധാവൃഷ്ടിതന്നെ ദേവിരൂപമാണെന്നും അൎത്ഥം ആവാം.

880. സംസാരപങ്കനിൎമ്മഗ്നസമുദ്ധരണപണ്ഡിതാ= സംസാരമാകുന്ന ചളിയിൽ മുങ്ങിയവരെ പൊങ്ങിക്കുന്നതിൽ കൌശലമുള്ളവൾ.

881. യജ്ഞപ്രിയാ= യാഗം ഇഷ്ടപ്പെടുന്നവൾ.

digitized by www.sreyas.in

882. യജ്ഞകർത്രീ= യജ്ഞകർത്താവായ ശിവന്റെ പത്നി.

883. യജമാനസ്വരൂപിണീ= യജമാനന്റെയും തന്റെയും രൂപങ്ങളെ ധരിച്ചവൾ. യജമാനൻ എന്നതു് ശിവന്നു് അഷ്ടമൂർത്തികളുള്ളതിൽ ഒന്നിന്റെ പേരു്. ശിവനും ശിവയും സൂക്ഷ്മത്തിൽ ഒന്നു തന്നെ എന്നു് താൽപ്പര്യം.

884. ധർമ്മാധാരാ= ധർമ്മത്തിൽ സ്ഥിതിചെയ്യുന്നവൾ. ധർമ്മം എന്നതു് വേദവിരുദ്ധങ്ങളല്ലാത്ത ആചാരസമ്പ്രദായങ്ങൾ. ധർമ്മത്തിന്റെ സർവ്വത്ര പ്രവാഹം എന്നും അർത്ഥമാവാം. ധർമ്മം ദേവീരൂപമാണെന്നർത്ഥം.

885. ധനാധ്യക്ഷാ= ധനത്തിന്റെ നാഥ.

886. ധനധാന്യവിവർദ്ധിനീ= ധനധാന്യങ്ങളെ വർദ്ധിപ്പിക്കുന്നവൾ.

887. വിപ്രപ്രിയാ= വിദ്വാന്മാരായ ബ്രാഹ്മണരെ പ്രിയമുള്ളവൾ.

888. വിപ്രരൂപാ= വിദ്വൽബ്രാഹ്മണസ്വരൂപമുള്ളവൾ.

889. വിശ്വഭ്രമണകാരികാ= വിശ്വങ്ങളെ സൃഷ്ടിസ്ഥിതിസംഹാരരൂപേണ ചുററിക്കുന്നവൾ.

890. വിശ്വഗ്രാസാ= വിശ്വസംഹാരം ചെയ്യുന്നവൾ.

891. വിദ്രുമാഭാ= പവിഴത്തിന്റെ നിറമുള്ളവൾ.

892. വൈഷ്ണവീ= വിഷ്ണുവിന്റെ ശക്തി.

893. വിഷ്ണുരൂപിണീ= വിഷ്ണു എന്ന നാമധേയത്തോടെ പുരുഷരൂപത്തെ ധരിച്ചവൾ.

digitized by www.sreyas.in

894. അയോനി:= ജന്മരഹിതാ, കാരണോൽഭൂതയല്ലാത്തവാം.

895. യോനിനിലയാ= ജഗത്തിൻെറ ഉൽപ്പത്തിസ്ഥാനവും ലയസ്ഥാനവും.

896. കൂടസ്ഥാ= വികാരങ്ങം ഇല്ലാത്തവാം.

897. കളരൂപിണീ= കൌളമാൎഗ്ഗബാഹ്യപൂജയുടെ രൂപമുള്ളവാം.

898. വീരഗോഷ്ഠിപ്രിയാ= വീരന്മാരുടെ സഭയെ ഇഷ്ടപ്പെടുന്നവാം.

899. വീരാ= വീൎയ്യമുള്ളവാം. പതിയും പുത്രന്മാരും ഉള്ളവാം എന്നും ആവാം.

900. നൈഷ്കൎമ്മ്യാ= കൎമ്മങ്ങം ചെയ്യാത്തവാം. കൎമ്മഫലംതന്നെ ബാധിക്കാത്തവാം എന്നും ആവാം.

901. നാദരൂപിണീ= പ്രണവാന്തഃസ്ഥിതവും ആനന്ദലക്ഷണവും ഹൃദയദേശഗതവുമായ നാദം ദേവിയുടെ ഒരു രൂപമാണെന്നൎത്ഥം.

902. വിജ്ഞാനകലനാ= ബ്രഹ്മത്തെ ഭക്തഹൃദയത്തിൽ സാക്ഷാൽക്കാരം ചെയ്യിക്കുന്നവാം.

903. കല്യാ= വിദ്യകളിൽ നിപുണാ= ഉഷഃകാലരൂപാ എന്നും ആവാം.

904. വിദഗ്ദ്ധാ= ചാതുൎയ്യമുള്ളവാം.

905. ബൈന്ദവാസിനീ= ഭ്രൂമദ്ധ്യത്തിന്നുമീതെ വൃത്താകാരമായുള്ള ബിന്ദുവിൽ സ്ഥിതിചെയ്യുന്നവാം.

906. തത്വാധികാ= പ്രപഞ്ചത്തിന്നു് അടിസ്ഥാനമായ

digitized by www.sreyas.in

36 തത്വങ്ങൾ പ്രളയകാലത്തു നശിച്ചതിൽ പിന്നേയും ശേഷിച്ചു് നില്ക്കുന്നവൾ.

907. തത്വമയീ= 36 തത്വങ്ങളുടെ രൂപമുള്ളവൾ. സൽ, ചിൽ, ആനന്ദം, ആത്മതത്വം, വിദ്യാതത്വം, ശിവതത്വം എന്നീ തത്വങ്ങളുടെ രൂപമുള്ളവൾ എന്നും അത്ഥമാം.

908. തത്വമത്ഥസ്വരൂപിണീ= തത്വമസി എന്ന മഹാവാക്യത്തിലെ തൽപദത്തിന്റേയും ത്വംപദത്തിന്റേയും അത്ഥങ്ങളായ പരമാത്മജീവാത്മാക്കളുടെ രൂപങ്ങൾ ഉള്ളവൾ.

909. സാമഗാനപ്രിയാ= സാമവേദഗാനം ഇഷ്ടമുള്ളവൾ.

910. സോമ്യാ=സോമയാഗത്താൽ പൂജിക്കപ്പെടേണ്ടവൾ. ഉമയോടുകൂടിയ ശിവനെ (അദ്ധനാരീശ്വരനെ) തന്റെ അംഗമാക്കിട്ടുള്ളവൾ.

911. സദാശിവകുടുംബിനീ= സദാശിവന്റെ ഭായ്യ, ശ്യാമളാ, ശുദ്ധവിദ്യാ, അശ്വാരൂഢാ, ഇത്യാദി രൂപത്തോടുകൂടിയവൾ.

912. സവ്യാപസവ്യമാർഗ്ഗസ്ഥാ= താന്ത്രികമതത്തിലുള്ള വാമമാർഗ്ഗം എന്നും ദക്ഷിണമാർഗ്ഗം എന്നുംഉള്ള രണ്ടു മാർഗ്ഗങ്ങളിലും സ്ഥിതിചെയ്യുന്നവൾ. വാമമാർഗ്ഗക്കാർ ശ്രൌതസ്മാർത്താദിസകലകമ്മങ്ങളും ഭൈരവിക്കു് അപ്പിച്ചുചെയ്യും. ദക്ഷിണമാർഗ്ഗക്കാർ അതാതു് കമ്മങ്ങൾ ശ്രുതിസ്മൃതിവിധിപ്രകാരം അതാതു് ദേവതകൾക്കു് അപ്പിച്ചുചെയ്യും. ഇതാ

digitized by www.sreyas.in

ണ് മുഖ്യവ്യത്യാസം. ദേവയാനം, പിതൃയാനം, എന്നീ രണ്ട് ഊൎദ്ധ്വഗതികൾക്കും സ്വാമിനിയായിരിക്കുന്നവൾ. എന്നും അൎത്ഥമാവാം. ഇഡാ, പിംഗളാ എന്ന രണ്ടു നാഡികളിലിരിക്കുന്നവൾ എന്നും അൎത്ഥം ആവാം.

913. സൎവ്വാപദ്വിനിവാരിണീ= ഭക്തന്മാരുടെ സകല ആപത്തുകളേയും ഒഴിക്കുന്നവൾ.

914. സ്വസ്ഥാ= ദുഃഖകൃതചാഞ്ചല്യാദിരഹിതാ.

915. സ്വഭാവമധുരാ= സ്വാഭാവികമായിത്തന്നെ എല്ലാവരാലും അഭിലഷിക്കപ്പെടത്തക്കവൾ.

916. ധീരാ= പാണ്ഡിത്യം ഉള്ളവൾ. ബുദ്ധിയെ കൊടുക്കുന്നവൾ എന്നും ആവാം.

917. ധീരസമൎച്ചിതാ=പണ്ഡിതന്മാരാൽ പൂജിക്കപ്പെടുന്നവൾ.

918. ചൈതന്യാൎഘ്യസമാരാധ്യാ=നിരാലംബപൂജയിൽ ചൈതന്യമാകുന്ന അൎഘ്യത്താൽ പൂജിക്കപ്പെടുന്നവൾ.

919. ചൈതന്യകുസുമപ്രിയാ=ചിൽ (ജ്ഞാനം) ആകുന്ന കുസുമത്തെ ഇഷ്ടപ്പെടുന്നവൾ.

920. സദോദിതാ=സദാ പ്രകാശിച്ചുംകൊണ്ടിരിക്കുന്നവൾ.

921. സദാതുഷ്ടാ=സദാ പ്രസന്നയായിരിക്കുന്നവൾ.

922. തരുണാദിത്യപാടലാ = മദ്ധ്യാഹ്നസൂൎയ്യനെപ്പോലെ ശ്വേതരക്തവൎണ്ണമുള്ളവൾ.

923. ദക്ഷിണാദക്ഷിണാരാധ്യാ= ദക്ഷിണാമാൎഗ്ഗോപാസക

digitized by www.sreyas.in

ന്മാരാലും വാമമാർഗ്ഗോപാസകന്മാരാലും പൂജിക്കപ്പെടുന്നവൾ.

924. മന്ദസ്മേരമുഖാംബുജാ=മന്ദസ്മിതത്തോടുകൂടിയ മുഖപത്മമുള്ളവൾ.

925. കൌളിനീകേവലാ=കേവലം കൌളധർമ്മത്തിൽ സ്ഥിതിചെയ്യുന്നവൾ.

926. അനർഘകൈവല്യപദദായിനി=വില മതിക്കാൻ പാടില്ലാത്ത കൈവല്യ മോക്ഷമാകുന്ന ഫലത്തെ കൊടുക്കുന്നവൾ.

927. സ്തോത്രപ്രിയാ= ഗുണാനുകീർത്തനങ്ങളായ നാമാദി സ്തോത്രങ്ങളെ ഇഷ്ടമുള്ളവൾ.

928. സ്തുതിമതീ=സ്തുതിക്കപ്പെടുന്നവൾ. യാതൊരു ദേവിയെ സ്തുതിക്കുന്നതിനാൽ ജ്ഞാനൈശ്വര്യങ്ങൾ ലഭിക്കുമോ അവൾ.

929. ശ്രുതിസംസ്തുതവൈഭവാ = വേദങ്ങളിൽ സ്തുതിക്കപ്പെട്ട വൈഭവത്തോടു കൂടിയവൾ.

930. മനസ്വിനീ= പരാധീനതയില്ലാതെ സ്വതന്ത്രബുദ്ധിയോടുകൂടിയവൾ.

931. മാനവതീ=അഭിമാനയുക്താ.

932. മഹേശീ=മഹേശന്റെ ശക്തി.

933. മംഗളാകൃതി:=മംഗളസ്വരൂപിണി.

934. വിശ്വമാതാ=പ്രപഞ്ചത്തിന്റെ ജനനി.

935. ജഗദ്ധാത്രീ=ഭൃത്യരൂപേണ ലോകത്തെ ധരിക്കുന്നവൾ.

936. വിശാലാക്ഷീ=വിസ്തീർണ്ണമായ കണ്ണുകളുള്ളവൾ. കാശീപീഠാഭിമാനിനീദേവതാ.

digitized by www.sreyas.in

937. വിരാഗിണീ=വൈരാഗ്യമുള്ളവൾ.

938. പ്രഗത്ഭാ=സൃഷ്ട്യാദികർമ്മങ്ങളിൽ സാമർത്ഥ്യമുള്ളവൾ.

939. പരമോദാരാ=ഉൽകൃഷ്ടതയും മഹത്വവും ഉള്ളവൾ.

940. പരാമോദാ=ഉൽകൃഷ്ടയായ കീർത്തിയുള്ളവൾ.

941. മനോമയീ=ശുദ്ധബ്രഹ്മം.

942. വ്യോമകേശീ=വിരാഡ്രൂപത്തിൽ ആകാശം കേശമായിട്ടുള്ളവൾ. വ്യോമകേശ (ശിവ)ന്റെ ശക്തി എന്നും ആവാം.

943. വിമാനസ്ഥാ=ചിന്താമണിഗൃഹത്തിൽ വിമാനമെന്നു പറയപ്പെടുന്ന മണ്ഡപത്തിലിരിക്കുന്നവൾ.

944. വജ്രിണീ=വജ്രായുധം ധരിച്ചവൾ.

945. വാമകേശ്വരീ=വാമകേശ്വരതന്ത്രരൂപാ. ആ തന്ത്രത്തിൽ പ്രതിപാദിക്കപ്പെട്ടവൾ എന്നും ആവാം.

946. പഞ്ചയജ്ഞപ്രിയാ=പഞ്ചയജ്ഞങ്ങൾ ഇഷ്ടമുള്ളവൾ. പഞ്ചയജ്ഞങ്ങൾ=അഗ്നിഹോത്രം, ദർശപൂർണ്ണമാസങ്ങൾ, ചാതുർമ്മാസ്യങ്ങൾ, പശുയജ്ഞം, സോമയജ്ഞം എന്നിവയോ ദേവയജ്ഞം, ബ്രഹ്മയജ്ഞം, ഭൂതയജ്ഞം, പിതൃയജ്ഞം, മനുഷ്യയജ്ഞം എന്നിവയോ കേവലഃ, യാമളഃ, മിശ്രഃ, ചക്രയുക്, വീരസംകരഃ എന്നിവയോ ആവാം.

947. പഞ്ചപ്രേതമഞ്ചാധിശായിനീ= ബ്രഹ്മവിഷ്ണുരുദ്രേശ്വരന്മാർ കാലുകളായും സദാശിവൻ പലകയായും ഉള്ള കട്ടിലിൽ കിടക്കുന്നവൾ.

948. പഞ്ചമീ= ബ്രാഹ്മ്യാദിപഞ്ചരത്നദേവതമാരിൽ അഞ്ചാമത്തെ വാരാഹീദേവിയുടെ രൂപമുള്ളവൾ.

digitized by www.sreyas.in

949. പഞ്ചഭൂതേശീ=പൃഥിവി തുടങ്ങിയ അഞ്ചു ഭൂതങ്ങൾക്ക് ആജ്ഞാകർത്രി.

950. പഞ്ചസംഖ്യോപചാരിണീ=ഗന്ധം, പുഷ്പം, ധൂപം, ദീപം, നൈവേദ്യം എന്നീ അഞ്ചു് ഉപചാരങ്ങളാൽ പൂജിക്കപ്പെടുന്നവൾ.

951. ശാശ്വതീ=എന്നും ഉള്ളവൾ.

952. ശാശ്വതൈശ്വര്യാ=നാശമില്ലാത്ത ഐശ്വര്യത്തോടു കൂടിയവൾ.

953. ശർമ്മദാ=സുഖത്തെ കൊടുക്കുന്നവൾ.

954. ശംഭുമോഹിനീ=ശിവനെ മോഹിപ്പിക്കുന്നവൾ.

955. ധരാ=പൃഥിവീദേവീസ്വരൂപമുള്ളവൾ.

956. ധരസുതാ=ഹിമവൽപർവ്വതപുത്രി.

957. ധന്യാ=കൃതാർത്ഥയായവൾ.

958. ധർമ്മിണീ=ധർമ്മശീലമുള്ളവൾ.

959. ധർമ്മവർദ്ധിനീ=ജിതേന്ദ്രിയത്വം, ശൌചം, മാംഗല്യം, ഭക്തി എന്നീ ഗുണങ്ങളെ വർദ്ധിപ്പിക്കുന്നവൾ.

960. ലോകാതീതാ=ഇന്ദ്രലോകാദികളെ അതിക്രമിച്ചുള്ള മഹാകൈലാസത്തിലിരിക്കുന്നവൾ.

961. ഗുണാതീതാ=ഗുണങ്ങളെ അതിക്രമിച്ചു് തത്സംബന്ധമില്ലാതിരിക്കുന്നവൾ.

962. സർവ്വാതീതാ=എല്ലാററിനും മീതെയുള്ളവൾ.

963. ശമാത്മികാ=സുഖസ്വരൂപിണി.

964. ബന്ധൂകകുസുമപ്രഖ്യാ=ഉച്ചമലരിപ്പൂവിനെപ്പോലെ അതിരക്തവണ്ണമുള്ളവാം.

965. ബാലാ=കുമാരീരൂപമുള്ളവാം.

966. ലീലാവിനോദിനീ = പ്രാപഞ്ചികക്രീഡയാൽ വിനോദിക്കുന്നവാം.

967. സുമംഗലീ=പതിയോടു കൂടിയുള്ളവാം.

968. സുഖകരീ=സുഖത്തെ ചെയ്യുന്നവാം.

969. സുവേഷാഢ്യാ=നല്ല വേഷത്തോടു കൂടിയവാം.

970. സുവാസിനീ=സദാ ജീവിച്ചിരിക്കുന്ന ഭത്താവോടു കൂടിയവാം.

971. സുവാസിന്യച്ചനപ്രീതാ = സുമംഗലികളുടെ പൂജയാൽ സന്തോഷിക്കുന്നവാം.

972. ആശോഭനാ=സവ്വാംഗസുന്ദരി.

973. ശുദ്ധമാനസാ=ശുദ്ധമായ മനസ്സുള്ളവാം.

974. വിന്ദുതപ്പണസന്തുഷ്ടാ = സവ്വാനന്ദമയചക്രത്തിൽ ക്ഷീരാദികളാൽ തപ്പിക്കുന്നതുകൊണ്ടു് സന്തോഷിക്കുന്നവാം.

975. പൂവ്വജാ=എല്ലാററിന്നും മുമ്പെ ഉണ്ടായവാം.

976. ത്രിപുരാംബികാ= അഷ്ടമചക്രാഭിമാനിയായ ത്രിപുരാംബികാ എന്ന ദേവതയുടെ രൂപമുള്ളവാം.

977. ദശമുദ്രാസമാരാധ്യാ=സംക്ഷോഭിണി മുതലായ പത്തു മുദ്രകളാൽ പൂജിക്കപ്പെടുന്നവാം.

978. ത്രിപുരാശ്രീവശംകരീ = പഞ്ചമചക്രാധിഷ്ഠിതയായ

digitized by www.sreyas.in

ത്രിപുരാശ്രീ എന്ന ദേവതയെ വശത്തിൽ വെച്ചിട്ടുള്ളവ൪.

979. ജ്ഞാനമുദ്രാ=തള്ളവിരലും ചൂണ്ടാണിവിരലും ചേൎത്തുകാണിക്കുന്ന മുദ്രക്ക് ജ്ഞാനമുദ്രാ എന്നു പേരു്. ഇതു് ദേവീരൂപം.

980. ജ്ഞാനഗമ്യാ = ജ്ഞാനത്താൽ അറിയപ്പെടുവാൻ സാദ്ധ്യാ.

981. ജ്ഞാനജ്ഞേയസ്വരൂപിണീ= ജ്ഞാനത്തിന്റെയും ജ്ഞാനവിഷയത്തിന്റെയും രൂപമുള്ളവ൪.

982. യോനിമുദ്രാ=ഈ പേരുള്ള കമ്പതാമത്തെ മുദ്രയുടെ രൂപമുള്ളവ൪.

983. ത്രിഖണ്ഡേശീ=ത്രിഖണ്ഡമെന്ന പത്താമത്തെ മുദ്രയുടെ സ്വാമിനീ.

984. ത്രിഗുണാ=സത്വരജസ്തമോഗുണമയപ്രകൃതിരൂപാ.

985. അംബാ=എല്ലാററിനും കാരണഭൂതയായവ൪.

986. ത്രികോണഗാ=ത്രികോണത്തിൽ സ്ഥിതിചെയ്യുന്നവ൪.

987. അനഘാ=പാപദുഃഖാദിരഹിതാ.

988. അത്ഭുതചാരിത്രാ=അത്ഭുതകരങ്ങളായ ചരിത്രങ്ങളോടു കൂടിയവ൪.

989. വാഞ്ഛിതാൎത്ഥപ്രദായിനീ=അഭീഷ്ടസിദ്ധിയെ കൊടുക്കുന്നവ൪.

990. അഭ്യാസാതിശയജ്ഞാതാ = നിരന്തരാഭ്യാസബലത്താൽ അറിയപ്പെടുന്നവ൪.

digitized by www.sreyas.in

991. ഷഡധ്വാതീതരൂപിണീ=ആറു മാർഗ്ഗങ്ങളേയും അതിക്രമിച്ചുള്ള രൂപത്തോടു കൂടിയവളും. ആറു മാർഗ്ഗങ്ങൾ=പദാധ്വാ, വർണ്ണാധ്വാ, മന്ത്രാധ്വാ, ഭുവനാധ്വാ, തത്വാധ്വാ, കലാധ്വാ.

992. അവ്യാജകരുണാമൂർത്തി:=യാതൊരു കളങ്കവുമില്ലാത്ത കരുണയുടെ സ്വരൂപമുള്ളവൾ.

993. അജ്ഞാനധ്വാന്തദീപികാ=അജ്ഞാനമാകുന്ന ഇരുട്ടിനെ നശിപ്പിക്കുന്ന പ്രകാശസ്വരൂപിണി.

994. ആബാലഗോപവിദിതാ= ഹരിഹരന്മാർ തുടങ്ങി പാമരന്മാർ വരെ എല്ലാവരാലും അഹംപ്രത്യയേന അറിയപ്പെടുന്നവൾ.

995. സർവ്വാനുല്ലംഘ്യശാസനാ=ആരാലും തടുക്കാൻ സാധിക്കാത്ത ആജ്ഞാശക്തിയുള്ളവൾ.

996. ശ്രീചക്രരാജനിലയാ=ശ്രീചക്രത്തിൽ വസിക്കുന്നവൾ.

997. ശ്രീമത്ത്രിപുരസുന്ദരീ=ശ്രീമതിയായ പരമശിവശക്തി.

998. ശ്രീശിവാ=ശ്രീയുക്തയായ ശിവാ.

999. ശിവശക്ത്യൈക്യരൂപിണി = ശിവനും ശക്തിയും കൂടിച്ചേർന്നു (എള്ളിൽ എണ്ണ എന്നപോലെ അഭിന്നമായ രൂപമുള്ളവൾ.

1000. ലളിതാംബികാ= ലളിതാനാമധേയമുള്ള അംബികാ. ലളിതാപദത്തിന്നു സുന്ദരി, ക്രീഡിക്കുന്നവൾ എന്നർത്ഥം.

digitized by www.sreyas.in